# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA

വാല്യം - 6 ലക്കം : 04 ഏപ്രിൽ 2011 Annual Subscription Rs. 100/-


## തകർക്കാൻ ശ്രമിക്കുന്തോറും ഞങ്ങൾ ശക്തിയാർജ്ജിക്കും: നെതന്യാഹു





**ഇസ്രായേൽ:** പലസ്തീൻ തീവ്രവാദികൾ ഒരു ഇസ്രയേലി കുടുംബത്തിൽ അതിക്രമിച്ച് കടന്ന് 5 കുടുംബാംഗങ്ങളെ കൊന്നു. ഇസ്രയേലി റബ്ബിയും പട്ടാള ഓഫീസറുമായ യുഡിഫോജെൽ, ഭാര്യ രൂത്ത്, മക്കളായ യുവ്(11), എലാഡ് (4) ഹഡാസ് (3 മാസം) എന്നിവരാണ് കൊല്ലപ്പെട്ടത്. ഇസ്രായേൽ പ്രതിരോധ മന്ത്രി എഹൂദ് ബാറാക്കും, പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും സംഭവസ്ഥലം സന്ദർശിച്ചു. കൊല്ലപ്പെട്ടവരുടെ ബന്ധുക്കളെ സന്ദർശിച്ച പ്രധാനമന്ത്രി പതറാതെ പ്രതിസന്ധികളെ നേരിടുവാൻ യഹൂദ ജനതയെ ആഹ്വാനം ചെയ്തു. അവർ കൊന്നു എന്നാൽ നമ്മൾ പണിയും, യിസ്രായേൽ രാഷ്ട്രം ഇതുവരെ പണിതത് അനേകർ ജീവൻ കൊടുത്തും കഷ്ടതകൾ സഹിച്ചുമാണ്, എന്നാൽ അത് ഇത്രമേൽ ശ്രേഷ്ഠമായിരുന്നു എന്ന് ഇപ്പോഴാണ് മനസിലായത് എന്ന് പറഞ്ഞ പ്രധാനമന്ത്രി ജനങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ നിറുത്തുവാൻ പാലസ്തീനോട് ആവശ്യപ്പെട്ടു.

## പെന്തെക്കോസ്ത് പ്രസ്സ് അസോസിയേഷന് പുതിയ ഭാരവാഹികൾ



ബ്രദർ സി.വി. മാത്യു



പാസ്റ്റർ ജെ. ജോസഫ്



പാസ്റ്റർ ഷിബു കെ. മാത്യു

**തിരുവല്ല:** പെന്തെക്കോസ്ത് പത്ര ഉടമകളുടെയും പത്ര പ്രവർത്തകരുടെയും പൊതുവേദിയായ പെന്തെക്കോസ്ത് പ്രസ്സ് അസോസിയേഷന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. തിരുവല്ലയിൽ നടന്ന ജനറൽ ബോഡിയിലാണ് തെരഞ്ഞെടുപ്പ് നടന്നത്. ബ്രദർ തോമസ് വടക്കേക്കുറ്റ്, സുവി. പി.ഐ ഏബ്രഹാം (കാനം അച്ചൻ), പാസ്റ്റർ പി.എ. ഏബ്രഹാം മുംബൈ, കെ.എൻ. റസ്സൽ (അഡ്വൈസറി ബോർഡ്), ബ്രദർ സി.വി മാത്യു, (പ്രസിഡന്റ്), തോമസ് തോന്നയ്ക്കൽ, പാസ്റ്റർ ബേബി കടമ്പനാട് (വൈസ് പ്രസിഡന്റുമാർ), പാസ്റ്റർ ജെ. ജോസഫ് (ജനറൽ സെക്രട്ടറി), പാസ്റ്റർ സാംകുട്ടി മാത്യു, ബ്രദർ ഫിന്നി.പി.മാത്യു (സെക്രട്ടറിമാർ), പാസ്റ്റർ ഷിബു കെ. മാത്യു (ട്രഷറാർ), പാസ്റ്റർ രാജൂ ആനിക്കാട് (പ്രസ്സ് ക്ലബ് സെക്രട്ടറി), കമ്മറ്റി അംഗ

ശേഷം 3-ാം പേജിൽ


10 ഓന്തുകൾ — ക്രിസ്റ്റി പി. ജോൺ

2 സാത്താൻ സഭയുടെ അകത്തളങ്ങൾ — പാസ്റ്റർ ഷൈജു ഞാറയ്ക്കൽ

8 ഒരു ദൈവമനുഷ്യന്റെ ജീവചരിത്രം — തോമസ് മാണി

4 എബ്രായലേഖനം ഒരു പഠനം — പാസ്റ്റർ ഷിബു കെ. മാത്യു


## ദുരുപദേശം പ്രസംഗിച്ച് ആത്മാക്കളെ നേടരുത് : പാസ്റ്റർ എം. കുഞ്ഞപ്പി



പാസ്റ്റർ എം. കുഞ്ഞപ്പി ഗ്രാജുവേഷൻ സർവീസിൽ പ്രസംഗിക്കുന്നു.

**മുളക്കുഴ:** ദുരുപദേശം പ്രസംഗിച്ചും മോഹനവാഗ്ദാനങ്ങൾ നൽകിയും ശുശ്രൂഷകന്മാർ ആത്മാക്കളെ നേടരുതെന്ന് പാസ്റ്റർ എം. കുഞ്ഞപ്പി പ്രസ്താവിച്ചു. അനുഗ്രഹത്തിന്റെയും രോഗ സൗഖ്യത്തിന്റെയും ഓഫറുകൾ കൊടുക്കാതെ ജനത്തെ ഉപദേശം പഠിപ്പിച്ച് ദൈവവചനം പ്രസംഗിക്കുന്നവരായിരിക്കണം യഥാർത്ഥ ദൈവദാസന്മാർ. ചർച്ച് ഓഫ് ഗോഡ് മുളക്കുഴ മൗണ്ട് സയോൺ ബൈബിൾ സെമിനാരിയുടെ 83-ാംമത് ഗ്രാജുവേഷൻ സർവ്വീസിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. എജ്യുക്കേഷൻ ഡയറക്ടർ പാസ്റ്റർ പി.ജെ ജെയിംസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡോ.ജെയിസൺ തോമസ് മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർമാരായ ഷിബു കെ മാത്യു സുജു ജോൺ എന്നിവർ സമ്മേളനത്തിന് നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ എം ഓ ഏലിയാസ്, റ്റൈറ്റസ് നൈനാൻ, ബ്രദർ എബി തോമസ് എന്നിവർ ആശംസകൾ അറിയിച്ചു.

## ക്രൈസ്തവരെ അനുകൂലിച്ച പാക് മന്ത്രിയെ വെടിവെച്ച് കൊന്നു



ഷഹബാസ് ബട്ടി

**ഇസ്ലാമാബാദ്:** ക്രിസ്ത്യാനിയായ പാക്കിസ്ഥാൻ ക്യാബിനറ്റ് മന്ത്രി ഷഹബാസ് ബട്ടിയെ താലിബാൻ ഭീകരവാദികൾ വെടിവെച്ച് കൊന്നു. ഇസ്ലാം മതത്തിൽ നിന്നും ക്രിസ്ത്യാനിയായി തീർന്ന പാക്കിസ്ഥാനി വനിത അസിയ ബീവിയെ പാക്ക് ജുഡിഷ്യറി വധശിക്ഷക്ക് വിധിച്ചിരുന്നു. ഇസ്ലാമിന് പുറമെയുള്ള മറ്റെല്ലാ മത വിഭാഗങ്ങളെയും നഖശിഖാന്തം എതിർക്കുകയും വധശിക്ഷ നടപ്പാക്കുകയും ചെയ്യുന്ന പാക്കിസ്ഥാന്റെ ഇത്തരം മതഭ്രാന്തിനെ എതിർത്ത മന്ത്രിയായിരുന്നു ഷഹബാസ് ബട്ടി. താലിബാനിൽ നിന്നും അൽഖയ്ദയിൽ നിന്നും ഭീക്ഷണി നേരിട്ടിരുന്ന ഷഹബാസ് ബട്ടി ഭീക്ഷണി അടങ്ങിയ ടേപ്പ് റിക്കോർഡർ ബി.ബി.സിക്ക് കൈമാറിയിരുന്നു. മാർച്ച് 24-ാം തീയതി സുരക്ഷ സന്നാഹമില്ലാതെ സ്വന്തവാഹനത്തിൽ കുടുംബ വീട്ടിലേക്ക് പോകുമ്പോഴാണ് വെടിയേറ്റത്. ഷഹബാസ് ബട്ടിയുടെ ദാരുണ കൊലപാതകത്തിൽ ലോകത്താകമാനമുള്ള ക്രൈസ്തവർ പ്രതിഷേധിച്ചു. പാക്കിസ്ഥാനിലും ലോകത്തെ വിവിധ നഗരങ്ങളിലും ക്രൈസ്തവർ ദുഖാചരണം നടത്തി. കത്തോലിക്കാ സഭാംഗം ആയിരുന്ന ഷഹബാസ് പാക്കിസ്ഥാനിലെ ഏക ക്രൈസ്തവ മന്ത്രി ആയിരുന്നു.

## പഞ്ചായത്ത് കെട്ടിടപണിക്കിടെ ആരാധനാലയം തകർന്നു

**മുണ്ടക്കയം :** സ്ത്രീ ശാക്തികരണ കെട്ടിട നിർമ്മാണത്തിനു വേണ്ടി തമര് വെച്ച് പാറ പൊട്ടിക്കുന്നതിനിടയിൽ സമിപത്തുണ്ടായിരുന്ന സഭാ ഹാൾ തകർന്നു. ചർച്ച ഓഫ് ഗോഡ് വെംബ്ലി ഹാൾ ആണ് തകർക്കപ്പെട്ടത്. കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള പീരുമേട് ബ്ലോക്ക് പഞ്ചായത്തിന്റെ വകയായി സി.പി.എം ഭരിക്കുന്ന കൊക്കയാർ ഗ്രാമ പഞ്ചായത്തിൽ അനുവദിച്ച കെട്ടിട പണിയാണ് സഭാ ഹാൾ തകർത്തത്. 50 ഓളം വിശ്വാസികൾ ഇവിടെ കൂടി വരുന്നു. 1200 ൽ അധികം പ്രാദേശിക സഭകളും ലക്ഷകണക്കിന് വിശ്വാസികളും കേരളത്തിൽ ഉള്ള ചർച്ച ഓഫ് ഗോഡിന്റെ സഭാഹാളാണ് തകർക്കപ്പെട്ടത്.

## ദുരുപദേശം പ്രസംഗിക്കില്ല : ജോൺ ലോറൻസ്



**മുളക്കുഴ:** പെന്തക്കോസ്ത് സഭകൾ വിലക്കേർപ്പെടുത്തിയ ശുശ്രൂഷകന്മാരിൽ ഒരാളായ ജോൺ ലോറൻസ് ദുരുപദേശം പ്രസംഗിക്കില്ലെന്ന് രേഖാ മൂലം അറിയിച്ചു. ദൈവസഭാ ആസ്ഥാനാമായ മുളക്കുഴയിൽ സഭാ പാസ്റ്ററോടൊപ്പം എത്തിയ ജോൺ ലോറൻസ് താൻ ദുരുപദേശം പ്രസംഗിക്കില്ലെന്ന് രേഖപ്പെടുത്തിയ കത്ത് സഭാ നേതൃത്വത്തിന് സമർപ്പിക്കുകയായിരുന്നു.

## 16-ാമത് ദൈവസഭാ സമ്മേളനം ഒരുക്കങ്ങൾ പുരോഗമിക്കുന്നു

**ഡാളസ്:** ചർച്ച് ഓഫ് ഗോഡ് 16-ാമത് നോർത്തമേരിക്കൻ മലയാളി കോൺഫ്രൻസിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ജൂലൈ 7 മുതൽ 10 വരെ വെസ്റ്റിൻ ഡാളസ് ഫോർട്ട് വർത്ത് ഹോട്ടലിൽ വച്ച് നടക്കുന്ന കോൺഫ്രൻസിന്റെ തീം 'ഞങ്ങൾ യഹോവയെ സേവിക്കും' "We will serve the Lord (യോശുവ 24:15) എന്നതാണ്. പ്രഗൽഭരും പ്രശസ്തരുമായ പ്രസംഗകരാണ് ഈ പ്രാവിശ്യത്തെ കോൺഫ്രൻസിൽ ദൈവവചനം ശുശ്രൂഷിക്കുന്നത്. റവ. സതീഷ് കുമാർ (പ്രസിഡന്റ്), റവ. സണ്ണി ബി.മാത്യു (വൈസ് പ്രസിഡന്റ്), പ്രൊഫ. സുശീൽ മാത്യു (സെക്രട്ടറി), ഇവാ. ഏബ്രഹാം തോമസ് (ട്രഷറാർ), ബ്രദർ റ്റോമി ഏബ്രഹാം (യൂത്ത് കോർഡിനേറ്റർ) എന്നിവർ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ പ്രവർത്തിക്കുന്നു.

## എം.പി മോനിക്കുട്ടി ചാരിറ്റി സെക്രട്ടറി, അജി കുളങ്ങര വൈ.പി.ഇ സെക്രട്ടറി



എം.പി മോനിക്കുട്ടി



അജി കുളങ്ങര

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റിന്റെ ചാരിറ്റി& വെൽഫയർ ഡിപ്പാർട്മെന്റിന്റെ സെക്രട്ടറിയായി ഇളമ്പൽ സഭാംഗമായ ബ്രദർ എം.പി മോനിക്കുട്ടിയേയും, വൈ.പി.ഇ യുടെ സ്റ്റേറ്റ് സെക്രട്ടറിയായി കൗന്നിലം സഭാംഗമായ ബ്രദർ അജി കുളങ്ങരയേയും കേരളാ സ്റ്റേറ്റ് കൗൺസിൽ നിയമിച്ചു. വിൻ ഇൻഡ്യാ മിഷൻ പാർടണർഷിപ്പ് നെറ്റ് വർക്ക് ട്രസ്റ്റിന്റെ ഡയറക്ടറായബ്രദർ എം.പി മോനിക്കുട്ടി28 വർഷമായി ഒമാൻ പെന്തക്കോസ്തൽ അസംബ്ലിയുടെ സജീവ പ്രവർത്തകനായിരുന്നു.ഓ.പി.എ യുടെ ട്രഷറാറായും കൗൺസിൽ മെമ്പറായും പ്രവർത്തച്ചിട്ടുണ്ട്. മികച്ച സംഘാടകനായ അജി കുളങ്ങര വൈ.പി.ഇ കോട്ടയം സോണൽ കോ-ഓഡിനേറ്റർ, പാമ്പാടി ഡിസ്ട്രിക്ട് ഓർഗനൈസർ, സ്റ്റേറ്റ് ബോർഡ് മെമ്പർ എന്നി നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ചാരിറ്റി ഡയറക്ടറായി ബ്രദർ ജേക്കബ്ബ് ഇട്ടിയും വൈ.പി.ഇ പ്രസിഡന്റായി പാസ്റ്റർ വൈ. റെജിയും പ്രവർത്തിക്കുന്നു

YUGANTHYA SANDHESHAM

Patron
Rev. Shaji K. Daniel
Chief Editor
Rev. Shibu K. Mathew B.D. M.Th.
Managing Editor
Rev. J. Joseph
Manager
K.M. Jacob
General Editor
Christy P. John
Editorial Director
John P. Ninan
Circulation Manager
Jacob Itty
Sub Editor
Rev. A.T. Joseph
Office Manager
Pr. Shaiju Thomas
Contributing Editors
Rev. K. A. Oommen
Rev. Zack Varghese, Tulsa
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Lovegi Mathews Elias B.D.
Overseas Editors
Rev. John Thomas, Houston
Rev. Joe Kurian, England
Rev. P. P. Kurian
Nibu Vellavanthanam, Newyork
Rev. Babu M. John, Florida
Rev. Thomas C. Mathew, Kuwait
Rev. Joy Abraham U.A.E
Advisory Board
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
A. V. Philipose, Dallas
George Pappy, New York
K. Abraham Konni
Rev. T. Thomas
John C. Philip, Houston
Varghese George, Dubai
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese
Bro. Ninan Mathew UAE
Rev. P. C Cherian
Viju Thomas, Dallas
Co-ordinators
Kuwait: A.V. Sunny
Mathew Daniel
Abudhabi: Rev. P.T Prasad
Thomas Ninan
Dubai: Rev. Babu Cherian
Rev. Jose Mallissery
Sharjah: Rev. Jose George
Doha: Lalu Jacob
Saudi Arabia: C. C. Chacko
Saji Chacko
Reji C. Abraham
Philip Abraham
England: Rohit Joseph
Singapore: Manoj O. Jacob
Canada: Jaison Varghese
Jamaica: Mohan
Florida: Samjee Varghese
Dallas: Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
Houston: James Samuel
Tennassee: Thomas Chacko
Chicago: Alex Ninan
Detroit: Roy Markose
Philadelphia: Jacob Varghese
New Jersy: Rev. Rajan Skaria
New York:
Rev. Benchamin Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
Boston: Vinod
Washington Siatil:
Rev. M. G. Abraham
Okalahoma: Wilson John
California: Reni

Yuganthya Sandhesham
P.O. Box - 66
Thiruvalla - 1
Ph : 0469-2602838
Mob : 9349918737
E-mail:ysandhesham@saintly.com

**പത്രാധിപലേഖനം**

# തെരഞ്ഞെടുപ്പും ക്രൈസ്തവ സമീപനവും



പാസ്റ്റർ ജെ. ജോസഫ്

**ലോ**കത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഭാരതത്തിലെ അഞ്ചു സംസ്ഥാന നിയമ സഭകളിലേക്കുള്ള തെരഞ്ഞെടുപ്പ് ഏപ്രിൽ 11 മുതൽ നടക്കുകയാണല്ലോ. ഈ തെരഞ്ഞെടുപ്പ് പ്രത്യക്ഷത്തിൽ ഇൻഡ്യൻ രാഷ്ട്രീയത്തിൽ വലിയ ചലനങ്ങൾ ഉണ്ടാക്കുകയില്ലായെങ്കിലും ബംഗാൾ, കേരളം തുടങ്ങി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം കൊടുക്കുന്ന ഇടതു പക്ഷ മുന്നണികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കുന്നു എന്നതിനാൽ വലിയ പ്രാധാന്യമുണ്ട്. പ്രത്യേകാൽ കഴിഞ്ഞ മുപ്പതു വർഷമായി ഇടതു പക്ഷം തുടർച്ചയായി പശ്ചിമബംഗാളിൽ ഭരിക്കുന്നു എന്നത് ശ്രദ്ധേയമായ കാര്യമാണ്. എന്നാൽ ഈ പ്രാവശ്യം അവർക്കു കാര്യങ്ങൾ എളുപ്പമാകുമെന്നു തോന്നുന്നില്ല. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിലും ഇടതുപക്ഷ കോട്ടകൾ പലതും തകിടം മറിഞ്ഞു. കേന്ദ്ര റെയിൽവേ മന്ത്രി മമതാ ബാനർജിയുടെ തൃണമൂൽ കോൺഗ്രസും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും അവിടെ തിരിച്ചു വരവിന്റെ പാതയിലാണ്. എത്ര വർഷം ജനങ്ങളെ അടക്കി ഭരിച്ചാലും സാധാരണക്കാർക്ക് ഉപകാര പ്രദമായ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുന്നില്ലായെങ്കിൽ ജനം തിരസ്ക്കരിക്കും എന്നുള്ളത് ഭരണ കർത്താക്കൾക്കു ഒരു പാഠമാകണം. പാവപ്പെട്ടവരുടെ ഉന്നമനത്തിന്റെ പേരു പറഞ്ഞ് അധികാരത്തിലെത്തിക്കഴിഞ്ഞാൽ അവരെ മറന്ന് ഉന്നതർക്കു പരവതാനി വിരിക്കുവാൻ ഇടവന്നാൽ നന്ദിഗ്രാം പോലെയുള്ള ബൂമറാങ്ങുകൾ ഭരണ വർഗ്ഗത്തെ കാത്തിരിക്കുന്നുണ്ട്.

കേരളത്തിൽ ചില വർഷങ്ങളായി രണ്ടു മുന്നണികളെ മാറി മാറി ജനം പരീക്ഷിക്കുകയാണ്. പശ്ചിമ ബംഗാളിലെപ്പോലെ ഭരണ തുടർച്ചയ്ക്കു ഇടതുപക്ഷം ശ്രമം തുടങ്ങിയിട്ടു നാളു കുറെയായി. പക്ഷെ ഇന്നും വഞ്ചി തിരുനക്കരെ തന്നെയാണ്. എന്നാൽ ഇക്കുറി ചരിത്രം തിരുത്തിക്കുറിക്കുവാൻ ഭരണക്കാർ കൊണ്ടു പിടിച്ചു ശ്രമിക്കുകയാണ്. അതു വിജയിക്കുന്ന ലക്ഷണമൊന്നും കാണുന്നില്ല. കഴിഞ്ഞ പാർലമെന്റ് പഞ്ചായത്തു തെരഞ്ഞെടുപ്പു ഫലങ്ങൾ നൽകുന്ന സൂചന ഇങ്ങനെ ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷം ലഭിച്ചിട്ടും പ്രകടന പത്രികയിലെ ഒട്ടുമിക്ക വാഗ്ദാനങ്ങളും വാഗ്ദാനങ്ങളായിത്തന്നെ നിലനില്ക്കുമ്പോൾ ഭരണ തുടർച്ചയെന്നത് കേവലം മരീചിക മാത്രമായി പരിണമിക്കുവാനാണ് സാദ്ധ്യത.

അഞ്ചു വർഷത്തിലൊരിക്കൽ ഭരണ മാറ്റമെന്ന കേരള ജനതയുടെ ഈ പക്വമായ നിലപാട് ഏതെങ്കിലും മുന്നണിയോ പാർട്ടിയോ തമ്മിൽ ഭേദമാണെയെന്ന ചിന്തയിൽ നിന്നല്ല മറിച്ച് അവർക്കു മുമ്പിൽ മറ്റൊരു പരിഹാര മാർഗ്ഗമില്ലായെന്നതിനാലാണ്. ഇൻഡ്യയിലെ പ്രത്യേകാൽ കേരളത്തിലെ രാഷ്ട്രീയക്കാരെല്ലാം ഒരേ തൂവൽ പക്ഷികളാണ്. തങ്ങളുടെ സ്വന്ത ഇഷ്ടം മാത്രമാണവരുടെ മാനിഫെസ്റ്റോ. തെരഞ്ഞെടുപ്പു വരുമ്പോൾ മാത്രമാണിവർ മറ്റുള്ളവരെ ഓർക്കുന്നതു തന്നെ.

നിയമ സഭയിലേക്കുള്ള തെരഞ്ഞെടുപ്പ് എന്ന നിലയിൽ സാധാരണക്കാരുടെ വികസന സ്വപ്നങ്ങളാണ് ഇവിടെ വിലയിരുത്തപ്പെടേണ്ടത്. അടിസ്ഥാന സൗകര്യങ്ങളായ ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം തുടങ്ങിയ നാടിന്റെ ആവശ്യങ്ങൾ വികസന പാതയിലൂടെ വിജയത്തിലെത്തിക്കുവാൻ ആർജ്ജവവും വ്യക്തമായ കാഴ്ചപ്പാടും സാധാരണക്കാരോടു പ്രതിബദ്ധതയുമുള്ള നേതാക്കന്മാർ സ്ഥാനാർത്ഥികളാകുവാനുള്ള അവസരം പാർട്ടികളുണ്ടാക്കണം. വർഗ്ഗ, ജാതി, മത വീതം വയ്ക്കലിന്റെ പേരിൽ ആർക്കും വേണ്ടാത്തവരെ കെട്ടിവെയ്ക്കുന്ന മുന്നണികളുടെയും പാർട്ടികളുടെയും നിലപാടുകൾക്ക് മാറ്റം വരണം. ദീർഘ വീക്ഷണമുള്ള യുവാക്കളെ കണ്ടെത്തി ജനത്തിനു മുമ്പിൽ നിർത്തുവാനുള്ള ആർജ്ജവം പാർട്ടികൾ കാണിക്കണം. മുകളിൽ സൂചിപ്പിച്ച കെട്ടിവയ്ക്കലിന്റെ പൊട്ടലും ചീറ്റലും ഈ വൈകിയ വേളയിൽ പോലും മുന്നണികളെ കുഴയ്ക്കുന്നുണ്ട്. ഏത് കുറ്റിച്ചൂലും ജയിക്കുന്ന കാലം കഴിഞ്ഞു. ജനകീയ വിഷയങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്ന സാമാന്യ ജനങ്ങളുമായി ബന്ധമുള്ളവരെ സ്ഥാനാർത്ഥികളാക്കണം.

ദൈവമക്കൾ തെരഞ്ഞെടുപ്പിനെ ഉദാസീനമായി സമീപിക്കരുത്. രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിന്ന് കഴിവതും ഒഴിഞ്ഞിരിക്കുവാൻ ശ്രമിക്കുന്നതിനൊപ്പം നമ്മെ ആരു ഭരിക്കണമെന്ന കാര്യത്തിൽ വിശാല കാഴ്ചപ്പാടുള്ളവരുമായിരിക്കണം. തെരഞ്ഞെടുപ്പും വോട്ടവകാശവും നമുക്കു നിഷിദ്ധമല്ല. സുവിശേഷ പ്രവർത്തനങ്ങൾക്കും ആരാധനയ്ക്കും സ്വാതന്ത്ര്യം ലഭിക്കേണ്ടതു പൗരന്മാർ എന്ന നിലയിൽ നമ്മുടെ അവകാശമാണ്. അതിനു ഹാനി വരുത്തുന്ന യാതൊരു ശക്തിക്കും. നാം അധീനപ്പെടരുത്. നമ്മുടെ സംസ്ഥാനത്തു സമാധാനം നിലനില്ക്കണം. ഇവിടെ വർഗ്ഗീയ തീവ്രവാദികൾ തല ഉയർത്തി കൂടാ. താല്ക്കാലിക വരട്ടു വാദങ്ങൾ അവസരത്തിനൊത്ത് എടുക്കുന്നവരെക്കാൾ ദേശീയ കാഴ്ചപ്പാടുള്ള, ഭാരതത്തിന്റെ ഐക്യതയ്ക്കും അഖണ്ഡതയ്ക്കും വേണ്ടി നിലകൊള്ളുന്ന ദേശീയ പ്രസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്നവർ ഭരണത്തിൽ വരണം. അതിനു നാം നമ്മുടെ സമ്മതിദാനാവകാശം നഷ്ടപ്പെടുത്താതെ വിനയോഗിക്കുകയും പ്രത്യേകം പ്രാർത്ഥിക്കുകയും വേണം. ദൈവമക്കളെ തിരിച്ചറിയുന്ന, ദൈവ ശക്തിയിൽ ആശ്രയിക്കുന്നവർ ജയിച്ചു വരട്ടെ.

# സാത്താന്യ സഭയുടെ അകത്തളങ്ങളിലേക്ക്

**ദൈവത്തിന്റെ സ്വന്തം നാട്ടിലെ പ്രമുഖ നഗരങ്ങൾ സാത്താൻ സഭയുടെ വലകണ്ണികളിൽ കുരുങ്ങുന്നു. പാശ്ചാത്ത്യരാജ്യങ്ങളിൽ മാത്രം പ്രചരിച്ചിരുന്ന ഈ അധാർമ്മിക പ്രവർത്തനം ഇന്ത്യയിൽ ശക്തമായിക്കൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മുംബെയിലും ഡൽഹിയിലും ഉള്ള നിശാക്ലബുകളുടെ മറപറ്റി ഇന്ത്യയിൽ രംഗപ്രവേശം ചെയ്ത സാത്താൻ സഭ ബാംഗ്ലൂരിലും സജീവമായതോടെയാണ് കേരളത്തിലേക്കും വ്യാപിച്ചത്. യുവാക്കളിലെ സംഗീതതാൽപര്യവും ഫാഷൻ ഭ്രമവും മുതലെടുത്താണ് ഇവർ പദ്ധതികൾ ആവിഷ്കരിക്കുന്നത്. കേരളത്തിൽ പാലാ, കോട്ടയം, തിരുവനന്തപുരം, തിരുവല്ല, കോഴഞ്ചേരി, കൊച്ചി എന്നീ പ്രദേശങ്ങളിലാണ് പ്രധാനമായും സാത്താൻ സഭ കൂടുന്നത്. അനേക യുവാക്കൾ സാത്താന്യ സഭയിലേക്ക് ആകർഷിക്കപ്പെടുന്നതിനാൽ സാത്താൻ സഭയുടെ അകത്തളങ്ങളെക്കുറിച്ച് യുഗാന്ത്യസന്ദേശം നടത്തിയ അന്വേഷണ പരമ്പര.**



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

**സാത്താന്യ സഭയുടെ സുപ്രാധാന ആചാര്യന്മാർ.**

ആന്റൺ ലാവി-സ്ഥാപകൻ പ്രധാന ആചാര്യൻ 1966 മുതൽ 1997 വരെ. ഡയാന ഹെഗത്തി-സഹ സ്ഥാപക-പ്രധാന ആചാര്യ 1966 മുതൽ 1984 വരെ. ബ്ലൻച്ചേ ബാർട്ടൻ- ആന്റൺ ലാവിയുടെ പ്രധാന സഹായി-പ്രധാന ആചാര്യ 1997 മുതൽ 2002 വരെ ഇപ്പോൾ മാജിസ്ട്രേ ടെമ്പിളിൽ ഉണ്ട്. പീറ്റർ എച്ച് ഗ്ലിമോർ ഇപ്പോഴത്തെ പ്രധാന ആചാര്യൻ 2001 മുതൽ പെഗ്ഗി നദ്രാമിയ-പ്രധാന ആചാര്യ 2002 മുതൽ

**ഒൻപത് ദൂതന്മാരുടെ ക്രമം**

സാത്താന്യ സഭയുടെ പരമാധികാര സമിതിയാണിത് പ്രധാന പുരോഹിതൻ അദ്ധ്യക്ഷനായി ആകെ ഒൻപത് അംഗങ്ങളാണ് ഇതിൽ ഉളളത്.ഒരു വ്യക്തിക്ക് സഭയിൽ അംഗത്വം നൽകുന്നതിനും, ആവശ്യം വന്നാൽ സാത്താന്യ സഭാ അംഗത്വം ഇല്ലാതാക്കുന്നതടക്കം ഉള്ള എല്ലാ സുപ്രാധാന തീരുമാനങ്ങളും കൈകൊള്ളുന്നതും, സാത്താന്യ സഭയുടെ പുരോഹിതന്മാരെ നിയമിക്കുന്നതും ഈ സമിതിയാണ്.

**സാത്താന്യ സഭയടെ വിശ്വാസം**

സാത്താന്യ സഭ സാത്താനെയും മറ്റ് പ്രകൃതാതീത ശക്തികളെ ആരാധിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു.എന്നാൽ സഭയുടെ ഏറ്റവും വലിയ വിശ്വാസം ഒരോ മനുഷ്യനും അവരവരുടെ ദൈവമാണ്. ഒരുവൻ ദൈവപ്രസാദം ആഗ്രഹിക്കുന്നുവെങ്കിൽ അവൻ മറ്റൊന്നും പ്രവർത്തിക്കേണ്ട ആവശ്യമില്ല മറ്റാരെയും തേടി പോകേണ്ടതിന്റെ ആവശ്യവും ഇല്ല ഒരുവന് കഴിയുന്നത്രയും അവനവന്റെ ശരീരത്തെ ഏതൊക്കയോ വിധത്തിൽ സന്തോഷിപ്പിക്കാമോ അപ്രാകാരം സന്തോഷിപ്പിക്കുക മാത്രം ചെയ്താൽ മതി.

സാത്താനെ ആരാധിക്കേണ്ടതിന്റെ ആവശ്യകത ദൈവത്തേക്കാൾ സ്നേഹവാൻ സാത്താനാണ് എന്നതാണ്, ദൈവം പലതിനും വിലക്ക് ഏർപ്പെടുത്തുമ്പോൾ ലോകസുഖങ്ങളിൽ പലതും അനുഭവിക്കുവാൻ മനുഷ്യനെ അനുവദിക്കാതിരിക്കുമ്പോൾ യാതൊരു നിയന്ത്രണവും കൂടാതെ നിനക്ക് ആവശ്യമുള്ളതൊക്കെയും നൽകി തന്നെ നിന്നെ സാത്താൻ സ്നേഹിക്കുന്നു. ഉദാഹരണം ഏദെൻ തോട്ടത്തിൽ ദൈവത്തെ പോലെ ആകും എന്നതു കൊണ്ട് നന്മ തിന്മകളുടെ വൃക്ഷത്തിന്റെ ഫലം തിന്നുന്നതിൽ നിന്നും ദൈവം മനുഷ്യന് വിലക്കേർപ്പെടുത്തിയപ്പോൾ മനുഷ്യന് അത് തിന്നുവാൻ കൊടുത്തത് സാത്താനാണ്. അതിന്റെ പരിണിത ഫലമായി മനുഷ്യന്റെ കണ്ണു തുറന്നു ജ്ഞാനം പ്രാപിച്ചു, ദൈവം തന്നെ സാക്ഷ്യം പറഞ്ഞതു പോലെ മനുഷ്യൻ ദൈവത്തെപോലെയായി. അതിന് മനുഷ്യനെ സഹായിച്ചത് സാത്താനാണ് അതുകൊണ്ട് സാത്താനെ ആരാധിക്കണം.

സാത്താന്യ ബൈബിളിന്റെ ഉപദേശ പ്രകാരം ഈ ലോകത്തിന്റ ദൈവമാണ് സാത്താൻ,പ്രകൃതിയുടെ നിയന്ത്രണ ശക്തിയും സാത്താനാണ്. ഈ ലോകവും അതിന്റെ പ്രതാപവും മഹത്വവും സാത്താനുള്ളതാണ്, ആര് സാത്താനെ നമസ്കരിക്കുന്നുവൊ അവർക്ക് സാത്താൻ ഇതെല്ലാം നൽകി കൊടുക്കും.അതുകൊണ്ട് സാത്തനെ ഈ ലോകത്തിനാവശ്യമാണ്.

ലോകത്തിലുള്ള മനുഷ്യന് ധനം, മാനം, കീർത്തി എന്നിവ നൽകി കൊടുക്കുവാൻ സാത്താൻ തയ്യാറാണ്.ആര് സാത്താനെ ആരാധിക്കുവാൻ തുടങ്ങിയാലും, ആ വ്യക്തിയുടെ ഭൗതിക ശരീര മണ്ഡലത്തിൽ ആവശ്യമാകുന്നതൊക്കയും നൽകി തരുന്നത് ദൈവത്തേക്കാളുപരി സാത്താനാണ്.

ദൈവത്തേപ്പോലും ഒരു കാലത്ത് സംഗിതത്തിലൂടെ സന്തോഷിപ്പിക്കുന്നതിന് സാദ്ധ്യമായെങ്കിൽ മനുഷ്യനെ സന്തോഷിപ്പിക്കുന്നതിനാവാശ്യമായതൊക്കെയും സാത്താൻ മനുഷ്യന് നൽകി തരുവാൻ പ്രതിജ്ഞാബദ്ധനാണ്.

ആത്മാവിനെക്കാൾ ശരിരത്തിനാണ് പ്രധാന്യം ആത്മാവ് ഉണ്ടോ ഇല്ലയോ എന്നത് ഒരുവൻ കാര്യമാക്കേണ്ടതില്ല കാരണം ആത്മാവിനെ ആരും ഒരു നാളും കണ്ടിട്ടില്ല. ദൃശ്യമാകുന്നത് ശരിരം മാത്രമാണ് അതിനാൽ ശരിരം മാത്രമാണ് സുനിശ്ചിതം.

**സാത്താന്യ സഭയും കുറ്റകൃത്യങ്ങളും**

സാത്താന്യ സഭയ്ക്ക് കുറ്റകൃത്യങ്ങൾ സഭയുടെ ആചാരത്തിന്റെ ഭാഗം മാത്രമാണ്.മനുഷ്യ ബലി, പ്രധാനമായും കുഞ്ഞുങ്ങളെ ബലിയർപ്പിക്കുന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ ആചാരപരമായി ഒരിക്കലും മാറ്റി നിർത്തുവാൻ കഴിയാത്തതാണ്. എന്തുകൊണ്ടെന്നാൽ ലോക സുഖം നേടുന്നതിനും ലോകത്തിലുള്ള സന്തോഷങ്ങൾ ലഭിക്കുന്നതിനും ആര് എന്തു തന്നെ പ്രവർത്തിച്ചാലും അത് ഒരിക്കലും പാപം ആകുന്നില്ല. ലോകസുഖത്തിന് ഏറ്റവും വേണ്ടത് കുലപാതകം, അശ്ലീല സാഹിത്യ പ്രചാരണം, വേശ്യവൃത്തി എന്നിവയാണ്. സാത്താന്യ സഭ നേരിട്ട് ചെയ്ത രണ്ട് കുറ്റകൃത്യങ്ങൾ ലോകശ്രദ്ധ നേടുവാൻ ഇടയായി 1980–90കളിൽ അമേരിക്കയിൽ കുട്ടികളെ ലൈംഗീക ചൂഷണത്തിന് വിധേയമാക്കിയ കെൻ കൺട്രീസ് ചൈൽഡ് സെക്സ് അബ്യൂസ് കേസും, ജോർദാനിൽ അശ്ലീല സാഹീത്യ രചന നടത്തുന്നതിനിടയിൽ മിത്രസോട്ടിൽ പിടിയിലായ 24 കൗമാരക്കാരുടെ കേസും ലോകത്തിലാകാമാനം ചർച്ച ചെയ്യപ്പെട്ടു.സാത്താന്യ സഭ ലോകസുഖത്തിനും സന്തോഷങ്ങൾക്കും മുൻഗണന കൊടുക്കുന്നതിനാൽ, അവർ ജീവിക്കുന്ന രാജ്യത്തിന്റെ നിയമങ്ങൾക്ക് അവർ യാതൊരു പരിഗണനയും കൊടുക്കുകയോ അത് അനുസരിക്കുന്നതിന് കൂട്ടാക്കുകയോ ചെയ്യുന്നില്ല.

**ലെസ്സർ മാജിക്ക്**

ശരിരത്തിന്റെ സുഖത്തിന് വേണ്ടി സാത്താന്യ സഭയുടെ അനുഭാവി ചെയ്യേണ്ട ഏറ്റവും പ്രധാനമായ ഒന്നാണ് ലെസ്സർ മാജീക്ക്. മാനസ്സിക സന്തോഷത്തിനായ് മാനസ്സീക മണ്ഡലത്തിൽ ഇഷ്ടമുള്ള രസാനുഭവം ഉളവാക്കുന്നത് മാത്രം ചിന്തിക്കുക. ശരീരം എന്താണോ ആവശ്യപ്പെടുന്നത് പ്രധാനമായും ലൈംഗികത അതിനാവശ്യമായ മനോവികാരം അത്ഭുതകരമായി നൽകികൊടുക്കുക എന്നതാണിത്. സാത്താന്യ സഭയ്ക്ക് ലൈംഗീകത എന്നത് വികാരത്താലും,ഉദ്ദീപന ചിന്തകളാലും നിറം പിടിപ്പിക്കപ്പെടുകയും,ചെയ്തിരിക്കുന്നതാണ്. ആയതിനാൽ ഒരുവൻ എന്തു വില കൊടുത്തും ഇഷ്ടപ്പെട്ട ലൈംഗികത നേടുന്നതിന് സ്വയം തന്നെ തന്നെ സമർപ്പിച്ച് ശരിരത്തേക്കാൾ വികാരത്തിന് ഇടം കൊടുത്ത് അതിൽ ലയിച്ച് ഇല്ലാതായി തീരുക എന്നാതാണിത്.

# വൈ.പി.ഇ സമ്മർ ക്യാമ്പ് പത്തനംതിട്ടയിൽ


പാസ്റ്റർ വൈ. റെജി


പാസ്റ്റർ ബെൻസൻ മത്തായി


പാസ്റ്റർ പി. ആർ. ബേബി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് വൈ.പി.ഇ സമ്മർ ക്യാമ്പ് ഏപ്രിൽ 14, 15 തീയതികളിൽ പത്തനംതിട്ട പുത്തൻപീടിക എ.ജി.റ്റി. ഓഡിറ്റോറിയത്തിൽ വെച്ച് നടക്കും. പ്രസിഡന്റ് പാസ്റ്റർ വൈ റെജി ഉദ്ഘാടനം ചെയ്യുന്ന ക്യാമ്പിൽ പാസ്റ്റർമാരായ എം കുഞ്ഞപ്പി, ബെൻസൻ മത്തായി(ദോഹ) പി ആർ ബേബി എന്നിവർ പ്രധാന പ്രസംഗകരായിരിക്കും. കൂടാതെ ദൈവ സഭയിലെ മറ്റ് ദൈവദാസന്മാരും വിവിധ സെക്ഷനുകളിൽ ക്ലാസുകൾ നയിക്കും. രജിസ്ട്രേഷൻ ഫീസ് 200/രൂപാ.

# മലബാർ സോണൽ കൺവൻഷൻ

**പാലക്കാട്;** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് മലബാർ സോണൽ കൺവൻഷൻ ഏപ്രിൽ 13 – 15 വരെ പാലക്കാട് ടൗൺ ഹോളിൽ നടക്കും. സോണൽ ഡയറക്ടർ പാസ്റ്റർ മാത്യു കെ ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം കുഞ്ഞപ്പി, പാസ്റ്റർ പി.സി ചെറിയാൻ, പാസ്റ്റർ ജേബോയ് റ്റി ഐസക്ക്, പാസ്റ്റർ സ്പർജൻ വിക്ടർ, പാസ്റ്റർ ഷിബു കെ മാത്യു, സിസ്റ്റർ ഏലിയാമ്മ വർഗീസ് എന്നിവർ ദൈവവചനം ശുശ്രുഷിക്കും യൂണിവേഴ്സൽ വോയ്സും പ്രശസ്ത ഗായകൻ തഞ്ചാവൂർ വില്യംസും ഗാനശുശ്രുഷക്ക് നേതൃത്വം നൽകും.

# ട്രൂ ലൈറ്റ് ഫെസ്റ്റിവൽ

**കറ്റാനം;** ട്രു ലൈറ്റ് അസംബ്ലി ഓഫ് ഗോഡ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ 2011 ഏപ്രിൽ 21, 22, 23, തീയതികളിൽ ട്രൂ ലൈറ്റ് ഫെസ്റ്റിവൽ കറ്റാനം തഴവാമുക്ക് ജംഗ്ക്ഷനു സമീപം നടക്കും. പാസ്റ്റർമാരായ കെ.ജെ. മാത്യു പുനലൂർ, ജോർജ്ജ് പി ചാക്കോ യു എസ്.എ, ജോൺസൻ ചാക്കോ കുമളി എന്നിവർ പ്രസംഗിക്കും.തഞ്ചാവൂർ വില്യംസിന്റെ നേതൃത്വത്തിൽ ട്രൂ ലൈറ്റ് വോയ്സ് ഗാനങ്ങൾ ആലപിക്കും

# സ്റ്റേറ്റ് കൺവൻഷൻ ഭാരവാഹികളെ തെരഞ്ഞെടുത്തു

**കുമ്പനാട്:** ഐ.പി.സി കേരളാ സ്റ്റേറ്റിന്റെ പ്രഥമ കൺവൻഷൻ ഭാരവാഹികളെ കോഴിക്കോട് ഫിലദെൽഫിയ ഹാളിൽ കൂടിയ യോഗത്തിൽ തെരഞ്ഞെടുത്തു പാസ്റ്റർ കെ.എം ജോസഫ് (ജനറൽ കൺവീനർ) പാസ്റ്റർ കെ.സി തോമസ് (ജനറൽ കോ–ഓഡിനേറ്റർ) പാസ്റ്റർ ഫിലിപ്പ് പി തോമസ് (പ്രോഗ്രാം കൺവീനർ) പാസ്റ്റർ ഷിബു നെടുവേലിൽ (പബ്ലിസിറ്റി) സഹോദരന്മാരായ പി.എം ഫിലിപ്പ്, കുര്യൻ ജോസഫ് (ഫിനാൻസ് കൺവീനേഴ്സ്) എന്നിവരെയാണ് തെരഞ്ഞെടുത്തത്.

# പി.സി.എൻ.എ.കെ സമ്മേളനത്തിലേക്ക് ഗായകരെ ക്ഷണിക്കുന്നു

നിബു വെള്ളവന്താനം

**ന്യൂയോർക്ക്:** ഒക്‌ലഹോമയിൽ നടക്കുന്ന നോർത്ത് അമേരിക്കൻ മലയാളി പെന്തക്കോസ്ത് സമ്മേളനത്തിൽ പ്രത്യേക സംഗീത ശുശ്രുഷ നടക്കും. മലായാളി പെന്തക്കോസ്ത് ഗായകരെ കണ്ടെത്തി അവരുടെ താലന്തുകൾ അനേകർക്ക് അനുഗ്രഹപ്രദമാകേണ്ടതിനു വേണ്ടിയാണ് സംഗീതശുശ്രുഷ സംഘടിപ്പിക്കുന്നതെന്ന് നാഷണൽ മ്യൂസിക്ക് കോ–ഓഡിനേറ്റർ ഇവാ.മോഹൻ കാഞ്ഞിരമണ്ണിൽ അറിയിച്ചു. ജൂൺ 30 മുതൽ ജൂലൈ 3 വരെ ഒക്‌ലഹോമ കോക്സ് കൺവൻഷൻ സെന്ററിൽ വച്ചാണ് 29–ാമത് നോർത്ത് അമേരിക്കൻ മലായാളി പെന്തക്കോസ്ത് കോൺഫറൻസ് നടക്കുന്നത്. പങ്കെടുക്കാവാൻ ആഗ്രഹിക്കുന്ന ഗായക സംഘങ്ങൾ മുൻ കാലങ്ങളിൽ ആലപിച്ചിട്ടുള്ള ഗാനങ്ങളുടെ സിഡികളും സംഗീത രചനകളും മെയ് 31 നകം താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയയ്ക്കുക; മോഹൻ കാഞ്ഞിരമണ്ണിൽ. P.B No: 464957, Lawrenceville, GA-30042, USA email:sadhumoansing@yahoo.com കൂടുതൽ വിവരങ്ങൾക്ക് : തോമസ് എം.കിടങ്ങാലിൽ– 516 978 7308 ഷാജി മണിയാറ്റ്– 214 929 4310 മോഹൻ കാഞ്ഞിരമണ്ണിൽ–770 846 1370

# യൂത്ത് മിഷൻ വാർഷീക സമ്മേളനം

**തമിഴ്നാട്:** തമിഴ്നാട് യൂത്ത് മിഷന്റെ നേതൃത്വത്തിൽ ഏകദിന സമ്മേളനം നാഗർകോവിൽ വൈ.എം.സി.എ ഹാളിൽ ഏപ്രിൽ 23 ന് നടക്കും. പാസ്റ്റർ ബിനു ജേക്കബ് പ്രസംഗിക്കും. പാസ്റ്റർമാരായ ബാബു പോൾ, അനിൽ കുര്യൻ ക്രിസ്റ്റഫർ എന്നിവർ നേതൃത്വം നൽകും.

# ഡിസ്ട്രിക്ട് കൺവൻഷൻ

**ആലുവാ;** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ആലുവാ ഡിസ്ട്രിക്ട് കൺവൻഷൻ ഏപ്രിൽ 21 മുതൽ 24 വരെ പറവൂർ ടൗൺ ഹോളിൽ വെച്ച് നടക്കും. ഡിസ്ട്രിക്ട് പാസ്റ്റർ വൈ റെജി നേതൃത്വം കൊടുക്കുന്ന കൺവൻഷനിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം കുഞ്ഞപ്പി, ഡോ.കെ.ഓ മാത്യു (നാഷണൽ ഓവർസിയർ യു.എ.ഇ), റവ. പി.ഐ ഏബ്രഹാം, പാസ്റ്റർമാരായ പി.സി ചെറിയാൻ, പി ആർ ബേബി, ഷിബു കെ മാത്യു, എന്നിവർ ദൈവവചനം ശ്രുശ്രുഷിക്കും. പ്രശസ്ത ഗായകൻ സാംസൺ ചെങ്ങന്നൂർ ഗാന ശുശ്രുഷക്ക് നേതൃത്വം നൽകും.

# മലയാളി പെന്തക്കോസ്ത് സഹോദരി സമ്മേളനം

**ന്യൂയോർക്ക്:** നോർത്ത് അമേരിക്കൻ മലയാളി പെന്തക്കോസ്ത് കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ ഒക്‌ലഹോമ കോക്സ് കൺവൻഷൻ സെന്ററിൽ ജൂലൈ 1,2 തീയതികളിൽ സഹോദരി സമ്മേളനം നടക്കും നാഷണൽ കോ–ഓഡിനേറ്റർമാരായ സിസ്റ്റർ മോളി ഫിന്നി മാത്യു, ഗ്രേസി കോശി എന്നിവർ നേതൃത്വം നൽകും.സമ്മേളനത്തിൽ സിസ്റ്റർ മറിയാമ്മ തമ്പി (കേരളം) ഡോ.അസ്ട്രീഡ് (ശ്രീലങ്ക) എന്നിവർ മുഖ്യ പ്രഭാഷണം നടത്തും.കോൺഫറൻസ് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചതായി ദേശീയ ഭാരവാഹികളായ റവ. തോമസ് മാത്യു, തോമസ് എം കിടങ്ങാലിൽ ഷാജി മണിയാറ്റ്, ടൈറ്റസ് ഈപ്പൻ എന്നിവർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക www.pcnak.com

# ഡൽഹി ഗുഡ്ന്യൂസ് ഫെസ്റ്റിവെൽ

**ഡൽഹി:** ഗ്രെയ്റ്റ് കമ്മിഷൻ പ്രയർ ഫെലോഷിപ്പിന്റെയും ഡൽഹിയിലും യു.പി. യിലുമുള്ള വിവിധ പെന്തക്കോസ്ത് സഭകളുടെയും ആഭിമുഖ്യത്തിൽ നടക്കുന്ന ഗുഡ്ന്യൂസ് ഫെസ്റ്റിവെൽ ഏപ്രിൽ 8 – 10 വരെ മയുർ വിഹാർ 3-ഡി.ഡി.എ പാർക്ക് മൈതാനത്തു നടക്കും. ഡബ്ല്യു.എം.ഇ സഭകളുടെ ജനറൽ പ്രസിഡന്റും പെന്തക്കോസ്ത് ഇന്റർ ചർച്ച് കൗൺസിൽ സെക്രട്ടറിയുമായ പാസ്റ്റർ ഓ.എം രാജുക്കുട്ടി പ്രസംഗിക്കും. കർത്താവിന്റെ മടങ്ങി വരവും അനന്തര സംഭവങ്ങളും എന്നതാണ് ചിന്താവിഷയം. പാസ്റ്റർ വി.എം ഏലിയാസ്, പാസ്റ്റർ രാധകൃഷ്ണൻ, പി.കെ ബേബി, പാസ്റ്റർ ഇമ്മാനുവേൽ എന്നിവർ കൺവീനർമാരായി പ്രവർത്തിക്കുന്നു.ജിജി സാമിന്റെ നേതൃത്വത്തിലുള്ള ഗായകസംഘം ഗാനങ്ങൾ ആലപിക്കും. ഡൽഹിയിലും പരിസര പ്രദേശങ്ങളിലുമുള്ള വിവിധ പെന്തക്കോസ്ത് സഭകൾ നേതൃത്വം നൽകും.

# പെന്തെക്കോസ്ത് പ്രസ്സ് അസോസിയേഷൻ നിലവിൽ വന്നു

1–ാം പേജ് തുടർച്ച

ങ്ങളായി ഷാജി തങ്കച്ചൻ (മാറാനാഥാ), സാം. റ്റി.മുഖത്തല, എം.വി. ഫിലിപ്പ്, സണ്ണി മുളമൂട്ടിൽ എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

യോഗത്തിൽ ഗുഡ്ന്യൂസ്, ക്രൈസ്തവചിന്ത, സ്വർഗ്ഗീയധ്വനി, മാറാനാഥാ, ജ്യോതിമാർഗ്ഗം, ബിലിവേഴ്സ് ജേർണൽ, റീഡേഴ്സ് ജാലകം, യുഗാന്ത്യ സന്ദേശം, ക്രിസ്ത്യൻ വേൾഡ് എന്നീ പത്രങ്ങളുടേയും സുവിശേഷനാദം, വചന പോഷിണി, സീയോൻ കാഹളം, സത്‌വേദ സന്ദേശം എന്നീ മാസികകളുടേയും പ്രതിനിധികൾ പങ്കെടുത്തു. എഴുത്തുകാരുടേയും കേരളത്തിനു പുറത്തുള്ള പത്ര/മാസികകളുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി കമ്മറ്റി വിപുലപ്പെടുത്തുന്നതാണ്.

പെന്തെക്കോസ്ത് എഴുത്തുകാരും പത്രങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ പ്രതികരിക്കുന്നതിന് ഈ പൊതു കൂട്ടായ്മ വേദി കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇന്ത്യയിലെ പ്രധാന പട്ടണങ്ങളിലും സ്റ്റേറ്റുകളിലും പ്രസ്സ് അസോസിയേഷന്റെ ചാപ്റ്ററുകൾ ആരംഭിക്കുവാനും പെന്തെക്കോസ്തിന്റെ മൂല്യങ്ങളും ഉപദേശങ്ങളും സൂക്ഷിക്കുന്ന എല്ലാ പെന്തെക്കോസ്ത് മാധ്യമങ്ങളെയും അംഗങ്ങളാക്കുവാനും ജനറൽ ബോഡിയിൽ തീരുമാനമായി. പത്രങ്ങൾക്കും എഴുത്തുകാർക്കും പ്രയോജനപ്പെടുന്ന നിലയിൽ വിവിധ പ്രവർത്തന പദ്ധതികൾ നടപ്പിൽ വരുത്തുമെന്ന് ഭാരവാഹികൾ അറിയിച്ചു.

പ്രസ്സ് അസോസിയേഷനിൽ അംഗത്വമെടുക്കുവാൻ ആഗ്രഹിക്കുന്ന പ്രസിദ്ധീകരണങ്ങൾ ജനറൽ സെക്രട്ടറിയുമായി ബന്ധപ്പെടേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ജെ.ജോസഫ് ഫോൺ: 9447455820
E-mail : jjoseph@priest.com

## യുഗചിന്ത

പാസ്റ്റർ ഏ. റ്റി. ജോസഫ്



# ഖിഫായ

**ഈ**ജിപ്റ്റ്..... പഴയ പേര് മിസ്രയിം! ദൈവത്തിന്റെ ജനമായ യിസ്രയേലിനെ 430 വർഷം പീഡിപ്പിച്ച സാമ്രാജ്യം. ഫറവോമാരുടെ ഇരുമ്പു ഭരണത്തിന്റെ തുരുമ്പ് പിടിച്ച ഓർമ്മകൾ ഇന്നും പുരാതന അവശിഷ്ടങ്ങളുമായി തലയുയർത്തി നിൽക്കുന്നുണ്ട്. തകർന്നു കൊണ്ടിരിക്കുന്ന ഭീമാകാരങ്ങളായ ശവകുടിരങ്ങളെ മൂകസാക്ഷികളാക്കി കൊണ്ട് ചില ആഴ്ചകൾക്ക് മുൻപ് തലസ്ഥാനമായ കയ്റോയിൽ തഹ്‌രീർ ചതുരത്തിൽ ജനസമൂഹ കടലിളകി. മറ്റൊരു ജനതയെ പീഡിപ്പിക്കാനല്ല അവർ ഒത്തു ചേർന്നത്. സ്വന്തം രാജാവിനെ ഓടിക്കാൻ. പുതിയ വീക്ഷണമുള്ള പുതിയ നേതൃത്വം വരണമെന്നായി ജനങ്ങളുടെ ആഗ്രഹം. നീതി, തൊഴിലവസരം, സ്വാതന്ത്ര്യം എന്നിവയ്ക്ക് വേണ്ടിയുള്ള ദാഹമാണ് മതിയായി എന്നർത്ഥം വരുന്ന 'ഖിഫായ' എന്ന മുദ്രവാക്യവുമായി ജനങ്ങളെ സംഘടിക്കുവാൻ പ്രേരിപ്പിച്ചത്.2004 ൽ തുടങ്ങിയ കൂട്ടായ്മകൾ വലിയ കടലായി മാറി. ആ ജനസാഗരത്തിൽ നിന്ന് വീശിയടിച്ച തിരമാലകൾ രാജ്യത്തലവനെ തന്നെ ഒഴുക്കികൊണ്ടുപോയി. നല്ല ഭരാണിധിപൻ എന്ന് പേരെടുത്തെങ്കിലും 30 വർഷത്തെ ഭരണം കൊണ്ട് ഹുസ്നി മുബാറാക്ക് സ്വന്തമാക്കിയത് മൂന്നുലക്ഷത്തി പതിനയ്യായിരം കോടി രൂപയെന്ന് പത്രവാർത്ത.

ഇതിനെ വിപ്ലവം എന്ന് സാമ്രാജ്യത്വ രാഷ്ട്രങ്ങൾ വിശേഷിപ്പിക്കുമ്പോൾ, അറബി രാഷ്ട്രങ്ങൾ ഇതിനെ സയോണിസ്റ്റ് (യിസ്രയേൽ സാമ്രാജ്യത്തിന്റെ) വിജയമെന്ന് പറയുന്നു. തീർന്നില്ല ബഹ്റനിലും, ലിബിയായിലും തുടർന്ന് സമീപ രാജ്യങ്ങളിലേക്കും ഈ സുനാമി തിര പടർന്നുകയറുന്നു. പശ്ചിമേഷ്യയിലും, ആഫ്രിക്കൻ രാജ്യങ്ങളിലും മാത്രമല്ല ഏകാധിപത്യം എവിടെയൊക്കെയുണ്ടോ അവിടെയൊക്കെ ജനസാഗര കടലിളകും. ദാനിയേൽ തന്റെ പ്രവചനത്തിന്റെ ഏഴാം അദ്ധ്യായത്തിൽ കണ്ടതു പോലെ മഹാസമുദ്രത്തിലെ രാഷ്ട്രിയ തിരയിളക്കം വെളിപ്പാട് 17 ൽ വിവരിക്കുന്ന മനുഷ്യരെ തെറ്റിക്കുന്ന മഹാ വേശ്യയുടെ ഇരിപ്പിടമാകുന്ന ഇന്നത്തെ രാഷ്ട്രിയ തിരമാലയുടെ ഒടുവിലത്തെ കാഴ്ചയാകാം, അങ്ങനെ ഈ ജനസമുദായ കടലിൽ നിന്ന് അവൻ കയറിവരും.ലോകം മുഴുവാൻ ഭരിക്കുവാൻ കഴിവുള്ള അധർമ്മമൂർത്തി. ഇവനെ പ്രതിക്ഷിച്ചല്ല രക്തം കൊണ്ട് വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർ നിൽക്കുന്നത് പിന്നെയോ ഉൾതടത്തിൽ കേൾക്കുവാൻ പോകുന്ന മണവാളന്റെ സ്വരത്തെയാണ്.

ഏകാധിപത്യത്തിന്റെ ചപ്രമഞ്ചങ്ങളിൽ ചമൽകൃതരായ് ഭുഖണ്ഡങ്ങളെ പോലും വിലപേശി വാങ്ങുവാൻ സഹസ്ര കോടി ഡോളർ കൈവശം വെച്ച് പുളയ്ക്കുന്ന നരാധമന്മാരെ വരുതിയിലാക്കുവാൻ, ദരിദ്രന്മാരെ കൂടുതൽ ദരിദ്രന്മാരാക്കുന്ന തുരുമ്പുപിടിച്ചുകൊണ്ടിരിക്കുന്ന ജനാതിപത്യത്തിന്റെ രാജാക്കന്മാരെ മുച്ചുടും മുടിച്ചുകൊണ്ട്, അനീതിയില്ലാത്ത, ഇരുട്ടില്ലാത്ത ഒരു പുതിയ സംതൃപ്തമായ സഹസ്രാബ്ദയുഗം സ്ഥാപിക്കുവാൻ കൈ തൊടാത്ത കല്ല് സമാഗതമാകും. തിരശ്ശീല ഉയരുകയായ് ആ നല്ല യുഗത്തിനായ്.





പാസ്റ്റർ ഷിബു കെ. മാത്യു
B.D, M.Th

# 3 എബ്രായലേഖന പഠനം

### ലേഖനം എഴുതുവാനുണ്ടായ സാഹചര്യം

ലേഖനത്തിന്റെ തലക്കെട്ടിലെ എബ്രായർക്ക് എന്ന പ്രയോഗം ഗ്രീക്ക് ഭാഷ സംസാരിക്കുന്ന യഹുദന്മാരിൽ നിന്ന് വ്യത്യസ്തമായി എബ്രായ ഭാഷ സംസാരിക്കുന്ന യഹുദരെയായിരിക്കാം ഇവിടെ ഉദ്ദേശിക്കുന്നത്.ലേഖനത്തിൽ ചേർത്തിരിക്കുന്ന പഴയനിയമ ഉദ്ധരണികൾ, യേശു ദൂതന്മാരെക്കാളും മോശയെക്കാളും വലിയവൻ എന്ന വിധത്തിലുള്ള ചിത്രികരണം, യേശുവിന്റെ മഹാപുരോഹിത ശ്രുശ്രൂഷയെക്കുറിച്ചുള്ള വർണ്ണന ഇവ യെഹുദാ ക്രിസ്ത്യാനികളെ ഉദ്ദേശിച്ചാണ് എന്നുള്ളതിന് തെളിവായി കരുതാം.

വായനക്കാർക്ക് ഇത് ആര് എഴുതി എന്നറിയാമെങ്കിലും ഇത് വായിക്കുന്നവർക്ക് ഒരു മുൻവിധി ഉണ്ടാകാതിരിക്കുവാനും, വായനക്കാരുടെ ശ്രദ്ധ ലേഖന കർത്താവിലേക്ക് തിരിയാതിരിക്കുവാനും ലേഖകന്റെ പേരിന് പ്രാധാന്യം കൊടുത്തില്ല എന്ന് ചിന്തിക്കാം. ഈ ലേഖനത്തിൽ മൂന്നു പ്രാവശ്യം ക്രിസ്തുവിനെ നോക്കുവിൻ എന്ന് ലേഖന കർത്താവ് എടുത്ത് പറഞ്ഞിരിക്കുന്നു

ഈ ലേഖനം ആദ്യമായി അറിയപ്പെട്ടത് റോമിലാണ്. റോമിലെ സഭയിലുള്ള യഹൂദാ മത പാരമ്പര്യങ്ങൾക്കും പ്രമാണങ്ങൾക്കും കൂടുതൽ സ്ഥാനം നൽകിയിരുന്ന യെഹുദാ ക്രിസ്ത്യാനികൾ ആയിരിക്കാം വായനക്കാർ. എബ്രായർക്ക് ഉള്ളതാണെങ്കിലും ഒരു സമൂഹത്തെ മുഴുവൻ മുന്നിൽ കണ്ടുകൊണ്ടാണ് ഈ ലേഖനം എഴുതിയിരിക്കുന്നത്. മാത്രമല്ല ഈ ലേഖനം കൊരിന്തിലെ യഹുദാ ക്രിസ്ത്യാനികളെ ഉദ്ദേശിച്ചാണ് എഴുതിയത് എന്ന് പ്രവർത്തി 19;1, 1കൊരി11:22 എന്നി വാക്യങ്ങൾ ആധാരമാക്കി അഭിപ്രായപ്പെടുന്നവരും ഉണ്ട്.

യെഹുദരിൽ നിന്നും പീഡനം സഹിക്കേണ്ടി വന്ന ക്രിസ്തീയ വിശ്വാസികൾ തങ്ങളുടെ വിശ്വാസത്തിൽ നിലനിൽക്കുന്നവനാണ് ഈ ലേഖനം ഉപദേശിക്കുന്നത്. ഈ ലേഖനത്തിന്റെ പശ്ചാത്തലം മനസ്സിലാക്കിയൽ യെഹുദാ ക്രിസ്ത്യാനികൾ തങ്ങൾ വിട്ടു പോന്ന യെഹുദാ മതത്തിലേക്ക് മടങ്ങി പോകുവാനുള്ള പ്രവണത കാണിച്ചിരുന്നു എന്ന് വ്യക്തമാണ്. വിശ്വാസ ജീവിതത്തിൽ വന്നിട്ട് എതാണ്ട് 30 വർഷം പിന്നിട്ടപ്പോൾ എബ്രായ വിശ്വാസികളിൽ പലരും ഉപദേശത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ വിട്ട് അവർ പരിചയിച്ച ന്യായപ്രമാണത്തിലേക്ക് മടങ്ങി പോകുവാനുള്ള പ്രവണത കാണിച്ചു. വിശുദ്ധന്മാരെ ശുശ്രൂഷിച്ചത് വെറുതയാണെന്നും, ന്യായപ്രമാണത്തിലെ പുരോഹിതനും, യാഗങ്ങളും, ആരാധാനാ ക്രമങ്ങളും ഒക്കെയാണ് നല്ലത് എന്ന് ചിന്തിക്കുകയും, സഭാ യോഗം മുടക്കുകയും, സുവിശേഷം നിമിത്തം തങ്ങൾ അനുഭവിച്ച പീഡനങ്ങളും സമ്പത്തുകളുടെ അപഹാരങ്ങളും അനുഭവിച്ചതിൽ അർത്ഥം ഇല്ലെന്ന് ചിന്തിക്കുകയും, വിട്ടു പോന്ന ഉപദേശത്തിലേക്കും, അവസ്ഥയിലേക്കും അവർ മടങ്ങി പോകുന്ന അവസ്ഥയിൽ എത്തിചേർന്നപ്പോൾ. തങ്ങളുടെ വിശ്വാസത്തിലും പിടിച്ച ഉപദേശത്തിലും നില നിൽക്കുവാനും, ശോധനകളുടെയും, കഷ്ടങ്ങളുടെയും നടുവിൽ ക്രിസ്തുവിൽ ദൃഷ്ടി ഉറപ്പിച്ച് മുന്നോട്ടു പോകുവാനും അവസാനത്തോളം വിശ്വസ്തരായിരിക്കുവാനും ഈ ലേഖനം വിശ്വാസികളെ പ്രബോധിപ്പിക്കുന്നു.(എബ്രാ: 2:1- 4, 6:11, 12 12:7 -13, 13:3).

യഹൂദാ മതത്തിലേക്ക് മടങ്ങി പോകുവാനുള്ള പ്രവണതയെ ഏതു നിലയിലും തടയിടുവാൻ ലേഖന കർത്താവ് വളരെ പരിശ്രമിക്കുന്നു(എബ്ര 3:12). ന്യായപ്രമാണ ഉപദേശത്തിന്റെ ബലഹീനതയും, പുതിയ നിയമ ഉപദേശത്തിന്റെ ശ്രേഷ്ഠതയും ലേഖകൻ തെളിയിക്കുന്നു. പ്രായോഗിക ബുദ്ധിമുട്ടുകളും ആശയ പ്രശ്നങ്ങളും അഭിമുഖികരിച്ച ക്രിസ്ത്യാനികൾക്ക് വിശ്വാസത്തിൽ നില നിൽക്കുവാൻ നൽകിയ നിർദേശങ്ങളുമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

## എബ്രായലേഖന പഠന ചോദ്യങ്ങൾ

1) ആരെ ഉദ്ദേശിച്ചാണ് ഈ ലേഖനം എഴുതിയത്?
2) എന്തു കൊണ്ടായിരിക്കും ലേഖന കർത്താവ് തന്റെ പേര് ലേഖനത്തിൽ നിന്ന് ഒഴിവാക്കിയത്?
3) പിന്മാറ്റത്തിന്റെ ചിന്ത വിശ്വാസികളിൽ ഉണ്ടായപ്പോൾ അവരുടെ പ്രതികരണം എങ്ങനെയായിരുന്നു ?
4) മുൻ അവസ്ഥയിലേക്ക് മടങ്ങി പോകുവാൻ ആഗ്രഹിച്ചവരോട് ലേഖനം കൊടുക്കുന്ന പ്രബോധനം എന്താണ് ?
5) എബ്രായ ലേഖനത്തിന്റെ ഉള്ളടക്കം വിവരിക്കുക ?

**എല്ലാ ലക്കങ്ങളിലെയും ചോദ്യങ്ങൾക്ക് ഉത്തരം എഴുതി വിജയികളാക്കുന്നവർക്ക് പഠനം പൂർത്തീകരിക്കുമ്പോൾ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും നൽകി ആദരിക്കുന്നതാണ്.**

**പാഠഭാഗം ശ്രദ്ധിച്ച് വായിച്ച് ഉത്തരം കണ്ടെത്തുക.**

*ശരി ഉത്തരങ്ങൾ എല്ലാ മാസത്തിന്റേയും 25-ാം തീയതിയ്ക്കു മുമ്പായി താഴെയുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്.*

**YUGANTHYASANDHESHAM, P.O. BOX. 66, THIRUVALLA-689 101, KERALA**

## കഴിഞ്ഞ ലക്കം ശരിയുത്തരം അയച്ചവർ

സുജ മോൻസി തലയനാട്, ജോഷി പി ജോയി പറക്കോട്, ഫെയ്ത്ത് ആന്റണി തൊടുപുഴ, നിസ്സി സുനിഷ് മേച്ചാൽ, മഞ്ചു വി.എം തലവടി, മറിയാമ്മ വർഗീസ് മുടിയൂർക്കോണം സാനി മോനച്ചൻ ഇളംങ്കാട്, ആലിസ് ജോയി ഐരാണിക്കുടി, മേഴ്സി സാം ഇരവിപേരൂർ, ഗ്രേസ് മിഖായേൽ മേലുകാവുമറ്റം, സുജ ദിനേഷ് കൊല്ലം, ശോശാമ്മ എബ്രഹാം പുതുപ്പള്ളി, ഗ്രേസ് ജേക്കബ്ബ് പൂവത്തൂർ, അന്നമ്മ ജേക്കബ്ബ് പൂവത്തൂർ, പിങ്കി സ്റ്റാൻലി ചൂനാട്, റിൻസി ടെസിൻ പി.ഡി.ഹിൽസ്, ദീനാ ബിജു മാമലശ്ശേരി, സൂസൻ ജോർജ്ജ് തിരുവനന്തപുരം, ശലോമി ജോർജ്ജ് മേലുകാവുമറ്റം എലിസബത്ത് തിരുവല്ലാ, ജെസ്സി ഐസക്ക് ലിസ്സി മാത്യു വെണ്ണിക്കുളം, സൂസൻ ഏലിയാസ് ഹൈദരാബാദ്, ഏലിയാമ്മ വിൻസന്റ് അഹമ്മദാബാദ്, കെ. എൻ നളിനി തിരുവല്ലാ, സാറാമ്മ ജെയിംസ് അഹമ്മദാബാദ്, ജിജി പോൾ ഇഞ്ചക്കാട്, ജൈനമ്മ തോമസ് പുനലൂർ, ജൂലി ജോർജ്ജ് നല്ലതണ്ണി.അന്നമ്മ കെ.വി കുരിയച്ചിറ,കുഞ്ഞുമോൻ ഉള്ളൂർ, ലീലാമ്മ ജോസഫ് കവിയൂർ, വൽസമ്മ ഈശോ കുന്നം, ക്രിസ്റ്റീനാ ബി ജോയി വാഴൂർ, ആലീസ് ജോസ് നെല്ലിപ്പാറ, റ്റോമിനി ബിനു മുംബയ്, ജൂലി ബിജു കിഴക്കമ്പലം, ഉഷാ ഗോപിനാഥ് മുപ്പിത്തടം, ബ്ലസൻ പി ജോസഫ് ഫിലദെൽഫിയ, കിരൺ ജോസഫ് പായിപ്പാട്,കെ ജോർജ്ജ് വാലങ്കര, സാറാമ്മ പാട്രിക്ക് പറണ്ടോട്,ഷീബാ സത്യപാൽ കോവളം, ജെഫി മോൾ എൽസാ പാട്രിക്ക് കുടപ്പനക്കുന്ന്, ചിന്നമ്മ ജോസഫ് പള്ളിക്കൽ.

പ്രകൃതിയുടെ മടിത്തട്ടിൽ ആധുനികതയുടെ സൗകര്യങ്ങളുമായി ഒരു ക്രൈസ്തവ ടൗൺഷിപ്പ്.

31 British Designer Super Luxury & Twin Villas, Plots in 12, 10, 7, 5.5, 3.80 cents
BOOKING STARTED : 25 Studio Homes for Senior Citizens
Health Tourism · Smart City neighbourhood · Smart Home
Recurring income at an absolute Faithcity spiritual atmosphere

Available Ready VILLAS & PLOTS

കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിന്റെ സമീപെ ജി. സി. ഡി. എ. പരിധിക്കുള്ളിൽ നിർമ്മാണത്തിലിരിക്കുന്ന പുതിയ പാലത്തോടു ബന്ധിച്ച് എയർപോർട്ട്-കോട്ടയം റോഡും എറണാകുളം-പെരുമ്പാവൂർ റോഡും ആലുവ-മൂന്നാർ റോഡും ചേരുന്ന പ്രകൃതിരമണീയമായ പോഞ്ഞാശേരിയിൽ വിശ്വാസികൾക്കു മാത്രമായി ഒരു ടൗൺഷിപ്പ് ഒരുങ്ങുന്നു. അനുദിനം മൂല്യം വർധിക്കുന്ന സുരക്ഷിത നിക്ഷേപവും SBI Life ബോണ്ടും!

SBI Life BOND ensures - (i) 100% Returns on the current Purchase Value; (ii) Life insured

വിശാലമായ വീഥികൾ, പാർക്കുകൾ, ഹൃദ്യമായ ആത്മീയ ഗീതങ്ങൾ;
ദേശത്തിന്റെ മുഖഛായ തന്നെ അനുദിനം മാറിക്കൊണ്ടിരിക്കുന്നു.

SBI Life's 100% Money Return Plan
VILLAS AT 2 PAYMENT OPTIONS

TRUELY DESIRING A VILLA OF YOUR CHOICE IN A SPIRITUAL ATMOSPHERE?
READY FOR OCCUPATION IN 18 MONTHS.

SPECIAL OFFER TILL 31.03.2011
ATTRACTIVE SUBSIDIZATIONS



തികഞ്ഞ പ്രാർത്ഥനാന്തരീക്ഷത്തിൽ അൽപം മാത്രം ബാക്കിയുള്ള വില്ല പ്ലോട്ടുകൾ; 3 / 4 / 5 ബെഡ് റൂം വില്ലകൾ; സീനിയേഴ്സ് ഹോമുകൾ; റിട്രീറ്റ് സെന്റർ; തൊഴിലധിഷ്ഠിത ബൈബിൾ സെമിനാരി; മേഖലാ മെഡിക്കൽ ക്യാമ്പുകളും കൗൺസലിംഗും

• 30,000 Sq.Ft. FOR BIBLE CONFERENCE • BANK HOME LOANS •

Board of Consultant Directors are renowned Professionals and eminent Men of God from major Christian Churches.

"Unless the LORD builds the house, its builders labour in vain" (Ps. 127:1)



*for immediate booking Call or E-mail:*

**M/s GOODYEAR BUILDERS & ENGINEERS PTE. LTD**

Engineers • Builders • Township Developers • Project Investors

POST BOX No: 2295 :: CRA/197, PALARIVATTOM, COCHIN - 682 025 :: INDIA.
Phone: (O) 91-484-2345846, 2330200, ® 91-484-2343956 Fax: 91-484-2345163, 2343956
Mob: 91-9447250583 Visit At: www.goodyearenterprises.com
Email: goodyear83@rediffmail.com info@goodyearenterprises.com

Victory Park — JOINT VENTURE WITH — SBI Life INSURANCE With Us, You're Sure

ECONOMY VILLAS
in 3.80cents
2 Storied, 3 Bed, 4 Baths
(Inclusive of wood - works)



| | | |
|---|---|---|
| GROUND FLOOR AREA | - | 66.14 M2 |
| PORCH | - | 7.80 M2 |
| FIRST FLOOR AREA | - | 47.50 M2 |
| TOTAL FLOOR AREA | - | 121.44 M2 |
| | | (1305.00 SQFT) |

STANDARD VILLAS
In 5.5 cents
2 Storied - 3 Bed,1 Consultation Room, 4 Baths
(Inclusive of wood - works)



| | | |
|---|---|---|
| GROUND FLOOR AREA | - | 111.72 M2 |
| PORCH | - | 11.34 M2 |
| FIRST FLOOR AREA | - | 58.24 M2 |
| TOTAL FLOOR AREA | - | 181.30 M2 |
| | | (1950.79 SQFT) |

LUXURY VILLAS
in 7 cents
2 Storied, 3 Bed, 1 Consultation Room, 4 Baths
(Inclusive of wood - works)



| | | |
|---|---|---|
| GROUND FLOOR AREA | - | 113.50 M2 |
| PORCH | - | 16.60 M2 |
| FIRST FLOOR AREA | - | 76.23 M2 |
| TOTAL FLOOR AREA | - | 206.33 M2 |
| | | (2220.11 SQFT) |

SUPER LUXURY VILLAS
in 10 cents
2 Storied, 4 Bed, 1 Consultation Room, 6 Baths
(Inclusive of wood - works)



| | | |
|---|---|---|
| GROUND FLOOR AREA | - | 153.82 M2 |
| PORCH | - | 25.94 M2 |
| FIRST FLOOR AREA | - | 75.65 M2 |
| TOTAL FLOOR AREA | - | 255.41 M2 |
| | | (2748.21 SQFT) |

SUPER LUXURY VILLAS
in 12 cents
2 Storied, 4 Bed, 1 Servant Room, 1 Consultation Room, 7 Baths
(Inclusive of wood - works)



| | | |
|---|---|---|
| GROUND FLOOR AREA | - | 174.65 M2 |
| PORCH | - | 23.00 M2 |
| FIRST FLOOR AREA | - | 109.05 M2 |
| TOTAL FLOOR AREA | - | 306.70 M2 |
| | | (3300.00 SQFT) |

• HEALTH TOURISM • FIRE SAFETY • FLOOD LIGHTS • MINI SHOPPING CENTRE • CAFETERIA • DAY & NIGHT SECURITY •

18 മാസങ്ങളായി വിക്ടറി പാർക്കിനെതിരായി ഉയർന്നു വന്നിരുന്ന പ്രശ്നങ്ങളിൽ നിന്നെല്ലാം നമ്മുടെ പ്രാർത്ഥന കേൾക്കുന്ന ദൈവം വിടുവിച്ച് സുഗമമായ പ്രവർത്തനങ്ങൾക്ക് ഒന്നൊന്നായി കേരള സർക്കാർ അംഗീകാരമായി, ഉത്തരവ് ലഭിച്ചിരിക്കുന്നു. ബുക്കിംഗ് പ്രകാരമുള്ള പണികൾ ധ്രുതഗതിയിൽ പുരോഗമിക്കുന്നു.

കൗൺസിലിങ്ങ്

# വിഷാദം വിനയാകരുത്

'ജീവിതമൊരു പൂമെത്തയല്ല' എന്ന ചൊല്ലു നാം കേട്ടിട്ടുള്ളതാണല്ലോ. സുഖവും സന്തോഷവും മാത്രം നിറഞ്ഞ നേട്ടങ്ങൾ മാത്രമുള്ള പ്രതിബന്ധങ്ങൾ ഒന്നുമില്ലാത്ത ഒന്നല്ല ജീവിതം. അങ്ങനെയൊരു സങ്കല്പം വച്ചു പുലർത്തുന്നവരിലാണ് വിഷാദം പെട്ടെന്ന് ഉടലെടുക്കുന്നത്. ജീവിതത്തിൽ സുഖവും സന്തോഷങ്ങളും നേട്ടങ്ങളും ഉണ്ടാകാമെന്നതുപോലെ ദുഃഖവും കഷ്ടനഷ്ടങ്ങളും ദുരന്തങ്ങളുമെല്ലാം സംഭവിക്കാം. അത്തരം സാഹചര്യങ്ങളിൽ വ്യക്തിയിൽ ദുഃഖം ഉറഞ്ഞുകൂടുക സ്വാഭാവികമാണ്. എന്നാൽ ഈ ദുഃഖം ക്രമേണ വിട്ടുപോകാറാണ് പതിവ്. പക്ഷെ ചില സംഭവങ്ങളെകുറിച്ചുള്ള ദുഃഖം ഏറെനാൾ നിലനിന്നെന്നു വരാം. അത് വിഷാദമായി തീരുകയും ചെയ്യും. ഇത് വ്യക്തിയുടെ പെരുമാറ്റത്തിൽ പ്രതിഫലിക്കുമ്പോൾ അതൊരു പ്രശ്നമാകുന്നു.

വിഷാദഭാവത്തിന്റെ കാലദൈർഘ്യമനുസരിച്ച് അതിനെ Chroni എന്നും Acute എന്നും രണ്ടായി തിരിക്കാം. ഇതിൽ ആദ്യത്തേത് അനേകനാൾ നീണ്ടു നില്ക്കുന്നതാണ്. രണ്ടാമത്തേത് പെട്ടെന്ന് ലക്ഷണങ്ങൾ കാണിക്കുമെങ്കിലും അധികനാൾ നീണ്ടു നിൽക്കുകയില്ല.

തീവ്രമായതും വ്യക്തിപരവുമായ മാനസ്സികാഘാതമാണ് സാധാരണഗതിയിൽ വിഷാദമായിതീരുന്നത്. പരീക്ഷയിൽ പരാജയം, പഠിച്ചിട്ടും ഉദ്യോഗം കിട്ടാതെ വരിക, ആഗ്രഹിച്ചതുപോലെ കാര്യങ്ങൾ നടക്കാതെ വരിക, ഏറ്റവും അടുപ്പമുള്ളവരുടെ വേർപാട്, വിവാഹമോചനം, രോഗം, ദാരിദ്ര്യം തുടങ്ങി പലതും വിഷാദത്തിലേക്ക് നയിച്ചേക്കാം. ഇതുതന്നെ ഓരോരുത്തരുടെയും പ്രകൃതമനുസരിച്ച് കൂടിയോ, കുറഞ്ഞോ ഇരിക്കും. ചിലർ നിസ്സാരകാര്യത്തിന് വിഷാദചിത്തരായെന്നിരിക്കും. എന്നാൽ വേറെ ചിലർക്ക് കടുത്ത പ്രശ്നങ്ങൾ സംഭവിച്ചാൽ മാത്രമേ വിഷാദം ഉണ്ടാകുന്നുള്ളൂ.

മേല്പറഞ്ഞ കാരണങ്ങൾ കൂടാതെ, വിഷാദത്തിനടിമകളാകുന്നതിന്റെ പിന്നിൽ പലകാരണങ്ങളും ഉണ്ട്.

**ജനിതക – ശാരീരിക കാരണങ്ങൾ**

പാരമ്പര്യരോഗം എന്ന് കണക്കുകൂടിയിട്ടില്ലെങ്കിലും വിഷാദരോഗം ഉള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക് അത് ഉണ്ടാകാനുള്ള സാധ്യത കൂടുതലുണ്ടെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഹോർമോണിന്റെയും, തലച്ചോറിലെ ഹൈപ്പോതലാമസിന്റെയും തകരാറുകൾ വിഷാദ ഭാവമുണ്ടാക്കാൻ സാധ്യതയുണ്ട്.

**ബാല്യകാല സാഹചര്യങ്ങൾ**

സ്നേഹനിർഭരമായ സാഹചര്യങ്ങളിൽ വളർത്തപ്പെടാതെ, മാതാപിതാക്കളുടെ സ്നേഹം നിഷേധിക്കപ്പെട്ട കുട്ടികൾ കടുത്ത അരക്ഷിതബോധത്തിലാണ് വളരുന്നത്. വിഷാദഭാവം അത്തരം കുട്ടികളിൽ ബാല്യത്തിൽ തന്നെ രൂപം കൊള്ളുന്നു.

**നിഷേധാത്മകമായ ചിന്തകൾ (Negative Thinking)**

എപ്പോഴും നിഷേധാത്മകമായ ചിന്തകൾ വച്ചുപുലർത്തുന്ന ഒരു കൂട്ടർ നമ്മുടെയിടയിലുണ്ട്. ശുഭമാകാവുന്ന സാഹചര്യങ്ങളുടെ അപ്പുറവും ഇരുണ്ട വശത്തെ മുന്നിൽ കാണാനേ ഇക്കൂട്ടർക്ക് സാധിക്കുകയുള്ളൂ. ഇങ്ങനെയുള്ളവർ ആത്യന്തികമായി വിഷാദഭാവത്തിൽ പിടിക്കപ്പെടാറുണ്ട്.

**ജീവിതത്തിലെ നഷ്ടപ്പെടലുകൾ**

ഉറ്റവരുടെ വേർപാട്, വൻപിച്ച സാമ്പത്തിക നഷ്ടം, പദവികൾ ലഭിക്കാതെപോയത് തുടങ്ങി തിരിച്ചു ലഭിക്കില്ല എന്നുറപ്പായ നഷ്ടങ്ങൾ എപ്പോഴും വ്യക്തിയെ ആഴത്തിൽ വേദനിപ്പിക്കുന്നതാണ്. എല്ലാറ്റിൽ നിന്നും പിൻവലിക്കാനും, കടുത്ത ഏകാന്തതയെ സ്വയം സ്വീകരിക്കുവാനും ഈ കടുത്ത നഷ്ടപ്പെടലുകൾ ചിലരെ പ്രേരിപ്പിക്കുന്നു.

**അനുകരണം**

മാതാവോ പിതാവോ മറ്റു വേണ്ടപ്പെട്ടവരോ എപ്പോഴും വിഷാദചിത്തരായിട്ടിരിക്കുന്നത് കാണുന്ന കുട്ടികളിൽ ക്രമേണ ഈ രോഗം പകർന്നെന്നിരിക്കും.



മടുപ്പിക്കുന്നതും വിരസവുമായ ജീവിതസാഹചര്യങ്ങൾ വിഷാദത്തെ വളർത്തിയേക്കാം. ഇത് തുടർന്നാൽ ജീവിതം തന്നെ വിഷാദത്തിലേക്ക് ആണ്ടുപോയേക്കാം.

ഒന്നിലും താല്പര്യമില്ലാതെ ഇരിക്കുക എന്നതാണ് വിഷാദഭാവത്തിന്റെ പൊതുവായ ലക്ഷണം. നിസ്സഹായത, ഭക്ഷണത്തിൽ താല്പര്യക്കുറവ്, വിനോദങ്ങളിൽ താല്പര്യക്കുറവ്, ശുഭാപ്തി വിശ്വാസമില്ലായ്മ, ഉത്സാഹക്കുറവ്, വസ്ത്രധാരണത്തിൽ അശ്രദ്ധ, അന്തർമുഖത, പ്രസന്നതയില്ലായ്മ, ഉറക്കകുറവ്, ക്ഷീണവും തളർച്ചയും, ഓജസില്ലായ്മയും മൂകതയും, ഒതുങ്ങിക്കൂടൽ, ആത്മനിന്ദ, അകാരണമായ ഭീതി, പ്രതീക്ഷ നശിച്ചെന്ന തോന്നൽ, ആത്മഹത്യ ചെയ്യണമെന്ന തോന്നൽ, തൂങ്ങിപ്പിടിച്ച നടപ്പും പ്രവൃത്തിയും, സങ്കടഭാവം തുടങ്ങിയവയും വിഷാദഭാവത്തിന്റെ ലക്ഷണങ്ങളാണ്. വിഷാദം മനസ്സിൽ ഒതുക്കി. നെടുവീർപ്പുകളും ഗദ്ഗദങ്ങളും വിങ്ങിപ്പൊട്ടലുകളുമായി രാവും പകലും തള്ളിനീക്കുന്നവർ താൻ ഒരു പരാജയമാണെന്ന് സ്വയം വിശ്വസിക്കുന്നു. തന്റെ ഈ അവസ്ഥ എന്നും ഉണ്ടാകുമെന്നും അർത്ഥമില്ലാത്ത ഈ ജീവിതം എങ്ങനെയും അവസാനിപ്പിക്കണമെന്ന ചിന്ത ഇക്കൂട്ടരിൽ ശക്തമായിരിക്കും.

നമുക്കിടയിൽ വളരെപ്പേരിലും വിഷാദപ്രശ്നങ്ങൾ കണ്ടെത്താൻ കഴിയും. നിങ്ങളിൽ ആശയവിനിമയശേഷിയിൽ കുറവുതോന്നുന്നുണ്ടോ? തുറന്നപെരുമാറ്റം സാധിക്കാതെ വരുന്നുണ്ടോ? സാമൂഹ്യബന്ധങ്ങൾ കുറഞ്ഞുവരുന്നുണ്ടോ? ഉണ്ട് എന്നാണ് ഉത്തരമെങ്കിൽ ശ്രദ്ധിക്കുക വിഷാദത്തിന്റെ അംശം നിങ്ങളിലുമുണ്ടെന്നു സാരം. അല്പം മനസ്സുവച്ചാൽ ഇതൊഴിവാക്കാവുന്നതേയുള്ളൂ. ആദ്യമായി വേണ്ടത് യുക്തിരഹിതമായ ചിന്തകൾക്ക് മനസ്സിൽ സ്ഥാനം കൊടുക്കരുത്. അയഥാർത്ഥവും വികലവും അസ്ഥിരവുമായ ആത്മസങ്കല്പം ഒഴിവാക്കികൊണ്ട്, അനുഭവങ്ങൾ, സംഭവങ്ങൾ, മറ്റുള്ളവരുടെ പെരുമാറ്റം എന്നിവയെ വസ്തുനിഷ്ഠമായി വിലയിരുത്തിക്കൊണ്ട് പ്രശ്നങ്ങളെ യാഥാർത്ഥ്യബോധത്തോടെ നേരിടാൻ കഴിഞ്ഞാൽ വിഷാദത്തെ അകറ്റാനും മാനസികാരോഗ്യം കൈവരിക്കാനും കഴിയുമെന്നതിൽ സംശയമില്ല. കൂടാതെ താഴെപ്പറയുന്ന കാര്യങ്ങൾക്കൂടെ ശ്രദ്ധിക്കുക.

– സ്വന്തം കഴിവനപ്പുറമുള്ള സങ്കല്പങ്ങൾ പടുത്തുയർത്താതിരിക്കുക.

– കഴിവുകളെ ശക്തമാക്കുക.

– നേട്ടങ്ങളിൽ സന്തോഷിക്കുക.

– പരാജയങ്ങളിൽ നിരാശരാകാതെ, അതിൽ നിന്നും പാഠങ്ങൾ ഉൾകൊള്ളുക.

– ദുരന്തങ്ങളെ യാഥാർത്ഥ്യബോധത്തോടെ നേരിടുക.

– കർമ്മനിരതരാവുക.

– സന്തോഷകരമായ പ്രവൃത്തികളിൽ ഏർപ്പെടുക.

– മടുപ്പിക്കുന്നതും വിരസവുമായ ജീവിതരീതികൾ ഉപേക്ഷിക്കുക.

– വ്യായാമം ശീലിക്കുക.

– വിനോദയാത്ര, സുഹൃദ്സന്ദർശനം എന്നിവ ഇടയ്ക്കൊക്കെ നടത്തുക.

വിഷാദഭാവം പിടിപ്പെട്ടിട്ടുള്ളവരെ വേദപുസ്തത്തിലും നമുക്ക് കാണുവാൻ കഴിയും. 69,102 എന്നീ സങ്കീർത്തനങ്ങളിൽ "ആത്മാവേ നീ എന്തിന് ഉള്ളിൽ വിഷാദിച്ചു ഞരങ്ങുന്നു" എന്ന വിലാപം കേൾക്കാം. യെരമ്യാ പ്രവാചകന്റെ 'വിലാപങ്ങൾ' മുഴുവനായി വിഷാദഭാവത്തിന്റെ പ്രകടനമായിരുന്നു. ഇസബേലിനെ പേടിച്ച് ഓടിപ്പോയ ശക്തനായ ഏലിയാ പ്രവാചകനും ഒരു സമയത്ത് വിഷാദത്തിനടിമപ്പെട്ടുപോയി. ഈയ്യോബും, മോശയും, യോനയുമെല്ലാം ഏതെങ്കിലും വിധത്തിൽ വിഷാദത്തിൽ കൂടി കടന്നുപോയവരായിരുന്നു. എന്നാൽ ഇവർക്കുള്ള പ്രത്യേകത അവരാരും വിഷാദാത്മകതയെ അന്തിമമായി കണ്ടിരുന്നില്ല. അതിനുമപ്പുറത്തുള്ള ഒരു പ്രത്യാശ അവരെ നയിച്ചിരുന്നു. ഒരു കാർമേഘത്തിനപ്പുറത്ത് പ്രകാശമുണ്ടെന്ന് ഇയ്യോബ് വിശ്വസിച്ചതുപോലെ, അതേ പ്രത്യാശയാണ് ഒരു വിശ്വാസിയെ ധൈര്യപ്പെടുത്തുന്നതും വിഷാദഭാവത്തെ അതിജീവിക്കുവാൻ സഹായിക്കുന്ന ഘടകവും.



റവ. ജോൺസൺ ഡാനിയേൽ

കൗൺസലിംഗ് സേവനത്തിന്
സി.ജി.ഐ കൗൺസലിംഗ്
ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെടുക
പാസ്റ്റർ. ജോൺസൺ
ഡാനിയേൽ – 9447799657
സൂസി ജോൺസൺ – 9495989659

ഇത്രത്തോളം ഉയർത്തിയ ദൈവത്തിന് മഹത്വം

ഓൾ ഇന്ത്യാ ലെവലിൽ 15–ാം റാങ്കിൽ
6th സെഞ്ചൂറിയൻ – തിരുവനന്തപുരം ഡിവിഷൻ

TOT (Top of the Table), Corporate Club Member (MDRT + MDRT), ചെയർമാൻ ക്ലബ്ബ് മെമ്പർ, നേടുന്ന കേരളത്തിലെ ആദ്യത്തെ വനിത

എൽ.ഐ.സി.യുടെ കൊട്ടാരക്കര ബ്രാഞ്ചിൽ 2007 - 2008 സാമ്പത്തിക വർഷത്തിൽ റിക്കാർഡുകൾ സൃഷ്ടിച്ച് കൊണ്ട് 600 പോളിസികളിൽ 6 കോടിയിൽ പരം ബിസിനസ് കരസ്ഥമാക്കി. രണ്ടര കോടി രൂപയുടെ ആദ്യ പ്രീമിയം ശേഖരിച്ച് തിരുവനന്തപുരം, കൊട്ടാരക്കര ഡിവിഷനിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഏക ഏജന്റ്, സോണലിൽ നാലാം സ്ഥാനത്തും ആകുന്നതിന് സഹായിച്ച ദൈവത്തിനും, സീനിയർ ബ്രാഞ്ച് മാനേജർ, അസി. മാനേജേഴ്സ്, ഡവലപ്മെന്റ് ഓഫീസേഴ്സ്, ബ്രാഞ്ചിലെ എല്ലാ ജീവനക്കാർക്കും, ഇന്ത്യയിലും, യു.എസ്.എ, ഇംഗ്ലണ്ട്, യൂറോപ്പ്, ഗൾഫ്, ആസ്ത്രേലിയ, സിങ്കപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങളിലുള്ള എല്ലാ പോളിസി ഉടമകളോടുമുള്ള ഞങ്ങളുടെ നന്ദിയും സ്നേഹവും അർപ്പിക്കുന്നു.

ബ്രദർ സി. ജി സാംകുട്ടി, ഇന്ത്യാ ദൈവസഭ കേരളാ സ്റ്റേറ്റ് സൗത്ത് സോൺ സെക്രട്ടറി, സ്റ്റേറ്റ് ബോർഡ് എക്സിക്യൂട്ടീവ് മെമ്പർ,അടൂർ നോർത്ത് ഡിസ്ട്രിക്റ്റ് ട്രഷറർ, ഏനാത്ത് സഭാ സെക്രട്ടറി എന്നീ പദവികളിൽ പ്രവർത്തിച്ചു വരുന്നു. മക്കൾ ജെമി സാം, ജെം സാം. തുടർന്നും ഏവരുടേയും സഹായസഹകരങ്ങൾ ഞങ്ങൾ പ്രതീക്ഷിക്കുന്നു.



സി. ജി. സാംകുട്ടി & സാറാമ്മ സാംകുട്ടി

Head office:
LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt. Bus Stand, Pulamon, Kottarakkara
Branch Office:
ജീവൻ ജ്യോതി LIC പോളിസി സർവ്വീസ് സെന്റർ,
ഏനാത്ത് പാലം, കുളക്കട പി.ഒ., കൊല്ലം
Ph: 04734 325341
Mob: 9447192916, 9446185886
RESIDENCE: ഗിൽഗാൽ ജെം ഭവൻ, ഏനാത്ത് പി.ഒ.,
പത്തനംതിട്ട – 691 526. Res: 04734 - 212916, 210795
എൽ.ഐ.സി.യുടെ പോളിസി സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും
ഈ ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്.

എൽ.ഐ.സി. ഓഫ് ഇന്ത്യ അഭിമാനപുരസരം അവതരിപ്പിക്കുന്നു....
നിങ്ങൾ ഏറെക്കാലമായി കാത്തിരുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി....!!
എൽ.ഐ.സി. യുടെ ഹെൽത്ത് പ്ലസ് (T901)
എന്തുകൊണ്ട് Health Insurance?

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ജീവിതക്രമത്തിൽ വിദഗ്ധ ചികിത്സയുടെ ആവശ്യകത വർദ്ധിച്ചുവരികയാണ്. ഏതുതരം മുന്തിയ ചികിത്സാ സൗകര്യങ്ങളും ഇന്നു നമ്മുടെ രാജ്യത്ത് ലഭ്യമാണ്. എന്നാൽ ചികിത്സാ ചിലവുകൾ ഭീമമായി വർദ്ധിക്കുന്നു എന്നത് യാഥാർത്ഥമാണ്. ഇതു നമ്മുടെ സാമ്പത്തിക ആരോഗ്യ സുരക്ഷിതത്വത്തെ അപകടത്തിലാക്കും. എൽ.ഐ.സി.യുടെ ഹെൽത്ത് പ്ലസ് നിങ്ങളുടെയും, കുടുംബത്തിന്റെയും ആരോഗ്യസുരക്ഷയും സാമ്പത്തിക സുരക്ഷയും ഉറപ്പാക്കുന്നു.

**സവിശേഷതകൾ:**
- ഒരു യൂണിറ്റ് ലിങ്ക്ഡ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി allocated premium ത്തിന്റെ പത്ത് ശതമാനം മുതൽ അമ്പത് ശതമാനം വരെ ഓഹരി വിപണിയിൽ നിക്ഷേപിക്കുന്നു.
- ചേരാവുന്ന പ്രായം 18 മുതൽ 55 വരെ, പോളിസ് കാലാവധി പ്രിൻസിപ്പൽ ഇൻഷ്വേർഡിന് 65 വയസ് എത്തുന്നതുവരെ.
- പോളിസിയിൽ ആവശ്യമെങ്കിൽ ഭർത്താവ് /ഭാര്യ, പ്രായപൂർത്തിയാക്കാത്ത കുട്ടികൾ (3 മാസം മുതൽ 17 വയസുവരെ) എന്നിവരെക്കൂടി ഉൾപ്പെടുത്താവുന്നതാണ്. ചില പ്രധാനപ്പെട്ട ഡെപ്പോസിറ്റ് സ്കീമുകൾ നിർത്തലാക്കുന്നതിനാൽ ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക

എൽ.ഐ.സി കൊട്ടാരക്കര ബ്രാഞ്ചിൽ ഇൻഷുറൻസ് അഡ്വൈസറെ (ഏജന്റ്) ആവശ്യമുണ്ട്.

മിനിമം വിദ്യാഭ്യാസ യോഗ്യത
എസ്.എസ്.എൽ.സി പാസ്സായിരിക്കണം.
ഉടൻ ബന്ധപ്പെടുക. Mob: 9447192916, 9446185886

പുതിയ പോളിസികൾ എടുക്കുന്നതിന് ചുരുങ്ങിയ കാലയളവിൽ വലിയ ലാഭം കിട്ടുന്ന ഡിപ്പോസിറ്റ് സ്കീമുകളിൽ ചേരുവാനും ഞങ്ങളെ സമീപിക്കുക

# സുവിശേഷ പ്രവർത്തിക്കായി
# ഇതാ ഒരു സന്തോഷവാർത്ത

## നിങ്ങൾ ആഗ്രഹിച്ചിരുന്ന ഒരുസമ്പൂർണ്ണ ബൈബിൾ പഠനഗ്രന്ഥം

# സത്യഗ്രന്ഥം ചരിത്രം, റഫറൻസ് & കൺകോഡൻസ്

## എന്നു പേരുള്ള ബഹൃത്ഗ്രന്ഥത്തെക്കുറിച്ച് അല്പകാര്യങ്ങൾ

**1. സമ്പൂർണ്ണ ബൈബിൾ വിവർത്തനം.**

a. മൂലഭാഷകളായ ഹീബ്രൂവിൽനിന്നും ഗ്രീക്കിൽ നിന്നുമുള്ള പ്രഗത്ഭരായ ഹീബ്രൂ പണ്ഡിതന്മാരും
ഗ്രീക്കു പണ്ഡിതന്മാരും ചേർന്ന് വിവർത്തനം നിർവ്വഹിച്ച സമ്പൂർണ്ണ ബൈബിൾ വിവർത്തനമാണ്

**-സത്യഗ്രന്ഥം**

b.മറ്റു വിവർത്തനങ്ങളിൽ കടന്നുകൂടിയിട്ടുള്ള വിവർത്തനപിശകുകൾ 378 എണ്ണം മൂലഗ്രന്ഥത്തിലുള്ളതു പോലെ ശരിയായ അർത്ഥത്തിൽ തന്നെ സത്യഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. വിവർത്തന പിശകുകൾ തിച്ചറിയേണ്ടതിനായി അടിക്കുറിപ്പും നല്കിയിരിക്കുന്നു. വചനത്തോടുംമൂലഭാഷയോടും പൂർണ്ണമായി നീതി പുലർത്തിക്കൊണ്ട് ദൈവദാസന്മാരായ പണ്ഡിതന്മാർ ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടി നിർവ്വഹിച്ചബൈബിൾ വിവർത്തനമാണ് -സത്യഗ്രന്ഥം.

**ബൈബിൾ വിവർത്തനത്തിൽ**

ദൈവത്തെയോ യേശുവിനെയോ വിളിക്കുവാൻ അവൻ, നീ അദ്ദേഹംഎന്നീ വാക്കുകൾ മറ്റു വിവർത്തനങ്ങളിൽ ഉപയോഗിക്കുന്നതുപോലെ സത്യഗ്രന്ഥത്തിൽ ഉപയോഗിക്കുന്നില്ല അതിനുപകരം ദൈവത്തെയും യേശുവിനെയും ഭയത്തോടും വിറയലോടും ബഹുമാനത്തോടും കൂടെ അങ്ങ്, അവിടുന്ന്, അവിടുത്തെ, അങ്ങയോട്, അങ്ങേക്ക്, എന്നിങ്ങനെയാണ്. സത്യഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നത്

**മറ്റു വിവർത്തനങ്ങളിൽ**

ഉദാ: യഹോവയുടെ കോപം വീണ്ടും യിസ്രായേലിന്റെ നേരെ ജ്വലിച്ചു: നീ ചെന്ന് യിസ്രായേലിനെയും യെഹൂദയെയും എണ്ണുക എന്നിങ്ങനെ അവർക്കു വിരോധമായി ദാവീദിനു തോന്നിപ്പിച്ചു. എന്ന് 2 ശമൂ വേൽ 24:1-ൽ പറഞ്ഞിരിക്കുന്നു. എന്നാൽ ഇതേ സംഭവം 1 ദിനവൃത്താന്തം 21:1-ൽ അനന്തരം സാത്താൻ യിസ്രായേലിനു വിരോധമായി എഴുന്നേറ്റു യിസ്രായേലിനെ എണ്ണുവാൻ ദാവീദിനുതോന്നിപ്പിച്ചു. എന്നാണ് വിവർത്തനം ചെയ്തിരിക്കന്നത്. എന്നാൽ. മൂലഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത് അറിയണമെങ്കിൽ **സത്യഗ്രന്ഥം, (ചരിത്രം, റഫറൻസ് & കൺ കോഡൻസ്)** ബൈബിൾ നിങ്ങൾ വാങ്ങുകയും വായിക്കുകയും വേണം.

**ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച്.**

a. ഒരു ലക്ഷത്തിലധികം ബൈബിൾ പദങ്ങൾക്ക് കൺകോഡൻസുകൾ
b. പതിനായിരത്തിലധികം പ്രസംഗങ്ങൾ
c. പതിനായിരത്തിലധികം ഒത്തുവാക്യങ്ങൾ
a. ഉല്പത്തി മുതൽ വെളിപ്പാടുവരെയുള്ള എല്ലാ പുസ്തകങ്ങളുടെയും ആദ്യ പേജിൽ തന്നെ അടിസ്ഥാന
വിവരങ്ങൾ നല്കിയിരിക്കുന്നു.
b. എപ്പോൾ ആരാൽ രചിക്കപ്പെട്ടു, അദ്ധ്യായങ്ങൾ, വാക്യങ്ങൾ, ചരിത്രവാക്യങ്ങൾ, ചോദ്യങ്ങൾ, പ്രവചനങ്ങൾ, നിവർത്തിയായ പ്രവചനങ്ങൾ, ഇനിയും നിവർത്തിയാകുവാനുള്ള പ്രവചനങ്ങൾ, ലഘു അദ്ധ്യായങ്ങൾ, ദീർഘ അദ്ധ്യായങ്ങൾ, അരുളപ്പാടുകൾ, ദൈവത്തിൽ നിന്നുള്ള പ്രത്യേകദൂതുകൾ, മനുഷ്യശാസ്ത്രം, ഭൂമിശാസ്ത്രം വാനശാസ്ത്രം,മൂലതത്വങ്ങൾ, എഴുതിയ പശ്ചാത്തലം,എഴുതിയതിന്റെ ഉദ്ദേശ്യം, കല്പനകൾ, പ്രധാനവ്യക്തികൾ, അവരുടെ പ്രയാണങ്ങൾ ആദിപിതാക്കന്മാരുടെ ആയുഷ്കാലം, അവരുടെ ജനനമരണ കാലഘട്ടങ്ങൾ.

**ചാർട്ടുകൾ**

a. ബൈബിൾ എളുപ്പത്തിൽ മനസ്സിലാക്കുവാനും പഠിക്കുവാനും കഴിയുന്ന തരത്തിലുള്ള ചാർട്ട് -പനോരമ.
b. അപ്പൊസ്തലന്മാരുടെ മിഷണറി യാത്രകളും ബഹുവർണ്ണ ഭൂപടങ്ങളും പഠനലേഖനങ്ങളും.
c. ദൈവശാസ്ത്ര വിഷയങ്ങളുടെ പഠനലേഖനങ്ങൾ, അത്യപൂർവ്വങ്ങളായ ഫോട്ടോഗ്രാഫുകൾ, വിജ്ഞാന പ്രദമായ ചാർട്ടുകൾ, മാപ്പുകൾ, ഭൂപടങ്ങൾ.
d. ബൈബിൾ സംബന്ധമായ പലവിധത്തിലുള്ള എബ്രായമാസ, വർഷ, ശബ്ബത്ത് കലണ്ടറുകൾ.
e. പ്രധാനപ്പെട്ട എല്ലാ ദൈവശാസ്ത്ര വിഷയങ്ങളെപ്പറ്റിയും വിശദമായ പഠനലേഖനങ്ങൾ.
f. പഴയ പുതിയനിയമ അപ്പൊ-ക്രിഫാ പുസ്തകങ്ങളെക്കുറിച്ചുള്ള വിശദമായ പഠനം.
അന്ധകാരയുഗം, അടിസ്ഥാന ഉപദേശങ്ങൾ, സഭയിൽ
ശുശ്രൂഷിക്കേണ്ടത് എങ്ങനെ
.ര. യഹൂദാ ചരിത്രവും അവർ സഹിക്കേണ്ടി വന്ന പീഢനങ്ങളും.

**ചരിത്രപരമായകര്യങ്ങൾ**

a. മലാഖി പ്രവാചകനും വി. മത്തായിക്കും ഇടയിലുള്ള കാലഘട്ട ചരിത്രം.
b. സഭയുടെ ഇരുപതു നൂറ്റാണ്ടുകളായുള്ള സഭാചരിത്രം, ആദിമവിശുദ്ധന്മാർ സഹിക്കേണ്ടിവന്ന പീഢനങ്ങൾ, രക്തസാക്ഷികൾ, സഭാപിതാക്കന്മാർ, സുന്നഹദോസ്സുകൾ,
d. വി. പത്രോസ് മുതൽ ബനഡിക്ട് പതിനാറാമൻ വരെയുള്ള, കത്തോലിക്ക ഗഭ പറയുന്ന 265 പോപ്പുമാരുടെ ചരിത്രം.
e. സഭാനേതൃത്വത്തിൽ കടന്നുവന്നിട്ടുള്ളവർ, സഭയെ സഹായിച്ചവർ, ഉപദ്രവിച്ചവർ എന്നിങ്ങനെ യുള്ളവരുടെ ചരിത്രം,

**രാജ്യപരമായും പ്രാദേശികപരമായും**

a. ബൈബിളിൽ പ്രതിപാദിക്കുന്ന രാജ്യങ്ങളും അവയുടെ പൂർണ്ണ വിവരങ്ങളും. ആദ്യത്തെ പേര്, പിന്നീട് ഉണ്ടായപേര്, ഇപ്പോഴുള്ള പേര്, രാജ്യം എവിടെ സ്ഥിതി ചെയ്യുന്നു, ഏതു ഭൂഖണ്ഡത്തിൽ സ്ഥിതി ചെയ്യുന്നു, ഔദ്യോഗിക രാഷ്ട്രനാമം എന്ത്, സ്ഥാനം എവിടെ, വിസ്തൃതി എത്ര, ഔദ്യോഗിക ഭാഷ
ഏത്, സാക്ഷരത എത്രശതമാനം, തലസ്ഥാനംഎവിടെ, മറ്റു പ്രമുഖ നഗരങ്ങൾ ഏതെല്ലാം, നാണയം ഏത്, പ്രധാനമതങ്ങൾ ഏതെല്ലാം, പ്രതിശീർഷവരുമാനം എത്ര, കാർഷികോത്പന്നങ്ങൾ എന്തൊക്കെ, വ്യവസായികോത്പന്നങ്ങൾ എന്തൊക്കെ. ഖനിജങ്ങൾ ഉണ്ടങ്കിൽ അത് എന്തൊക്കെ, ജനസംഖ്യ.
a. ഇതുവരെ മലയാളത്തിലെന്നല്ല മറ്റ് ലോകഭാഷകളിൽ പോലും ഇത്തരമൊരു ബൃഹത്ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പട്ടിട്ടില്ല.
b. ഒരു ബൈബിൾ പഠിതാവിന് മാത്രമല്ല, ചരിത്രവിദ്ധ്യാർത്ഥിക്കും ഉപകരിക്കുന്നതരത്തിൽ വളരെയധികം ചരിത്രവിവരങ്ങൾ ചേർത്തിരിക്കുന്ന ഒരു അമൂല്യ റഫറൻസ് ഗ്രന്ഥമാണ് സത്യഗ്രന്ഥം (ചരിത്രം, റഫറൻസ് & കൺകോഡൻസ്. ടബൈബിൾ)

**പ്രസിദ്ധീകരിക്കുന്നത്.**

**സത്യഗ്രന്ഥം പബ്ലിക്കേഷൻസ്,**

2012 ഏപ്രിൽ 26-ന് സത്യഗ്രന്ഥംപ്രസിദ്ധീകരിക്കുന്നു. അയ്യായിരം(5,000)രൂപ മുഖവിലയുള്ള ഈ ഗ്രന്ഥം പ്രീ-പബ്ലിക്കേഷനിലൂടെ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു ഇപ്പോൾ ബുക്കു ചെയ്യുന്നവർക്ക് മൂവായിരത്തി എഴുന്നൂറ്റി അമ്പതു (3,750) രൂപയ്ക്കു നല്കുന്നു. ഞൈ.100,200,300,400,500, എന്നിങ്ങനെ (100)നൂറ് രൂപ
യുടെ ഗുണിതങ്ങൾ എത്രവേണമെങ്കിലും അടയ്ക്കാം. ഏജന്റുമാർ മുഖാന്തിരവും സത്യഗ്രന്ഥം പ്രവർത്തകർ മുഖാന്തിരവും പോസ്റ്റ് ഓഫീസ് വഴിയും നേരിട്ടും ബുക്കുചെയ്യുവാനും പണം അടയ്ക്കുവാനും സാധിക്കുന്നതാണ് സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർവഴിയും പണം അടയ്ക്കുവാൻ കഴിയുന്നതാണ് സത്യഗന്ഥം പബ്ലിക്കേഷന്റെ അക്കൗണ്ട്നമ്പർ (A/c.No. 67121542564. S.B.T. Vadavucode Branch.) RTGS/ NEFT/ GRPT Application form ) (IFSC No. SBTR 0000316 ) ഉപയോഗിച്ച് ഏതു ബാങ്കിന്റെ ബ്രാഞ്ചുവഴിയും സത്യഗ്രന്ഥം പബ്ലിക്കേഷൻസിന്റെ അക്കൗണ്ടിലേക്ക് വളരെ സൗകര്യപ്രദമായി പണം അയയ്ക്കുവാൻ സാധിക്കുന്നതാണ്.

### സഭാ നേതൃത്വങ്ങൾ പറയുന്നത്ശ്രദ്ധിക്കുക.



**റവ. ഡോ.കെ. സി. ജോൺ, ഐ.പി.സി. ജനറൽ പ്രസിഡന്റ്**

**ഇതര ലോകഭാഷകളിൽ പോലും പ്രസിദ്ധീകരിക്കപ്പെടാത്ത 'സത്യഗ്രന്ഥം'** എന്ന ഈ റഫറൻസ് ഗ്രന്ഥംഏതൊരു സുവിശേഷകർക്കും ബൈബിൾ പഠിതാക്കൾക്കും പ്രയോജനകരമായഒരു റഫറൻസ് ഗ്രന്ഥമാണ്.



**ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ**
**പ്രസിഡന്റ് റവ. കെ. എം. ജോസഫ്**

തിരുവചനപഠിതാക്കൾക്ക് അനിവാര്യവും ഏറെ പ്രയോജനപ്രദവും മാറ്റി വെയ്ക്കുവാൻ കഴിയാത്തതുമായ ഒരു അമൂല്യപഠന ഗ്രന്ഥമാണ്. '**സത്യഗ്രന്ഥം**' (22.12 .10-ൽ സത്യഗ്രന്ഥംഓഫീസ് സന്ദർശിച്ച സന്ദർഭത്തിൽ പറഞ്ഞത്)

**റവ. ഡോ: പി. എസ്. ഫിലിപ്പ് സൂപ്രണ്ട്**
**ഏ.ജി. മലയാളം ഡിസ്ട്രിക്ട് കൗൺസിൽ**



**ദൈവജനത്തിന് എന്നും അഭിമാനിക്കുവാൻ കഴിയുന്നഒരു ഉത്തമഗ്രന്ഥം.** സത്യഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിലൂടെ വിശ്വാസികളെയും വേദപഠിതാക്കളെയും ഒരു പോലെ സത്യവചനത്തിന്റെ ആധികാരികതയിൽ വിശ്വസ്തരായി നിലനിറുത്തുവാൻ തക്കവണ്ണം വിലയേറിയ ആത്മീയ സത്യങ്ങളെ അറിയിക്കുവാൻ സത്യഗ്രന്ഥത്തിനു കഴിഞ്ഞിട്ടുണ്ട്. വേദപുസ്തക സംബന്ധമായ അനേക കാര്യങ്ങൾ മനസ്സിലാക്കുവാൻ സഹായകമായതും ദൈവജനത്തിന് എന്നും അഭിമാ നിക്കുവാൻ കഴിയുന്നതുമായ ഒരു ഉത്തമഗ്രന്ഥമാകുന്നു **-സത്യഗ്രന്ഥം-**



**ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ഓവർസിയർ റവ. എം .കുഞ്ഞപ്പി**

സത്യഗ്രന്ഥം ഈ കാലഘട്ടത്തിന് ആവശ്യം. വേദപുസ്തക സത്യങ്ങളെപ്പറ്റി പഠിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരു പഠിതാവിനും മാറ്റിവയ്ക്കുവാൻ കഴിയാത്ത ഏറ്റവും ഉത്തമ പഠന സഹായിയാണ്. **-സത്യഗ്രന്ഥം-**

**റവ. ഡോ. റ്റി. ജി. കോശി**
**FAITH THEOLOGICAL SEMINARY മണക്കാല.**



**തിരുവചനപഠിതാക്കൾക്ക് അനിവാര്യവും ഏറെ പ്രയോജനപ്രദവും സത്യഗ്രന്ഥത്തിന്റെ സവിശേഷത ഒരു സമ്പൂർണ്ണ ബൈബിൾ പഠന ഗ്രന്ഥം** എന്ന നിലയിലാണ്. ആധുനിക ബൈബിൾ വിവർത്തന രംഗത്ത്, ഇത്ര ബൃഹത്തായ ഒരു ഗ്രന്ഥം മലയാളഭാഷയിൽ ഇദം പ്രഥമമായാണ് പ്രസിദ്ധീകരിക്കപ്പെടുന്നത്. ക്രൈസ്തവകൈരളിയ്ക്ക് നിസ്തുലമായ ഒരു സംഭാവനയാണ് **-സത്യഗ്രന്ഥം-**
1988-ൽ വിശ്വാസ ജീവിതം തുടങ്ങിയ സണ്ണികളമ്പുകാട്ടുശ്ശേരിയുടെ നീണ്ട ഇരുപത്തിരണ്ടു വർഷം കൊണ്ട് പ്രാർത്ഥനയിലൂടെയും പഠനത്തിലൂടെയും ജീവനുള്ള ദൈവത്തിൽ നിന്നും പ്രാപിച്ച അനുഗ്രഹത്തിന്റെയും ഫലമായി കർത്താവായ യേശു ഭരമേല്പിച്ച ദൗത്യമാണ് ഈടുറ്റ ഈ ബൃഹത്ഗ്രന്ഥം.

**സൗജന്യ കാറ്റ്ലോഗിനും കൂടുതൽ വിവരങ്ങൾക്കുമായി ഞങ്ങൾക്ക് എഴുതുക**

**ഞങ്ങളുടെ വിലാസം:**

# സത്യഗ്രന്ഥം പബ്ലിക്കേഷൻസ്

**IX/594, ഒന്നാം നില, ഗവ. സർവ്വന്റ്സ് സഹകരണ സംഘം ബിൽഡിംഗ്, പി. ഒ. പുത്തൻ കുരിശ്.**

**682 308; ഫോൺ: 0484; 311 3559 +919142 404 045; +919495 812 791; +91 9400189886**

സത്യഗ്രന്ഥം (ചരിത്രം, റഫറൻസ് & കൺകോഡൻസ്) ഏജന്റുമാരായി പ്രവർത്തിക്കുവാൻ താല്പര്യമുള്ള സഭാശുശ്രൂഷകന്മാരും, സുവിശേഷ പ്രവർത്തകരും സത്യഗ്രന്ഥം ഓഫീസുമായി ബന്ധപ്പെടുക. കൂടുതലായി അറിയുവാൻ തുടർന്നും ഈ പത്രിക വായിക്കുക.

തുടരും

# ഭവനസഹായം



ഡാളസ് മെട്രോ ചർച്ച് ഓഫ് ഗോഡ് കാഴ്ചയില്ലാത്ത വേലായുധൻ എന്ന വ്യക്തിക്കു നൽകിയ ഭവനസഹായം കൈമാറുന്നു.


## TORONTO CHURCH OF GOD

*"We are the Aroma of Christ..." 2 Cor. 2:15*

*Location :*
HUMBERLEA WORSHIP CENTRE
6803 Steeles Ave. West
Etobicoke, ON M 9V4R9
(South east corner of
Steeles & Hwy 27)

*Contact :*
Pastor . Loveji M. Elias
(647) 772-2669
Bro. Wilson Varghese
(416) 561 - 0894
E-mail:loveji.elias@gmail.com

**Sunday Worship - 4.30 p.m. *(Malayalam Service)***

ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ്

## ആലുവാ ഡിസ്ട്രിക്ട് കൺവൻഷൻ

**പറവൂർ ടൗൺ ഹോളിൽ**
**ഏപ്രിൽ 21 മുതൽ 24 വരെ**

**ഉദ്ഘാടനം : പാസ്റ്റർ വൈ. റെജി (ഡിസ്ട്രിക്ട് പാസ്റ്റർ)**

**പ്രസംഗകർ**



പാസ്റ്റർ എം കുഞ്ഞപ്പി



പാസ്റ്റർ വൈ. റെജി



ഡോ. കെ. ഓ. മാത്യു



റവ. പി.ഐ. ഏബ്രഹാം



പാസ്റ്റർ പി. ആർ. ബേബി



പാസ്റ്റർ പി.സി. ചെറിയാൻ



പാസ്റ്റർ ഷിബു കെ. മാത്യു

*ഗാനശുശ്രൂഷ*
**സാംസൺ ചെങ്ങന്നൂർ**

കൂടുതൽ വിവരങ്ങൾക്ക്
**9446911520**

## MANKULANGARA HOME STAY

Kerala Govt. Approved **"GOLD HOUSE"** Home Stay.
Mankulangara Bldgs., (Behind ICICI Bank) Ramanchira, Thiruvalla
Tel: 0469-2604394, 9447766394, 9446312292




**www.mankulangarahomestay.com**

## www.dofic.net

**DIRECTORY OF INDIAN CHRISTIANS**
TOUCH THE WORLD THROUGH THE DOFIC
**e-mail: doficja@gmail.com**
**mob: 9656408750, 9656408744**

ജോർദ്ദാൻ -> പാലസ്തീൻ -> ഇസ്രയേൽ -> സീനായ് -> ഈജിപ്ത്

## യെരുശലേമിലേക്ക്




"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ"
യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്ക് സമീപം അച്ചൻകുഞ്ഞ് ഇലന്തൂർ

### എല്ലാ മാസവും ടൂറുകൾ

സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!

പ്രത്യേകതകൾ

▶▶ സ്റ്റാർ ഹോട്ടലുകളിൽ താമസം ▶▶ മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം ▶▶ മികച്ചയാത്രാ സൗകര്യങ്ങൾ ▶▶ ഷോപ്പിംഗ് അവസരങ്ങൾ ▶▶ ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും ▶▶ പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

▶▶ ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.
▶▶ എല്ലാ സ്റ്റേറ്റുകളിൽ നിന്നും യാത്രകൾ.

**യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക**

**ഫോൺ: 0469 2634321/ 9847166994**

കൂടുതൽ വിവരങ്ങൾക്ക്
**MARUPPACHA,** PLANTHOTTAM COMPLEX,
TIRUVALLA - 1, PHONE : 0469-2634321
Website : www.marupacha.com. E-mail : maruppacha@yahoo.com

ADVT./-



പാസ്റ്റർ തോമസ് മാണി
ആന്ധ്രാ

# ഒരു ദൈവ മനുഷ്യന്റെ ജീവചരിത്രം



പരിശുദ്ധാത്മാവ് ഒത്തിരി സ്നേഹിച്ച ഒരു ദൈവദാസൻ. ഭൂമിയിൽ പിതാവായ ദൈവം തന്നെ ഏൽപ്പിച്ച പദ്ധതി ഏറ്റവും ശരിയായി ചെയ്തെടുക്കുവാൻ ദൈവം ഒരുക്കിയ ഒരു ദൈവ മനുഷ്യൻ, സാഹചര്യങ്ങളിൽ അത് സന്തോഷമായാലും ദുഃഖമായാലും ക്രിസ്തുവിൻ സ്നേഹം രുചിച്ചറിഞ്ഞ മനുഷ്യൻ. ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കുവേണ്ടി ഒരു കൈ പോലെ നിന്ന് പ്രവർത്തിച്ച വ്യക്തി. തന്നെ ഏല്പിച്ച ദൗത്യം യാതൊരു പ്രതിഫലേച്ഛയും കൂടാതെ ചെയ്ത് തീർത്ത ദൈവത്തിന്റെ വിശ്വസ്തൻ. കാരാഗ്രഹത്തിലുണ്ടായിരുന്ന സമയങ്ങൾ ഏറ്റവും സുരക്ഷിതമായ നിമിഷങ്ങളെന്ന് പറഞ്ഞ് ആസ്വദിച്ച മനുഷ്യൻ. ഉള്ള അവസ്ഥയും ഇല്ലാത്ത അവസ്ഥയും ഉള്ള അവസ്ഥ പോലെ ശീലിച്ച വ്യക്തി.

യേശുവിനെ ജീവനോടെ താൻ കണ്ടില്ലായെങ്കിലും കൊരിന്ത്യ സഭയ്ക്ക് ലേഖനം എഴുതിയപ്പോൾ സഭയോട് പറയുകയാണ് ' ഞാൻ കർത്താവിങ്കൽ നിന്ന് പ്രാപിക്കുകയും നിങ്ങളെ ഏൽപ്പിക്കുകയും ചെയ്യുന്നത് എന്തെന്നാൽ കർത്താവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്ത് ഞുറുക്കി' തുടർന്നുള്ള ഭാഗങ്ങൾ താൻ കണ്ടതു പോലെ എഴുതി. ഇത് ദൈവ മക്കളുടെ ശ്രുശ്രൂഷകളിൽ ശക്തമായി ഉപയോഗിക്കുന്ന വാക്കുകൾ. ഞാൻ കർത്താവിങ്കൽ നിന്ന് പ്രാപിച്ചത് എന്ന് സധൈര്യം വിളിച്ചു പറയുന്ന ദൈവത്തിന്റെ ദാസൻ.

ഇളക്കി മാറ്റുവാൻ കഴിയാത്തതും കുറ്റമില്ലാത്തതുമായ സഭയുടെ അപ്പോസ്തോലൻ. ഭൗതികം നോക്കി പ്രവചിക്കാത്ത എന്നാൽ ആത്മീയവും ആത്മീയ അനുഗ്രഹങ്ങളും പ്രസംഗിച്ചു നടന്ന ദൈവദാസൻ. സുവിശേഷത്തിനു വേണ്ടി ജീവൻ പോലും വിലകല്പ്പിക്കാതെ തുടരെ തുടരെ മിഷണറി യാത്രകൾ നടത്തിയ വ്യക്തി. രാവിലെ തുടങ്ങി രാത്രി വരെ യാതൊരു ക്ഷീണവും മടുപ്പും ഇല്ലാതെ തന്റെ മുമ്പിലെത്തുന്ന ജനങ്ങളെ ഉപദേശിച്ച ഉപദേഷ്ടാവ്. ഇടയ ശ്രുശ്രൂഷകൾ എന്നത് ദൈവം തനിക്ക് നൽകിയ ഉദ്യോഗം എന്ന് പ്രസ്താവിച്ച മനുഷ്യൻ. ദൈവമക്കൾ, അവർ ദൈവത്തിന്റെ മക്കളെന്നും അങ്ങനെയുള്ളവർ, അവകാശികൾ ആണെന്ന് പ്രഖ്യാപിച്ച മനുഷ്യൻ. ശ്രുശ്രൂഷകർ ഘനശാലികൾ ആകണം എന്ന് തറപ്പിച്ച് പറഞ്ഞ്, താൻ അങ്ങനെ ആകുവാൻ ശ്രമിച്ചുകൊണ്ടിരുന്ന ആൾ. യേശുവിന്റെ കൂടെയുള്ള യാത്രയിൽ മറ്റെല്ലാം ചവർ എന്ന് എണ്ണിയ മനുഷ്യൻ. പൗലോസ് തന്റെ പ്രവർത്തനങ്ങളിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും, മരിച്ചു പോയവർ ഉയിർത്തെഴുന്നേൽക്കുന്ന ശുശ്രൂഷ വരെ ചെയ്തെങ്കിലും പൗലോസിലൂടെ നമുക്ക് ലഭിച്ച 14 ലേഖനങ്ങളിലും താൻ ചെയ്ത അത്ഭുതങ്ങളിൽ തന്നിലൂടെ നടന്ന ഒരു അത്ഭുതത്തിന്റെയും വീര്യ പ്രവർത്തിയുടെയും വിവരണം നമുക്ക് കാണുവാൻ കഴിയുന്നില്ല. എന്നാൽ അപ്പോസ്തോലന്മാരുടെ പ്രവർത്തികളെഴുതിയ ലൂക്കോസ് ഇതൊക്കെയും വിവരിക്കുന്നു. കൂടാതെ വളരെ വ്യത്യസ്തമായ ഒരു വിവരണം കൂടി ലൂക്കോസ് നമുക്ക് നൽകുന്നു.

പൗലോസിന്റെ മേൽ കിടന്നിരുന്ന റൂമാലും ഉത്തരിയവും രോഗികളുടെ മേൽ ഇട്ടപ്പോൾ സൗഖ്യങ്ങളുണ്ടായെന്നും ദുരാത്മാക്കൾ വിട്ടു പോയെന്നും.

പരിശുദ്ധാത്മാവ് പൗലോസിനെ വളരെ സ്നേഹിച്ചു. പരിശുദ്ധാത്മാവിന് താൻ ആഗ്രഹിച്ചതു പോലെ പ്രവർത്തിക്കുവാൻ ലഭിച്ച വ്യക്തി. പരിശുദ്ധാത്മാവിന്റെ ഹിതം അറിഞ്ഞ് ശുശ്രൂഷ ചെയ്യുവാൻ സകലതും സമർപ്പിച്ച വ്യക്തി. തന്റേതായ ഒന്നിനും മുൻഗണന കൊടുക്കാതെ പരിശുദ്ധാത്മാവിന്റെ ഹിതത്തിനു വേണ്ടി പൂർണ്ണമായി സമർപ്പിച്ച വ്യക്തി. പരിശുദ്ധാത്മാവിന് എല്ലാ ഇടങ്ങളിലും തന്റെ ശുശ്രൂഷ ചെയ്തെടുക്കാവാൻ ഉള്ളതു കൊണ്ടും പൗലോസിന് എല്ലാ ഇടങ്ങളിലും എത്തുവാൻ കഴിയാതിരുന്നതു കൊണ്ടും പൗലോസിന്റെ ഉത്തരീയം കൊണ്ടു പോകുവാൻ വെളിപ്പാട് ലഭിച്ചവൻ അതുമായി പോയ ഇടങ്ങളിലെല്ലാം തന്നെ, ഉത്തരിയത്തിലൂടെ പരിശുദ്ധാത്മാവ് പ്രവർത്തിച്ചു കൊണ്ടിരുന്നു.

പരിശുദ്ധാത്മാവിന് പൗലോസ് എന്ന ഒരു മാധ്യമം ആവശ്യമുണ്ടായിരുന്നു. ഇന്നും വിശ്വസിക്കുന്നവരിൽ ആരും ആഗ്രഹിക്കാത്ത തലങ്ങളിലൂടെ ഒക്കെ പരിശുദ്ധാത്മാവ് പ്രവർത്തിക്കും. ആ ഭാഗത്തേക്കുറിച്ച് നാം മനസ്സിലാക്കുമ്പോൾ, ഇന്ന് പലയിടങ്ങളിലും പല ശുശ്രൂഷകന്മാരും ഉത്തരിയവും തൂവാലയുമൊക്കെ കൊണ്ട് പല ശുശ്രൂഷകൾ ചെയ്യുന്നത് നമുക്ക് കാണുവാൻ കഴിയും. എന്നാലൊരു കാര്യം നാം മനസ്സിലാക്കുക.

ഇന്ന് നാം അതു പോലെ ഉത്തരിയവും തൂവാലയും കൊണ്ടൊരു ശുശ്രൂഷ ചെയ്താൽ, ആ ശുശ്രൂഷ പരിശുദ്ധാത്മാവിന് എത്രമാത്രം ഉത്തരവാദിത്വം ഉണ്ടെന്ന് മനസ്സിലാക്കണം. പരിശുദ്ധാത്മാവിന്റെ ഹിതം അനുസരിച്ച് ആണോ ആ ശുശ്രൂഷകൾ ചെയ്യുന്നത് എന്ന് ചെയ്യുന്നവരും അത് പ്രാപിക്കുവാൻ ഇരിക്കുന്നവരും മനസ്സിലാക്കണം.

നാം എന്തു ചെയ്താലും പരിശുദ്ധാത്മാവ് പ്രവർത്തിക്കണം എന്ന രീതി തെറ്റാണ് കാരണം, പൗലോസിന്റെ ശുശ്രൂഷയിൽ മറ്റുള്ളവർ ചെയ്തതും കണ്ടതും അനുകരിക്കുന്നില്ല. പരിശുദ്ധാത്മാവ് ഒരോ സമയങ്ങളിൽ തന്നോട് പറഞ്ഞത് താൻ പ്രവർത്തിച്ചു. പൗലോസിന്റെ ശുശ്രൂഷകൾ ഒരോന്നും തനിയാവർത്തനങ്ങളല്ല പൗലോസ് തന്റെ ശ്രുശ്രൂഷകളിൽ സംഭവിച്ച ഒരു അത്ഭുതത്തെയും അടയാളങ്ങളെയും കുറിച്ച് ലേഖനങ്ങളിൽ ഒന്നും വിവരിക്കുന്നില്ല.

യഥാർത്ഥ ആത്മ മണ്ഡലം വെളിപ്പെടുത്തുവാൻ ദൈവം തിരഞ്ഞെടുത്ത ഒരു ദൈവ മനുഷ്യനാണ് പൗലോസ്. 'ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതു പോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ' എന്ന് സധൈര്യം ലോകത്തോട് വിളിച്ചു പറഞ്ഞു. ഒരു വെളിപ്പാട് ലഭിച്ചു എന്നുള്ളതു ഭാവിച്ചു തനിക്കെല്ലാം ലഭിച്ചുവെന്ന് ഭാവിക്കാതെ 14 സംവത്സരങ്ങൾ യാഥാർത്ഥ ക്രിസ്തുവിലേക്കുള്ള പാതയിലൂടെ സഞ്ചരിച്ച് അവിടെ വെച്ച് ക്രിസ്തുവിനെ കണ്ടെത്തി. കേവലം വാക്കുകളല്ല എന്റെ പ്രസംഗം സർവ്വശക്തൻ ആയ ദൈവത്തിന്റെ ശക്തിയാണ് എന്റെ പ്രവർത്തിയുടെ അടിസ്ഥാനം എന്ന് സഭയോട് ദൃഢം പറഞ്ഞ ആൾ. വചനത്തിലല്ല ശക്തിയിലത്രേ എന്ന് ധൈര്യപൂർവ്വം പറഞ്ഞ ആൾ, ക്രിസ്തുവിനെ താൻ കണ്ടെത്തിയപ്പോൾ ഇനി തന്നിലൂടെ നടക്കുന്ന സകലതും, ക്രിസ്തു ആയിരിക്കട്ടെ, താൻ എന്ന വ്യക്തി തന്നിൽ മരിക്കട്ടെ എന്ന് ആഗ്രഹിച്ച വ്യക്തി.

കൃപയുടെ യുഗം ക്രിസ്തുവിലൂടെ ആരംഭിച്ചുവെന്ന് വെളിപ്പാട് ലഭിച്ച വ്യക്തി. പിതാവാം ദൈവത്തിന്റെ സ്നേഹം യേശുക്രിസ്തുവിലൂടെ തിരികെ ലഭിച്ചുവെന്ന് വിളിച്ചു പറഞ്ഞ വ്യക്തി.

വെളിപ്പാടുകളുടെ ആധികൃത്താൽ നിഗളിച്ചു പോകരുത് എന്ന്, തന്നോട് തന്നെ പറഞ്ഞ് , തന്നെ എപ്പോഴും ശാസിക്കുന്ന വെളിപ്പാടുകളുള്ള മനുഷ്യൻ. പൗലോസ് ലുദിയായോട് യേശുക്രിസ്തുവിനെ പ്രസംഗിച്ചു. അവൾ ദൈവപൈതലായി മാറുകയും ആ ദേശത്തെ ആദ്യ ക്രിസ്ത്യാനി ആവുകയും ആ ദേശം മുഴുവനും അത് വ്യാപരിക്കുന്നതിനും ഇടയായി.

ശൂന്യമായിരിന്ന അവളുടെ ഹൃദയത്തെ ആവശ്യമായ സകലതും കൊണ്ട് നിറച്ചു. അവൾ യേശുവിന്റെതായി മാറി. ഈ കാലഘട്ടത്തിന്റെ ശുശ്രൂഷ മാതൃകയാണിത്. പരിശുദ്ധാത്മാവോട് ചേർന്ന് നടക്കുന്നവർ ഇതുവരെ ആരും ചെയ്യാത്തതും എന്നാൽ 1-ാം നൂറ്റാണ്ടിൽ പൗലോസ് തുടങ്ങിയ വിശുദ്ധന്മാർ ചെയ്ത ശുശ്രൂഷ നിവർത്തിക്കും. പൗലോസിന്റെ ജീവിതവും ശുശ്രൂഷയും സകല ക്രൈസ്തവർക്കും ഒരു വെല്ലുവിളിയാണ്.

## സൗജന്യ തയ്യൽ പരിശീലനം

**തങ്കമണി:** ചർച്ച് ഓഫ് ഗോഡ് തങ്കമണി സഭയുടെ നേതൃത്വത്തിൽ ആരംഭിച്ച സൗജന്യ തയ്യൽ പരിശീലനം ഹൈറേഞ്ച് സോണൽ ഡയറക്ടർ പാസ്റ്റർ ജി അലക്സ് ഉദ്ഘാടനം ചെയ്തു. കട്ടപ്പന ഡിസ്ട്രിക്ട് പാസ്റ്റർ തോമസ് എം പുളിവേലിൽ അദ്ധ്യക്ഷനായിരുന്നു. സോണൽ സെക്രട്ടറി പാസ്റ്റർ ഷാജി ഇടുക്കി ആശംസാ സന്ദേശം നൽകി. 14 കുട്ടികൾ ഇവിടെ പഠിക്കുന്നു. പാസ്റ്റർ ജോൺസൻ മാത്യു ഇവിടെ ശ്രുശ്രൂഷിക്കുന്നു.

## ഏകദിന സമ്മേളനം

**കൊട്ടാരക്കര:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് വൈ.പി.ഇ കൊട്ടാരക്കര സോണലിന്റെ ആഭിമുഖ്യത്തിൽ കില്ലൂർ ദൈവസഭാ ഹാളിൽ ഏകദിന സമ്മേളനം നടന്നു. യൂത്ത് വിത്ത് മിഷൻ എന്ന പ്രസ്ഥാനത്തിന്റെ 5 രാജ്യങ്ങളിൽ നിന്നുള്ള അംഗങ്ങൾ വിവിധ പ്രോഗ്രാമുകൾ അവതരിപ്പിച്ചു. സോണൽ കോ-ഓഡിനേറ്റർ പാസ്റ്റർ ബിജു.ബി ജോസഫ്, പാസ്റ്റർ ബിനു ചെറിയാൻ, ജോൺസൺ ആർ എന്നിവർ നേതൃത്വം നൽകി.

**യുഗാന്ത്യസന്ദേശത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം എഴുത്തുകാർക്ക് മാത്രമുള്ളതായിരിക്കും.**

**ഭാവന**

ഇവാ: കുര്യൻ. കെ. രാജു

# 'സാത്താന്റെ വിലാപം'

അയ്യോ ഈ ജനം എന്നെ വല്ലാതെ വലയ്ക്കുന്നു. അവർക്ക് എന്നെയും വേണ്ട ദൈവമേ നിന്നെയും വേണ്ട. അന്നു ഞാൻ നിന്നോട് എന്റെ പാപം ഏറ്റു പറഞ്ഞിരുന്നു എങ്കിൽ നീ ക്ഷമിക്കുമായിരുന്നു എന്നെനിക്കറിയാം. പക്ഷേ എന്റെ അഹംഭാവവും, നിഗളവും, എന്നെ അതിന് അനുവദിച്ചില്ല. അതിന് കാരണവും ഉണ്ട്.

പിതാവേ അങ്ങയുടെ മഹത്വവും ഇരിപ്പിടവും, അലങ്കാരങ്ങളും എന്നെ മത്തു പിടിപ്പിച്ചു എന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. കൂടാതെ യേശുവിനോടുള്ള നിന്റെ സ്നേഹവും കണ്ടപ്പോൾ എന്നോടുള്ള സ്നേഹം കുറഞ്ഞു എന്ന് ഞാൻ കരുതി. നിന്റെ വരവും പോക്കും എഴുന്നള്ളത്തും എല്ലാം എന്നിൽ അസൂയയുടെ വിത്ത് പാകി.

അങ്ങ് സൃഷ്ടിച്ച കൂട്ടുകാരോട് ഞാൻ ഈ കാര്യം ആലോചിച്ചപ്പോൾ അവരിൽ കുറെ പേർ എന്റെ അഭിപ്രായമുള്ളവരായി കണ്ടു.അവർ എനിക്ക് പൂർണ്ണ പിന്തുണ നൽകി. എന്റെ അഹംഭാവവും, നിഗളവും, എന്റെ ഹൃദയം നിന്നോടുള്ള വിദ്വേഷം കൊണ്ട് നിറഞ്ഞു. ഞാൻ ഈ കാര്യങ്ങൾ ഒക്കെ ഹൃദയത്തിൽ ചിന്തിച്ച് നിന്റെ സ്ഥാനം കൈയ്യടക്കണമെന്നും അങ്ങയെപ്പോലെ ലോകത്തെ നിയന്ത്രിക്കണമെന്നും ചിന്തിച്ചപ്പോൾ തന്നെ ' ഇതാ കിടക്കുന്നു ധരണിയിൽ എന്നു പറഞ്ഞതുപോലെ, ഞെട്ടറ്റ ഇല പോലെ, വെട്ടേറ്റ് ചിറകരിഞ്ഞ് ധരണിയിലേക്കുള്ള എന്റെ വീഴ്ച എത്ര ഭയാനകമായിരുന്നുവെന്നോ' എങ്കിലും ഞാൻ തോറ്റു പിന്മാറിയില്ല എന്റെ കൂടെ സഹകരിച്ച എന്റെ കൂട്ടാളികളുമായി ഞാൻ അങ്ങയോട് പൊരുതി എന്നതും സത്യമാണ്. എന്റെ വാശി എന്നെകൊണ്ടതു ചെയ്യിച്ചു എന്നതാണ് സത്യം.

തീർന്നില്ല എനിക്ക് പകരമായി മനുഷ്യനെന്ന പുതിയ സ്രഷ്ടിയേയും ഉണ്ടാക്കി. അങ്ങും അവരും തമ്മിലുള്ള സ്നേഹസഹവാസം വീണ്ടും എന്നിൽ വൈരം നിറച്ചു. ഞങ്ങൾ ആലോചിച്ച് ' പ്രതികാരം' ചെയ്യുവാനുറച്ചു.അതിൽ ഞങ്ങൾ വിജയിച്ചു എന്നതും അങ്ങേയ്ക്കറിയാവുന്ന കാര്യമാണല്ലോ. പിതാവേ അങ്ങയുടെ മനുഷ്യ സ്രഷ്ടികൾ ഞങ്ങൾ പറഞ്ഞതുപോലെ ഒക്കെ ചെയ്തു. മക്കളും മക്കളുടെ മക്കളും അതിനുമപ്പുറം ചെയ്തു. എനിക്ക് സന്തോഷമായി എനിക്ക് വിധിച്ച ശിക്ഷ അനുഭവിക്കുവാൻ ഞാൻ മാത്രമല്ലല്ലോ, അങ്ങ് സ്നേഹിച്ചും കരുതിയും ഉണ്ടാക്കിയ മനുഷ്യകുലവും ഉണ്ടല്ലോ എന്ന് ഞാൻ ആശ്വസിച്ചു.

എന്നാൽ പിതാവേ ഇപ്പോൾ അവർ എന്നിലും ബലമേറിയവർ ആയി. അവരുടെ ആവശ്യങ്ങൾ നടക്കുവാൻ എന്റെ അടുക്കലും പിതാവേ അങ്ങയുടെ അടുക്കലും വരുന്നതിന് അവർക്ക് യാതൊരു മടിയുമില്ല. കാര്യം നടന്നില്ലെങ്കിൽ എന്നെയും പിതാവേ അങ്ങയെയും കുറ്റം പറയുന്നതിന് മടികാണിക്കുന്നതുമില്ല. എന്റെ ശിക്ഷയുടെ കാലാവധി നിശ്ചയിക്കപ്പെട്ടതുപോലെ നടക്കും എന്നെനിക്കറിയാം. അല്പം കൂടെ സാവാകാശം ലഭിക്കുവാൻ വേണ്ടി ഞാൻ മനുഷ്യർക്ക് ഒരോരോ ഉപായങ്ങൾ പറഞ്ഞുകൊടുത്തു ഇപ്പോൾ തുടരുകയും ചെയ്യുന്നു. അതിൽ ഞാൻ തൃപ്തനായിരുന്നു. മനുഷ്യകുലത്തെ രക്ഷിക്കുന്നതു അവിടുത്തേ പദ്ധതി ആയിരുന്നതിനാൽ രക്ഷാ പൂർത്തികരണം കഴിവതും താമസിപ്പിക്കുവാൻ ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ പിതാവേ ഇപ്പോഴുള്ള മനുഷ്യ തലമുറ എന്റെ പേരും പറഞ്ഞ് മതവും ഉണ്ടാക്കി സാത്താന്യ മതം.

പണ്ട് ഞാൻ സാത്താനെന്ന് പറഞ്ഞ് അവരുടെ അടുത്ത് ചെന്നിരുന്നെങ്കിൽ അവരെന്നെ സ്വീകരിക്കില്ലായിരുന്നു. എന്നാൽ ഇന്ന് അവരെന്നെ കടത്തി വെട്ടി. അതിൽ ജാതികളെന്നോ, ക്രിസ്താനികളെന്നോ, വിശ്വാസികളെന്നോ ഭേദം കൂടാതെ എന്നെ തോല്പിച്ചുകൊണ്ടിരുന്നു. അവർ വേണ്ടതെല്ലാം ചെയ്തിട്ട് എന്റെ പേരും പറഞ്ഞ് ഞാനാണ് കാരണം എന്നും പറഞ്ഞ് എന്നെ ബലിയാടാക്കുന്നു. അവർക്ക് ലോകത്തിൽ വേണ്ടതൊക്കെ എന്റെ പേരും പറഞ്ഞ് ചെയ്യുന്നു. ഇതൊന്നും ഞാൻ മനസ്സിൽകൂടി ചിന്തിച്ചിരുന്നില്ല എന്ന് അങ്ങേയ്ക്ക് അറിവുള്ളതാണല്ലോ.

പിതാവെ ഈ പോക്കു പോയാൽ എന്റെ കാര്യം മഹാകഷ്ടമാണ്. എനിക്ക് അവിടുന്നു കല്പിച്ചു തന്ന സമയം തീരുന്നതിന് മുൻപ് അവർ എന്നെ നരകത്തിലാക്കും. എന്ന് ഞാൻ ഭയപ്പെടുന്നു, അതുകൊണ്ട് പിതാവെ ഈ ജനത്തെ എങ്ങനെ എങ്കിലും നശിപ്പിച്ച് എന്റെ ശിക്ഷാ കാലാവധി കുറച്ചു കൂടി നീട്ടി തരണമന്ന് ഞാൻ അപേക്ഷിക്കുന്നു.

എന്റെ കുറ്റങ്ങൾ ഞാൻ ഓർക്കുന്നു എനിക്ക് പകരമായുണ്ടാക്കിയ മനുഷ്യന് അറിവിന്റെ ഫലം പറിച്ചു തിന്നുവാൻ ഞാൻ ഉപദേശിച്ചു എന്നത് സത്യമാണ്. ഇപ്പോ അവരുടെ സർവ്വ വിജ്ഞാനകോശം എന്നെ പഠിപ്പിക്കുകയാണ്. അവരുടെ രക്ഷക്കു വേണ്ടി അയച്ച യേശുവിനെ ഞാൻ പരിക്ഷിച്ചു എന്നതും സത്യമാണ്. ഇപ്പോൾ ഈ ജാതി എനിക്കും സ്വസ്ഥത തരാതെ എന്നെ വലയ്ക്കുകയാണ്

യേശുവിന് ഞാൻ കയ്പ്പു നീരു കുടിക്കുവാൻ കൊടുത്തപ്പോൾ അവർ എനിക്ക് തരുന്നത് മോഷ്ടിച്ച തിരുവോസ്തിയും അവരുടെ പാതിരിമാർ കുടിച്ചവശേഷിപ്പിച്ച വീഞ്ഞുമാണ്. ആദമിന്റെയും ഹവ്വയുടേയും തേജസ്സിന്റെ വസ്ത്രം ഞാൻ നഷ്ടമാക്കി പകരം എന്റെ മുന്നിൽ നഗ്ന പൂജ ചെയ്ത് പകരം വീട്ടുന്നു. ഇതൊന്നും പോരാഞ്ഞു അവർ ചെയ്യുന്ന സകല അധർമ്മങ്ങളിലും എന്റെ പേര് ചാർത്തി എന്നെ പീഢിപ്പിക്കുകയാണ്. ഈ വക പീഢകൾ ഒക്കെ സഹിക്കുവാൻ തക്ക പാപം ഞാൻ ചെയ്തുവോ.

പിതാവേ അങ്ങയോടെനിക്കൊരു അപേക്ഷയുള്ളു ഈ മനുഷ്യ സന്തതികളെ പിശാചിന്റെ സന്തതികളെ എന്ന് വിളിക്കുവാൻ കൂടി ലജ്ജിക്കുന്നു ഇവറ്റകളെ നശിപ്പിച്ച് എന്നെ ഇവരിൽ നിന്നും രക്ഷിക്കണമേ!

# സൂപ്പർ ബൈബിൾ ക്വിസ് 03

**സിസ്റ്റർ സൂസ്സൻ ആൻഡ്രൂസ്, കുവൈറ്റ്**



1. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ?
2. സത്യമായുള്ള വചനങ്ങൾ കണ്ടെത്തുവാൻ ഉത്സാഹിച്ച ആൾ?
3. സത്യം പറയുന്നവൻ അറിയിക്കുന്നത് എന്ത് ?
4. ജ്ഞാനി ഭയപ്പെട്ട് അകറ്റിനടക്കുന്നത് എന്ത്?
5. "ഞാൻ മനുഷ്യന്റെ നിമിത്തം ഇനി ഭൂമിയെ ശപിക്കയില്ല" എന്ന് യഹോവ അരുളിചെയ്തത് ആരോട്?
6. യിസ്രായേൽ മക്കൾക്കുവേണ്ടി യഹോവയുടെ വലംകൈയിൽ ഉണ്ടായിരുന്ന പ്രമാണം ഏത്?
7. സകല ന്യാപ്രമാണവും, പ്രവാചകൻമാരും അടങ്ങിയിരിക്കുന്ന കല്പനകൾ എത്ര?
8. "മതി, ഈ കാര്യത്തെകുറിച്ച് ഇനി എന്നോട് സംസാരിക്കരുത്" എന്ന് യഹോവ പറഞ്ഞത് ആരോട്?
9. തുലാസിന്റെ തട്ടിൽ പൊങ്ങി പോകുന്നത് ആരെല്ലാം ?
10. വേഗത്തിൽ തന്റെ കൈകളെ ദൈവത്തിങ്കലേക്ക് നീട്ടുന്നത് ആർ?
11. എന്ത് കണ്ടിട്ടാണ് വിദ്വാന്മാർ അത്യന്തം സന്തോഷിച്ചത്?
12. യഹോവയുടെ ദൂതനെ കണ്ടപ്പോൾ മതിലരികെ ഒതുങ്ങിയത് ആർ?
13. യാഗപീഠത്തിനും, ആലയത്തിനും നടുവിൽ വച്ചു പട്ടുപോയ ആൾ?
14. ഓട്ടത്തിനു വട്ടം കൂട്ടുന്ന നിവാസികൾ?
15. സകലദോഷങ്ങളിൽ നിന്നും യാക്കോബിനെ വിടുവിച്ചത് ആർ?
16. ദൈവാലയത്തിലേക്ക് പോകുമ്പോൾ സൂക്ഷിക്കേണ്ടത് എന്ത്?
17. അറബിക്കാരൻ എവിടെ കൂടാരം അടിക്കയില്ല?
18. എല്ലാവരോടും സമാധാനം ആചരിച്ച് ഏതു പ്രാപിക്കുവാൻ ഉത്സാഹിക്കേണം?
19. "റബ്ബീ, നീ ദൈവപുത്രൻ, നീ യിസ്രായേലിന്റെ രാജാവ്" എന്ന് യേശുവിനോട് ഉത്തരം പറഞ്ഞ ആൾ?
20. ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചും കൊണ്ടു ആകാശത്തിലെ മേഘങ്ങളിൽമേൽ മഹാശക്തിയോടും, തേജസ്സോടും കൂടെ ആർ വരുന്നത് കാണും?

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ

1) ക്രിസ്തു,(കൊലോ: 2:9) 2) യോനാഥാൻ (1 ദിന 27:32) 3) യിരെമ്യാവ് (യിരൃ 11:5) 4) നസറയനായ യേശു (ലൂക്കോ 24:19) 5) ഹൃദയവിശാലത (1 രാജ 4:29) 6) യിസ്രയേൽ മക്കളുടെ പ്രമാണിമാർ (പുറ 24:19) 7) ലേവി (ആവർ 33:8,9) 8)പത്രോസ് (മത്താ 26:40) 9) അഹരോന്റെ വടി (സംഖ്യ 17:10) 10)യെഹൂദ്യർ (2 ദിന 20:4) 11) ഏദോം (1 രാജ 22:47) 12) ഗദരദേശക്കാർ (മത്താ 8:14) 13) പാറകൾ (മത്താ 27:52) 14) കിബ്രോത്ത്-ഹത്താവ (സംഖ്യ11:34)15) മാരോത്ത് (കൈയ്പ്പ്)(മീഖാ 1:12) 16) അമോര്യൻ (അമോ 2:9) 17) പട്ടണമേനവൻ (അപ്പോ 19:40) 18) ഹാനോക്ക് (ഉല്പ 4:17) 19) ദാവീദ് (1 ദിന 29:28) 20)യേശു (എബ്ര 3:3 )

### സുപ്പർ ബൈബിൾ ക്വിസ്സ് മത്സരം 2 ൽ എല്ലാ ഉത്തരവും ശരിയാക്കിയവർ

ബ്ലസ്സി പ്രെയ്സ് കാരയ്ക്കൽ, സുജ മോൻസി തലയനാട്, സാനി മോനച്ചൻ ഇളം ങ്കാട്, മേഴ്സി സാം ഇരവിപേരൂർ,ആലിസ് ജോയി ഐരാണിക്കുടി, ബിന്ദു മാത്യു മുക്കുട്ടുതറ, സാറാമ്മ ജെയിംസ്, കാനഡ, റിൻസി ടെസിൻ പി.ഡി.ഹിൽസ്, എസ്റ്റിൻ സൈമൺ പത്തനംതിട്ട, ശോശാമ്മ എബ്രഹാം പുതുപ്പള്ളി, ഷീജാ ജോൺ വേലനിലം, ഗ്രേസ് വർഗീസ് ശൂരനാട്, ബ്ലസ്സി റോസ് പി മാത്യു പുവൻതുരത്ത്, സൂസൻ ജോർജ്ജ് തിരുവനന്തപുരം, അന്നമ്മ രാജു കരുവാറ്റ, ലിനൊ മേരി വർഗീസ് താഴം, മറിയാമ്മ വർഗീസ് മുടിയൂർക്കോണം, അനിതാ ഗോംസൺ ചെന്നൈ,മോളി സൈമൺ എണ്ണക്കാട്, സുജ ദിനേഷ് കൊല്ലം പിങ്കി സ്റ്റാൻലി ചൂനാട്, ഗ്രേസ് ജേക്കബ്ബ് പൂവത്തൂർ, അന്നമ്മ ജേക്കബ്ബ് പൂവത്തൂർ, എലിസബത്ത് തിരുവല്ലാ, ലില്ലി സണ്ണി കുവൈറ്റ്,സുസമ്മ ഗ്ലാഡ്സൺ കോയിപ്പുറം, സുസമ്മ വർഗീസ് ചെങ്ങന്നൂർ, ലൗവ്ലി ഷാജി തോമസ് കരിക്കുളം,സാലി സജി പാക്കിൽ, ലില്ലി ജേക്കബ്ബ് പൂവൻതുരുത്ത്, സാറാമ്മ ജെയിംസ് അഹമ്മദാബാദ്, പ്രമീളാ തോമസ് മുംബയ്, നിർമ്മല ഷാജി കുളത്തുർ,ലീലാമ്മ ജോസഫ് കവിയൂർ, സൂസമ്മ ജോസ് ഏറുമ്പടം, ദീപാ ബിജു ഏറ്റുമാനൂർ,ജോർജ്ജ്കുട്ടി ദാനിയേൽ ഫിലദെൽഫിയ ഗ്രേസ് ജേക്കബ് കുവൈറ്റ്, ഷീജാ ബിജു വാഴൂർ, ജൈനമ്മ തോമസ് പുനലൂർ, ലീലാമ്മ ജോൺ ഒറ്റക്കൽ, സൂസൻ ചെറിയാൻ ഇലന്തൂർ,ഷീബാ സത്യപാൽ കോവളം, ജൂലി മോൾ എൽസാ പാട്രിക്ക് കുടപ്പനക്കുന്ന്, സാറാമ്മ പാട്രിക്ക് പറണ്ടോട്,ഗ്രേസ് ചിന്നു വർഗീസ് ഇടപ്പാവൂർ,ഗ്രേസി സാം അടുകോടി.

### സുപ്പർ ബൈബിൾ ക്വിസ്സ് മത്സരം 2 ൽ പങ്കെടുത്തവർ

ഫെയ്ത്ത് ആന്റണി തൊടുപുഴ, മറിയാമ്മ തോമസ് ഓമല്ലൂർ, ശാന്തമ്മ തങ്കച്ചൻ ശൂരനാട്, കുഞ്ഞമ്മ ജോൺ തിരുവല്ല,ദീനാ ബിജു മാമലശ്ശേരി, എൽസമ്മ സാബു ശൂരനാട്, റോസമ്മ ജോർജ്ജ് മേലുകാവ്,മേരിക്കുട്ടി പ്രക്കാനം, ലിസ്സി മാത്യു വെണ്ണിക്കുളം, , വൽസമ്മ ഈശോ കുന്നം, അന്നമ്മ കെ.വി കുരിയച്ചിറ,ഏലിയാമ്മ വിൻസന്റ് അഹമ്മദാബാദ്, റ്റോമിനി ബിനു മുംബയ്, സുജ ഡേവിസ് തൃശൂർ, അന്നമ്മ ജോർജ്ജ് ലാൽഭാഗ്, മഞ്ചു സാനു എരമല്ലൂർ,ജൂലി ബിജു കിഴക്കമ്പലം,ചിന്നമ്മ ജോസഫ് പള്ളിക്കൽ, കെ ജോർജ്ജ് വാലങ്കര, ലിസ്സമ്മ ജോർജ്ജ് കൂട്ടിക്കൽ

### സൂപ്പർ ബൈബിൾ ക്വിസ്സ് 1 ൽ എല്ലാ ഉത്തരവും ശരിയാക്കി വിട്ടുപോയ പേര്

ഗ്രേസ് ജേക്കബ്, കുവൈറ്റ്

**എല്ലാ ലക്കങ്ങളിലും അയക്കുന്ന ഉത്തരങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്നവരിൽ നിന്നാണ് ഒന്നും, രണ്ടും, മൂന്നും, സ്ഥാനക്കാരെ തിരഞ്ഞെടുക്കുന്നത്.അതുകൊണ്ട് ഈ ലക്കം ഉത്തരങ്ങൾ അയച്ചവർ എല്ലാ ലക്കവും മുടങ്ങാതെ ഉത്തരം അയക്കുവാൻ ശ്രദ്ധിക്കുക. സൂപ്പർ ബൈബിൾ ക്വിസിന് ഒന്നാം സമ്മാനം പതിനായിരം രൂപ, രണ്ടാം സമ്മാനം ഏഴായിരം രൂപ, മൂന്നാം സമ്മാനം മൂവായിരം രൂപ. ശരിയായ ഉത്തരം അയച്ചുതരുന്ന വിജയികളുടെ പേരുകൾ ഓരോ ലക്കത്തിലും പ്രസിദ്ധീകരിക്കുന്നതാണ്.**

*ശരി ഉത്തരങ്ങൾ എല്ലാ മാസത്തിന്റേയും 25-ാം തീയതിയ്ക്കു മുമ്പായി താഴെയുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്.*

**YUGANTHYASANDHESHAM, P.O. BOX. 66, THIRUVALLA-689 101, KERALA**

# പ്രീ-മാരിറ്റൽ കൗൺസിലിംഗ്

**ചർച്ച് ഓഫ് ഗോഡ് കൗൺസിലിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ത്രിദിന പ്രീ-മാരിറ്റൽ കൗൺസിലിംഗ് സെമിനാർ നടത്തുന്നു.**

**പ്രഗത്ഭരായ കൗൺസിലർമാർ, തെറാപ്പിസ്റ്റുകൾ, ഡോക്ടർമാർ, അഭിഭാഷകർ എന്നിവർ ക്ലാസ്സുകൾ നയിക്കുന്നു.**

## സ്ഥലം : മൗണ്ട് സിയോൻ, മുളക്കുഴ, തീയതി : 2011 ഏപ്രിൽ

- വിവാഹ ജീവിതത്തിന്റെ പ്രാധാന്യം എന്ത്?
- വിവാഹ ജീവിതത്തിന്റെ ലക്ഷ്യം എന്ത്?
- കുടുംബ ബന്ധങ്ങൾ എങ്ങനെ ദൃഢമാക്കാം?
- കുടുംബ പ്രശ്നങ്ങളുടെ പരിഹാരം എങ്ങനെ?
- വ്യക്തിത്വ വികസനം
- വിവാഹത്തോടനുബന്ധിച്ച രാജ്യത്തിന്റെ നിയമങ്ങൾ

**പ്രവേശനം 18 വയസ്സുമുതൽ**

*കൂടുതൽ വിവരങ്ങൾക്ക് :*

**റവ. ജോൺസൺ ഡാനിയേൽ - 9447799659**
**പാസ്റ്റർ ബെൻസ് ഏബ്രഹാം - 9447896361**
**പാസ്റ്റർ ഷെറിൻ വർഗീസ് - 9495773646**

NB: മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം.

**സത്യാന്വേഷി** ക്രിസ്റ്റി പി. ജോൺ

# സിന്ദൂരച്ചെപ്പ്

**കോ**ട്ടയം ജില്ലയിലെ വാഴൂരിന്റെ ഹൃദയഭാഗങ്ങളിലൂടെ സുവിശേഷമേന്തിയ സുന്ദരനായ യുവ സുവിശേഷകൻ; അനുഗ്രഹീത ഗായകൻ, യുവജന പ്രവർത്തകൻ ആരുടെ കണ്ണിലും "നിർമ്മല"നായ ഇദ്ദേഹം യുവാക്കളുടെ ഇടയിൽ സുവിശേഷ ഭാരമുള്ളവ്യക്തിയായതിനാൽ അവരിലേക്ക് ഇറങ്ങിച്ചെന്നു. "യവനനെ നേടുവാൻ യവനനെപ്പോലാവു"ക എന്നാണല്ലോ അങ്ങനെ ഇദ്ദേഹം കുട്ടികൾക്കൊപ്പം ക്രിക്കറ്റ് കളിതുടങ്ങി. പിന്നെ ചെറിയ തോതിൽ കഞ്ചാവ് സേവയും. ദിവസങ്ങൾ കടന്നുപോയി. പെട്ടെന്നൊരു ദിനം ഒരു ബൈക്കിൽ ശരവേഗം പായുന്ന സുവിശേഷകനെ കണ്ട് നാട്ടുകാർ ഞെട്ടി. കാരണം സുവിശേഷകന്റെ പിന്നിൽ ഒരു യുവതിയും ഉണ്ടായിരുന്നു. രണ്ട് ദിവസം കഴിഞ്ഞപ്പോൾ നാട്ടുകാർ വീണ്ടും ഞെട്ടി. സുവിശേഷകൻ സിന്ദൂരപ്പൊട്ടും തൊട്ട് നാട്ടിലൂടെ ഉലാവുന്നു. നെറ്റിയിലും തൊണ്ടക്കുഴിയിലും സിന്ദൂരം പൂശി വന്ന ഈ സിന്ദൂരച്ചെപ്പിനോട് കാര്യം തിരക്കിയപ്പോൾ പറഞ്ഞു "ഓ... എല്ലാം പെട്ടെന്നായിരുന്നു. എന്റെ കല്ല്യാണം കഴിഞ്ഞു ഭാര്യ മറ്റൊരു മതമാണ്... അതുകൊണ്ട് ഞാനും മതം മാറി" ഈ ദുഷ്പ്രവർത്തിക്കാരനെപ്പോലുള്ള അർബുദ വ്യാധികൾ നമ്മുടെ ക്രിസ്തീയ സമൂഹത്തിൽ പടർന്നു പിടിക്കുകയാണ്.

സ്നേഹിതരെ ഒരു അപേക്ഷ.

വീട്ടുകാര് നേരും, പ്രവാചകൻ തലപിടിച്ചിലക്കും ദൈവവിളി വ്യക്തമായ് കേൾക്കാതെ പാസ്റ്ററാകാൻ പുറപ്പെടരുത്. ചിന്തിക്കുക. ഞാൻ സുവിശേഷ വേല ചെയ്യുന്നത് ദൈവനാമത്തിന് അപമാനമെങ്കിൽ ഈ പണി നിർത്തുന്നത് സർവ്വർക്കും യോഗ്യം.




# ഓന്തുകൾ





ക്രിസ്റ്റി പി. ജോൺ, 9048417533

**ഓ**ന്തോ എന്താണത്? പെരുത്ത പല്ലിയാണോ! അതോ ചെറിയ ദിനോസറോ... അല്ല ഉടുമ്പിന്റെ കുഞ്ഞല്ലേ.... ശ്ശെടാ..."ഒന്നുമല്ലാത്ത ഈ ജന്തു"വിന്റെ പേരെന്താ? ....ഒരു കാര്യം ചെയ്യാം "ഒന്നുമല്ലാത്ത ജന്തു" എന്ന് തന്നെ വിളിച്ചേക്കാം. പേരിന് നീളം കൂടിപ്പോയി... എന്നാൽ പിന്നെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങൾ എടുക്കാം... അങ്ങനെ "ഒ" ഉം "ന്തു" ഉം കൂട്ടിച്ചേർത്ത് "ഒന്തു" എന്ന പേര് കണ്ടെത്തി. ഒന്തു കാലാന്തരത്തിൽ "ഓന്തായി"

ചരിത്രത്തോടും (മൺമറഞ്ഞ ജീവികളായ ദിനോസറുകൾ) വർത്തമാനകാലത്തോടും (പല്ലി, ഉടുമ്പ് തുടങ്ങി ഇന്ന് ഭൂമിയിലുള്ള ജീവികൾ) സമാനതകൾ ഉള്ള ഓന്തുകളുടെ നിറം മാറ്റത്തിന് സഭയും സമൂഹവും സാക്ഷ്യം വഹിക്കുകയാണ്. നീളമുള്ള നാവ് കൊണ്ട് ഇരപിടിക്കുന്ന ജീവി ഓന്ത് മാത്രമാണെന്ന് കരുതിയെങ്കിൽ തെറ്റി. രാഷ്ട്രീയക്കാരും



പാസ്റ്റർമാരും ആ ഗണത്തിൽപ്പെടും, എൽ.ഐ.സി ഏജന്റുമാരേയും ഉൾപ്പെടുത്താം. കഴുത്തിനുചുറ്റും നാക്കുള്ള ഈ തൊണ്ടത്തൊഴിലാളികളുടെ നിറം മാറ്റവും കൂറുമാറ്റവും ഓന്തുകളെപ്പോലും അത്ഭുതപ്പെടുത്തും. എന്തെല്ലാം മോഹനവാഗ്ദാനങ്ങൾ എല്ലാം കഴിയുമ്പോൾ ഋതുഭേദം മൂലം പറന്നകലുന്ന ദേശാടനക്കിളികളായ് മാറും ഇക്കൂട്ടർ. പിന്നെ 5 വർഷം കഴിയുമ്പോൾ അവർ മടങ്ങിവരും. പാസ്റ്ററുടെ മാനസാന്തരക്കാലം 3 വർഷം കൂടുമ്പോൾ നടക്കും. കാരണം അപ്പോഴാണല്ലോ സ്ഥലം മാറ്റം പരിഗണിക്കപ്പെടുന്നത്. വിശ്വാസികളോട് സ്നേഹം, ദൈവസന്നിധിയിൽ കണ്ണുനീർ, അധികാരത്തോട് വിനയം.... ആകെപ്പാടെ കാണേണ്ട റിയാലിറ്റി ഷോ തന്നെ.

സമീപരാഷ്ട്രീയത്തിൽ ഈ നിലയിൽ ജനശ്രദ്ധ ആകർഷിച്ച 2 വ്യക്തികൾ അൽഫോൺസ് കണ്ണന്താനവും സിന്ധു ജോയിയും ആണ്. ഇരുവരും ഇടതുപക്ഷത്തിന്റെ ഉജ്വല പോരാളികൾ ആയിരുന്നു. അച്ചുതാനന്ദനെ മുൻപിൽവെച്ച് കൊണ്ട് കേരളത്തിൽ കരോൾ നടത്തിയ ഇടതുപക്ഷത്തിന്റെ കൂമ്പും കാതലുമില്ലാത്ത രാഷ്ട്രീയകളികളേക്കാൾ ഈ ഓന്തുകളുടെ നിറംമാറ്റം ജനശ്രദ്ധ ആകർഷിച്ചു. ചെങ്കൊടിയുടെ രക്തവർണ്ണത്തേക്കാൾ താമരയിതളിന്റെ സൗന്ദര്യം കണ്ണന്താനത്തിന്റെ കണ്ണഞ്ജിപ്പിച്ചു. നിന്നനിറം പോലെതന്നെ അംബുജത്തിന്റെ അലങ്കാരവും അൽഫോൺസ് അഴകായ് ചൂടി. മാർക്സിസ്റ്റ് പാർട്ടിയുടെ ഗർജിക്കുന്ന പെൺസിംഹം സിന്ധു ജോയി കോൺഗ്രസിന്റെ സുവിശേഷം പാടുന്ന പൈങ്കിളിയായി മാറി. അവസരോചിതമായി നിറം മാറുന്ന ഓന്തു രാഷ്ട്രീയത്തിന്റെ തനിനിറം എന്തെന്നുള്ള ചോദ്യം ഇന്നും തുടരുന്നു. അവഗണനയിൽ മനം നൊന്ത് മുന്നണിവിട്ട് കോൺഗ്രസിൽ സിന്ധു അഭയം പ്രാപിക്കുമ്പോൾ ഇക്കാരണത്താൽ മുറിവേറ്റ് പുളയുന്ന യൂത്ത് കോൺഗ്രസിനെയും സിന്ധു കാണാതെ പോകരുത്. ഇടതിൽ ഒരു സിന്ധു എങ്കിൽ വലതിൽ തന്നേപ്പോലുള്ള ഒരു കൂട്ടം യുവാക്കൾ ഈ പ്രതിസന്ധി നേരിടുന്നു.

ആയുസിന്റെ മാലയിൽ സപ്തതിയുടെ മുത്തുകളായ് മാറിയവരാണ് സാരഥികളിൽ ഏറെയും. വൃദ്ധരാഷ്ട്രീയത്തിന്റെ അധികാര ആസക്തിക്ക് യുവകേരളം വീണ്ടും സാക്ഷ്യം വഹിക്കയാണ്. 2011 ലെ പ്രതീക്ഷിത സെൻസസ് പ്രകാരം 15-54 മദ്ധ്യേ പ്രായമുള്ളവർ 65% വരും. 60 മുകളിൽ പ്രായമേറിയവർ 12.5 % വരും. ചുറുചുറുക്കുള്ള കേരളത്തെ നയിക്കാൻ ശവപ്പെട്ടി പ്രതീക്ഷിച്ചിരിക്കുന്നവർ കൊള്ളാം. ബഹുരാഷ്ട്രീയപാർട്ടികൾ തഴച്ച് നിൽക്കുന്ന കേരളവൃന്ദാവനത്തിൽ ഒരു ചില്ലയിൽ നിന്നും അടുത്ത ചില്ലയിലേക്ക് ചാടുന്ന ഓന്തുകളോട് ഒരു അപേക്ഷ. നിങ്ങൾ ചാടിക്കോ പക്ഷേ ഇഴയാൻ പോലും ശേഷിയില്ലാത്ത പഴയ ഓന്തുനേതാക്കളെ ബുദ്ധിഉപദേശിക്കണം. നേരെനിക്കാൻ ഊരില്ലാത്തതും, ശ്വസിക്കാൻ പോലും ജീവനില്ലാത്തവരും, മറവിയും വിക്കും താണ്ഡവമാടുന്ന ദേഹധാരികളും ഭരിച്ചെങ്കിലേ കേരളം നന്നാകൂ എന്ന് കരുതുന്ന അവരുടെ നയം തെറ്റാണ്. അഴിമതിയുടെ കരിഓയിൽ കൊണ്ട് കേരളത്തിൽ ഹോളി ആഘോഷിച്ച ഇവരുടെ എല്ലാം നശീകരണക്രീഡകൾക്ക് സാക്ഷ്യംവഹിച്ച് യുവജനത മടുത്തു. പെണ്ണ് പിടിയന്മാരും, ജയിൽപ്പുള്ളികളും, കൈക്കൂലി വാങ്ങികളും അടങ്ങിയ "ഇച്ചീച്ചി" അവധൂതന്മാരെമാത്രമേ നേതൃത്വത്തിൽ അവരോധിക്കാൻ കിട്ടിയുള്ളോ. കുറ്റവാളികളാലും അസക്തിക്ക് കൈയ്യും കാലും വെച്ചവന്മാരാലും നയിക്കപ്പെടേണ്ട ദുരവസ്ഥ നമ്മുടെ നാടിന് വന്നിട്ടില്ല.

കേരളം ഒരു ഭ്രാന്താലയമെന്ന വിവേകാനന്ദ സൂക്തം എത്ര സത്യം.

നിറം മാറ്റവും ചില്ലചാട്ടവും നാക്ക് നീട്ടലും ജീവിത വൃതമാക്കിയ വിശുദ്ധ ഓന്തുകളായ ശുശ്രൂഷാ വൃന്ദമേ "നാടിന്റെ നിഴലുകളാണോ നമ്മുടെ പൊരുളുകൾ"?

നാടും നഗരവും പടച്ചുവെച്ച പ്രതിമകൾക്ക് നാം ജീവൻ നൽകി. സഭകളിൽ നിന്നും ഇതരസഭകളിലേയ്ക്കുള്ള ഒന്തുചാട്ടങ്ങളും സ്ഥലം മാറ്റസമയത്തെ നാക്കുനീട്ടലുകളും ചാർജെടുക്കുന്ന പുതിയ സഭകളിൽ ആദ്യം കാട്ടുന്ന ആത്മീയതയുടെ കൃത്രിമ നിറങ്ങളും നമ്മളെയും ഓന്തുകളാക്കുന്നു. പാ. റവ. ഡോ തുടങ്ങിയ പേരിന് മുമ്പിൽ "ഓന്ത്" എന്ന് ചേർക്കുന്നതാണ് നല്ലതെന്ന് കാലം തന്നെ വ്യക്തമാക്കുന്നു. ചില്ല ചാടിവരുന്നവരെ സ്ഥാനാരോഹണം നൽകി അമരത്ത് പ്രതിഷ്ഠിക്കുന്ന സഭകളുടെ വിവേകശൂന്യതകളും മാറണം. അപ്പോൾ പല ഓന്തുകളും ഇരിക്കുനിടത്ത് തന്നെ ഇരുന്ന് കൊള്ളും. പെന്തക്കോസ്ത് സഭകളിൽ വരുമ്പോൾ പാരമ്പര്യത്തിന്റെ നിറവും ന്യൂജനറേഷനുകളിൽ ചെല്ലുമ്പോൾ അവിടുത്തെ നിറവും സ്വീകരിക്കുന്ന ഓന്തുകളേ.. ആണും പെണ്ണും കെട്ട ഈ ശുശ്രൂഷ എന്തിന്? പണത്തിന് വേണ്ടിയോ കാശുണ്ടാക്കാനെങ്കിൽ കഞ്ചാവ് വിൽപ്പനയല്ലേ നല്ലത്. കഞ്ചാവ് വിൽപ്പനക്കാർ ഒരു സമൂഹത്തിന്റെ ശരീരത്തെ നശിപ്പിക്കുന്നു. നിങ്ങൾ ഒരു ജനതയുടെ ആത്മാക്കളെയും ആത്മീയ മൂല്യങ്ങളെയും നശിപ്പിക്കുന്നു. രണ്ടും തുലനം ചെയ്യുമ്പോൾ നിങ്ങളാണ് മാരക എൻഡോസൾഫാൻ. മുസ്ലീം സഹോദരങ്ങളെ ഒരു കാര്യത്തിൽ ഞാൻ ബഹുമാനിക്കുന്നു. പട്ടിണി കിടന്നാലും അവർ തങ്ങളുടെ ഖുറാൻ വികലമായി വ്യാഖ്യാനിക്കില്ല. പഠിക്കാതെ പഠിപ്പിക്കയും ഇല്ല.

"നശീകരണഭീഷണി നേരിടുന്ന പാവം ഓന്തുകളെ സമാധാനത്തോടെ പോകൂ. നിങ്ങളുടെ പിൻഗാമികൾ ഞങ്ങളുടെ സഭയിലും സമൂഹത്തിലും ഉണ്ട്." ഇത് അവസാനത്തെ ഓന്തിനുള്ള എന്റെ അന്ത്യകൂദാശ.

മനുഷ്യന്റെ മക്കളെ നോക്കി സർപ്പസന്തതികളേ.... എന്നുവിളിച്ച ആ മനുഷ്യന്റെ നാവായി ഞാനീ തലമുറയെ നിർവ്വചിക്കട്ടെ ഒരു വ്യത്യാസം മാത്രം....

ഓന്ത് സന്തതികളേ.... മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്പ്പീൻ...

---

**യുഗവിചാരണ**

പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

## പെന്തക്കോസ്ത് സമുഹത്തിന് മാറ്റം അനിവാര്യം

**1901**-ൽ അമേരിക്കയിലെ അസൂസ സ്ട്രീറ്റിൽ പടർന്നു പിടിച്ച ഉണർവ്വിന്റെ അഗ്നി ജ്വാലകൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും എന്ന പോലെ നമ്മുടെ കൊച്ചു കേരളത്തിലും പടർന്നു.ആ ഉണർവ്വിന്റെ ഗതി വിഗതികൾ കേരള പെന്തക്കോസ്ത് ചരിത്രത്തിൽ നിർണ്ണായകമായിരുന്നു.ദൈവസഭാ മിഷണറിയായി റവ. റോബർട്ട് എഫ് കുക്ക് കേരളത്തിൽ എത്തിയത് കേരള പെന്തക്കോസ്ത് ചരിത്രത്തിലെ ഒരു നാഴിക കല്ലായി മാറി.അതു നിമിത്തം ഈ സമുഹത്തിന്റെ എല്ലാ ഇടപാടുകളിലും അന്തർധാരായായി, സുവിശേഷബോധം പകർന്നു നൽകിയ ധാർമ്മിക സദാചാര മുല്യങ്ങൾ കാത്തു സൂക്ഷിക്കുന്നതിനായി നാം നിലകൊണ്ടിട്ടുണ്ട്. തൽഫലമായി എല്ലാ പെന്തക്കോസ്ത് സംഘടനകളുടെയും നേതൃനിരയിൽ ഈ ധാർമ്മിക ഉദ്ബോധനത്തിന്റെ സാത്വികഭാവം നിറഞ്ഞു നിന്നിരുന്നു.അത് ആ സമുഹത്തിന്റെ അനുഗാമികൾക്ക് നൽകിയ വിശ്വാസത്തിന്റെ ദാർഢ്യവും ഏറെയായിരുന്നു, അങ്ങനെ പ്രസന്നവും സവിശേഷവുമായ ഒരു ജീവിതദർശനം നമ്മുടെ പ്രയാണത്തിന് കുളിർമയേകി.

1990-കൾക്കു ശേഷമുള്ള പെന്തക്കോസ്ത് സമുഹത്തിന്റെ ആഗോളവത്കരണം അതു വരെ നില നിന്നു പോന്നിരുന്ന ഉപദേശ ദർശനങ്ങളെ അട്ടിമറിച്ചു. വികലമായ വചന വ്യാഖ്യാനങ്ങൾകൊണ്ട് നമ്മുടെ ദർശനങ്ങളുടെ അടിത്തറയായിവർത്തിച്ച ഉപദേശ ധാർമ്മിക ബോധത്തെ അട്ടിമറിച്ച് പുതിയ ഒരു അവസ്ഥാ വിശേഷം സംജ്ജാതമായി. അതോടെ രുപപ്പെട്ട സഭാ രാഷ്ട്രിയത കൂടുതൽ രോഗതുരമായ ഒരു ജീവിത ദർശനത്തിന്റെ വ്യാപനത്തിന് കളമൊരുക്കി, ഇത് നവ പെന്തക്കോസ്ത് പ്രസ്ഥാനം എന്ന പുതിയ ജനുസ്സിൽപ്പെട്ട സഭകളുടെയും നേതൃത്വങ്ങളുടെയും ആവിർഭാവത്തിന് ഇടയാക്കി.ധർമാ ധർമ ഭേദമില്ലാത്ത ഒരു നേതൃത്വ നിര നമ്മുടെ എല്ലാ സമുഹത്തിലും ഉദിച്ചുയർന്നതു നിമിത്തം സൃഷ്ടിക്കപ്പെട്ട ആന്തരീകസംഘർഷം നമ്മുടെ സമുഹത്തിൽ ശക്തമായി. അതു നിമിത്തം നമ്മുടെ ജീവിത രീതികളിലും ഉപദേശങ്ങളിലും ആരാധനക്രമങ്ങളിലും പൂർവ്വികർ പിൻതുടർന്നു വന്നിരുന്ന രീതികൾ വർത്തിക്കുന്നവരും, കാലത്തിനനുസരിച്ച് കോലം കെട്ടുന്ന നവ പെന്തക്കോസ്തരും തമ്മിലുള്ള സംഘർഷം ശക്തമായി. ഇതിന്റെ അനുകരണങ്ങൾ നമ്മുടെ ഇടയിലും ഉണ്ടായി. ഒന്നു ചിന്തിച്ചാൽ കഴിഞ്ഞകാലങ്ങളെക്കാളുപരി നാം രാഷ്ട്രിയ-സാംസ്ക്കാരിക-സാമുഹ്യ രംഗങ്ങളിലും, വിദ്യാഭ്യാസപരമായി ശാസ്ത്ര-സാങ്കേതിക-പ്രഫഷണൽ രംഗങ്ങളിൽ കുതിച്ചു കയറിയപ്പോഴും യാതൊരു മാറ്റവും കൂടാതെ ദൈവവചനവും, പൂർവ്വികന്മാർ പകർന്നു നൽകിയ ഉപദേശ സ്വരുപങ്ങളും നമ്മുടെ ഇടയിൽ ശക്തമായി നിലകൊണ്ടു. എന്നാൽ തലമുറകളായി നമുക്ക് പകർന്ന് കിട്ടിയ ധാർമ്മീകമൂല്യങ്ങളും, ഉപദേശ സംഹിതകളും വെല്ലുവിളിക്കപ്പെടുന്നത് ഏവരെയും ഏറെ അലോസരപ്പെടുത്തി. അതിന്റെ പ്രതിഭഫലനമായി ചിന്തയിലും പ്രവർത്തിയിലും പ്രതികരണങ്ങളിലും, വിഭക്തവും വൈരുദ്ധ്യ പൂർണ്ണമായ ഒരു തലത്തിലേക്ക് നമ്മുടെ യുവത്വം ഉയർന്നു. ആർക്കും കുത്തകയവകാശപ്പെടാനവാത്ത വിധം നമ്മുടെ തലമുറകൾ ചിന്തയിലും പ്രവർത്തിയിലും ആരുടെയും കീഴിൽ അല്ലാതായി. നവ പെന്തക്കോസ്ത് പ്രസ്ഥാനങ്ങളിലേക്ക് നമ്മുടെ യുവജനങ്ങൾ ആകൃഷ്ടരായി. മുല്യശോഷണം സംഭവിച്ച ആരാധാന രീതിയും സവർണ്ണ അവർണ്ണ വ്യത്യാസവും നമ്മുടെ ഇടയിൽ പ്രകടമായി നിലകൊണ്ടു. അതുകൊണ്ട് നമ്മുടെ ഉപദേശങ്ങൾക്കും ധാർമ്മിക മൂല്യങ്ങൾക്കും മാറ്റം വരാതെ ഇന്നത്തെ സാഹചര്യത്തിനനുസരിച്ച ഒരു ശുശ്രൂഷാരീതി ഉരിത്തിരിയണമെന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്.വളരെ പതുക്കെ ഒരു സ്വഭാവികമായ മാറ്റത്തിന്റെ പരിണതി നമുക്ക് ആവശ്യമാണ്. ഒന്നു ചിന്തിച്ചാൽ നമ്മുടെ സഭായോഗങ്ങളിൽ 4 മുതൽ 20 വയസ്സു വരെയുള്ള കുഞ്ഞുങ്ങൾക്കും, കൗമാരകാർക്കും ചെറുപ്രായത്തിൽ സഭകളിൽ നിന്നും ലഭിക്കുന്ന ചിട്ടയായ സൺഡേ സ്കുൾ പഠനം അല്ലാതെ സഭായോഗങ്ങളിൽ അവർ വെറും കാഴ്ചക്കാരായി മാറി. ഇതിനൊരു പരിണാമം നമുക്ക് ആവശ്യമല്ലേ?. ഈ കൂട്ടരെ നമ്മുടെ ആരാധനയുടെ ഭാഗമായി മാറ്റുവാൻ നവപെന്തക്കോസ്ത് പ്രസ്ഥാനങ്ങൾ അനുവർത്തിക്കുന്ന ആരാധന രീതികൾ നമുക്കും പിൻതുടാരാവുന്നതാണ്. നമ്മുടെ വിവാഹ ശ്രശ്രുഷകളും, സംസ്ക്കാര ശ്രശ്രുഷകളും എല്ലായ്പ്പോഴും ഒരേ നില തന്നെ തുടരുന്നത്, പ്രസംഗങ്ങൾക്കോ വേദവായനാ ഭാഗങ്ങൾക്കോ യാതൊരു മാറ്റവും കൂടാതെ പഴയ രീതികൾ അനുവർത്തിക്കുന്നത് ഏവരെയും അലോസരപ്പെടുത്തുന്നതാണ്. വിവാഹ ശ്രശ്രുഷയിലെ അനുമോദനങ്ങളും, സംസ്ക്കാര ശ്രശ്രുഷയിലെ അനുശോചനങ്ങളും നീളുന്നത് ഒരളുവു വരെ ഒഴിവാക്കപ്പെടെണ്ടാതാണ്. പരേതനെ കാണാത്തവർ പോലും മരിച്ച വ്യക്തിയുടെ അവധാനങ്ങൾ പറഞ്ഞ് പുകഴ്ത്തുന്നതു കാണുമ്പോൾ സങ്കടം തോന്നുന്നു.

ഈ വികലമായ നയങ്ങളോട് എങ്ങനെ നമുക്ക് യോജിക്കുവാൻ കഴിയും. സാധാരണ ഏതൊരു സമുഹത്തിലും എന്നപോലെ ജീവിതത്തിന്റെ പരിഹാരമില്ലാത്ത സമസ്യകൾ അനുഭവിച്ച് മനസ്സിലാക്കിയ പ്രായമായവരിൽ മാത്രം സുവിശേഷ ദർശനവും, പെന്തക്കോസ്ത് അനുഭവും ഒതുങ്ങി നിൽക്കാതെ ക്രൈസ്തവ ദർശനം സമുഹത്തിലും നമ്മുടെ യുവത്വത്തിന്റെയും മുഖ്യദാരയിലേക്ക് കടന്നു വരട്ടെ.ഇന്നത്തെ യുവത്വത്തിന് കാതലുള്ള ഉപദേശവും സുവിശേഷ ദർശനവും പകർന്നു നൽകുവാൻ നമ്മുടെ സമുഹം പരാജയപ്പെടാതെ. യുവജനതയുടെയും കൂടെ ആവശ്യം പരിഗണിച്ച്, നല്ലൊരു ക്രൈസ്തവ സമൂഹത്തെ കെട്ടിപ്പെടുത്തുവാൻ നമുക്ക് യത്നിക്കാം. ഉപദേശത്തിനോ, ധാർമ്മിക മൂല്യങ്ങൾക്കോ മാറ്റം വരുത്താതെ, നമ്മുടെ സ്വഭാവിക തനിമ നില നിർത്തികൊണ്ട് പെന്തക്കോസ്തനുഭവത്തിന്റെ വികാസത്തിനു വേണ്ടി പരിശ്രമിക്കാം. പുതിയ സാങ്കേതികതയും, സംസ്ക്കാര വിശേഷങ്ങളെയും നൈസർഗ്ഗികമായി ഉൾക്കൊള്ളും പാകത്തിൽ ശുശ്രൂഷകളെ പരിവർത്തനം നടത്തി കാലാനുസ്രതമായി നമുക്ക് മുന്നേറാം

---

## ദാനിയേൽ ഈപ്പച്ചൻ വിദേശത്തേക്ക്

**ആറ്റിങ്ങൽ:** വൈ.പി.ഇ സ്റ്റേറ്റ് ബോർഡ് മെമ്പറായ ദാനിയേൽ ഈപ്പച്ചൻ സൗദി അറേബ്യയിലേക്ക്. സുവിശേഷ പ്രവർത്തനങ്ങിൽ തല്പരനായ ഇദ്ദേഹം വിവിധ സുവിശേഷ സംഘടനകളിൽ പ്രവർത്തിച്ചുട്ടുണ്ട്.ആറ്റിങ്ങൽ ഡിസ്ട്രിക്ട് പാസ്റ്റർ ഈപ്പച്ചൻ തോമസിന്റെ മകനാണ്

## ആരാധനാലയ സമർപ്പണം

**തീയാടിക്കൽ:** വലിയകുന്നം ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ചിനു വേണ്ടി പണികഴിപ്പിച്ച ആലയത്തിന്റെ സമർപ്പണ ശ്രശ്രുഷ ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് നിർവ്വഹിച്ചു. തുടർന്ന് നടന്ന മാസയോഗത്തിൽ ഡോ.ജെയ്സൺ തോമസ്, പ്രഫ. കെ.എം ജോൺ, പാസ്റ്റർമാരായ പി.പി കുര്യൻ, സി.കെ തോമസ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ പി.റ്റി മാത്യു ഈ യോഗങ്ങൾക്ക് നേതൃത്വം നൽകി.

## ഉപവാസ പ്രാർത്ഥനയും ഉണർവ്വു യോഗങ്ങളും

**കോഴഞ്ചേരി:** ചർച്ച് ഓഫ് ഗോഡ് കോഴഞ്ചേരി ഗിൽഗാൽ ഹാളിൽ ഉപവാസ പ്രാർത്ഥനയും ഉണർവ്വു യോഗങ്ങളും നടന്നു.പാസ്റ്റർമാരായ വിനോദ് തോമസ്, കെ.എ ജോസ്, സി.എസ്. ജേക്കബ്ബ്, നോബിൾ കെ തോമസ് എന്നിവർ പ്രസംഗിച്ചു. ഞായറാഴ്ച നടന്ന ആരാധനയിൽ പാസ്റ്റർ ഷിബു കെ മാത്യു കർത്തൃമേശയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ കെ.എ ഡേവിഡ് ഇവിടെ ശുശ്രൂഷിക്കുന്നു.

## വി.ബി.എസ്സ്

**കോഴഞ്ചേരി:** ചർച്ച് ഓഫ് ഗോഡ് കോഴഞ്ചേരി ഗിൽഗാൽ ഹാളിൽ ഏപ്രിൽ 4 മുതൽ 9 വരെ വി.ബി.എസ്സ് നടക്കും പാസ്റ്റർ കെ.എ ഡേവിഡ്, വിനോദ് തോമസ്,എന്നിവർ നേതൃത്വം നൽകും.

# കൂടുമാറ്റം വരവായ് ഇനി സഭകൾക്ക് പുതു പ്രതീക്ഷകൾ



**തിരുവല്ല :** ഒരു സഭയിലെ നിശ്ചിത വർഷത്തെ ശുശ്രൂഷാകാലയളവിന് ശേഷം ശുശ്രൂഷകന്മാരുടെ സ്ഥലം മാറ്റം സമീപിച്ചു. ചിലർ കരഞ്ഞുകൊണ്ട് പോകുന്നു അപ്പോൾ സഭ ചിരിക്കും. ചിരിച്ച് കൊണ്ട് പോകുന്നവരെ സഭ കരഞ്ഞു യാത്രയാക്കുന്നു. എന്നാൽ ഒറ്റക്ക് പോകുന്ന അപൂർവ്വം കാഴ്ചകളും നടക്കുന്നുണ്ട്. സഭ പൊളിച്ചവരും പണിതവരും സ്ഥലം മാറ്റമെന്ന അരിപ്പയിലൂടെ കടന്നുപോകുകയാണ്. പ്രവർത്തിക്ക് തക്ക പ്രതിഫലം നേതൃത്വത്തിൽ നിന്നും വാങ്ങുന്ന സമയം കൂടിയാണിത്. പക്ഷം ചേരലും കൂട്ട് പിടിക്കലും അങ്ങനെ പല നാടകങ്ങൾക്കും ഇതോടെ തിരശ്ശീല വീഴും.... യാത്ര അയപ്പ് മീറ്റിങ്ങിലാണ് ഏറ്റവും വലിയ ഗ്ലിസറിൻ പ്രയോഗം നടക്കുന്നത്. ബോധമില്ലാതെ പൊട്ടിച്ച പടക്കങ്ങൾക്കും, കോപം വന്നപ്പോൾ ഉതിർത്ത വാക്കുകളുടെ വെടിയുണ്ടകൾക്കുമെല്ലാം ക്ഷമാപണം നടത്തും. പിന്നെ പാസ്റ്ററുടെ സാധനങ്ങൾ എല്ലാം ലോറിയിൽ അടുക്കി കൊണ്ടുപോയി യാത്രയാക്കും. പിന്നെ പുതിയ പാസ്റ്റർ വരവായി. കൂടുമാറി ദേശാടനം നടത്തിവരുന്ന ഈ പുത്തൻകിളിയുടെ മുഖത്തേക്ക് പ്രതീക്ഷയോടെ സഭ നോക്കിയിരിക്കും. പ്രസ്ഥാനത്തിന്റെ കീഴിലല്ലാത്ത ന്യൂജനറേഷൻ സഭകൾക്ക് മേഘം പൊങ്ങില്ല.... സ്ഥിരമായ കുറ്റിയും കൊളുത്തും അവർ തന്നെ ഉറപ്പിച്ച് കൊണ്ടിരിക്കും. ഏപ്രിൽ മെയ് മാസങ്ങളോടെ സ്ഥലം മാറ്റം പൂർത്തിയാകും.


## ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ
## ബെഥേൽ ലേഡീസ് ബൈബിൾ കോളേജ്
കുമ്പനാട്
**അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

| കോഴ്സ് | കാലാവധി | മീഡിയം | യോഗ്യത |
|---|---|---|---|
| G.Th | 3 വർഷം | മലയാളം | 10 |
| B.Th | 3 വർഷം | മലയാളം | +2 |
| B.Th | 3 വർഷം | ഇംഗ്ലീഷ് | +2 |

**പ്രത്യേകതകൾ**
- വേദപരിജ്ഞാനവും അനുഭവസമ്പന്നരുമായ അദ്ധ്യാപകർ
- സുവിശേഷവേലയിൽ പ്രായോഗിക പരിശീലനം
- ഹോം നഴ്സിംങ് പരിശീലനം
- കംപ്യൂട്ടർ പരിശീലനം
- കൗൺസിലിംഗിൽ പരിശീലനം
- മ്യൂസിക് ക്ലാസ്സുകൾ
- അർഹരായവർക്ക് സ്ക്കോളർഷിപ്പ്
- ഉന്നതവിജയികൾക്ക് തുടർപഠനാവസരം

*പ്രിൻസിപ്പാൾ*
**സിസ്റ്റർ. സൂസി ജോൺസൺ, MA, BEd, MTh**
**ഫോൺ: 9495989659, 0469 – 2665933**


## വാർഷീക യോഗം

**പുനലൂർ;** വിളക്കുവെട്ടം ദൈവസഭയുടെ സണ്ടേസ്ക്കൂളിന്റെയും, വൈ.പി.ഇ യുടെയും എൽ. എം ന്റെയും സംയുക്ത വാർഷിക മീറ്റിംഗ് സഭാ പാസ്റ്റർ പി.റ്റി ചാക്കോയുടെ അദ്ധ്യക്ഷതയിൽ നടന്നു.ബ്രദർ സാം കുട്ടി ഈ യോഗങ്ങൾക്ക് നേതൃത്വം നൽകി.


## വസ്തു വിൽപ്പനയ്ക്ക്

അടൂർ കിളിവയൽ എം.സി റോഡിൽ നിന്നും 60 മീറ്റർ ദൂരത്ത് വഴി സൗകര്യമുള്ള 15 സെന്റ് സക്വയർ ഫ്ളോട്ട്.
**94000 30851, 9446188302**

## MATRIMONIAL

**പെ**ന്തക്കോസ്ത് യുവാവ്,സുവിശേഷകൻ 28 വയസ്സ് 165 സെ.മി (5.5) ഉയരം M.A, M.Div, M.A, MTh സുവിശേഷ വേലയ്ക്ക് സമർപ്പണവും ഡിഗ്രിയിൽ കുറയാത്ത വിദ്യഭ്യാസ യോഗ്യത ഉള്ള യുവതികളുടെ മാതാപിതാക്കന്മാരിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**ഫോൺ : 9447786936**

**പെ**ന്തക്കോസ്ത് യുവതി 33 വയസ് വെളുത്തനിറം, ഇടത്തരം കുടുംബം 5.4 ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**ഫോൺ : 0486 – 8276984**


# നിത്യതയിലേക്ക്

## ഓട്ടം തികച്ച് പാസ്റ്റർ പി.വി.ഷാജി



**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് പൂമല സഭാ ശുശ്രൂഷകനും ഇടുക്കി ജില്ലയിൽ ഏലപ്പാറക്കടുത്ത് കരിന്തരുവി പൊടിമറ്റത്തിൽ റ്റി.വി.വർഗീസിന്റെ മകനുമായ പാസ്റ്റർ പി.വി.ഷാജി നിത്യതയിൽ ചേർക്കപ്പെട്ടു. ഉത്സാഹിയും ഊർജ്ജസ്വലനുമായ പാസ്റ്റർ പി.വി. ഷാജി ശാന്ത സ്വഭാവക്കാരനായിരുന്നു. താൻ പുതുതായി കൊട്ടാരക്കരക്ക് സമീപം കരിക്കത്ത് പണിതുകൊണ്ടിരിക്കുന്ന പണിപൂർത്തീകരിക്കാത്ത ഭവനത്തിന്റെ പ്രതിഷ്ഠ മാർച്ച് 31ന് നടത്തുവാൻ വീടുകൾ സന്ദർശിച്ച് ക്ഷണം നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ മാർച്ച് 23ന് രാവിലെ 10 മണിക്കാണ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടത്. തന്റെ വേർപാട് ദൈവസഭയക്ക് മൊത്തമായി വേദനജനകമായിരുന്നു.1992 മുതൽ ചർച്ച് ഓഫ് ഗോഡിന്റെ പൂയപ്പള്ളി, കോട്ടവട്ടം, ചാത്തന്നൂർ, കരിക്കം സഭകളിൽ ശുശ്രൂഷകനായി പ്രവർത്തിച്ചിട്ടുണ്ട്.തന്നെ ദൈവം അയക്കുന്ന സ്ഥലങ്ങളിൽ എല്ലാം കൃപാവരങ്ങളോടെ ഫലപ്രദമായ ശ്രശ്രുഷ ചെയ്ത് വരവെ ആയിരുന്നു ഷാജി പാസ്റ്റർ നിത്യതയിൽ ചേർക്കപ്പെട്ടത്. സംസ്ക്കാര ശ്രശ്രുഷ കരിക്കം ദൈവ സഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം കുഞ്ഞപ്പിയുടെ നേതൃത്വത്തിൽ നടന്നു. ശുശ്രുഷകൾക്ക് ഡിസ്ട്രിക്ട് പാസ്റ്റർമാരായ പി.ജി ശാമുവേൽ,ജോസ് ബേബി, സഭാ പാസ്റ്റർ എൻ.എ ചാക്കോ എന്നിവർ നേതൃത്വം കൊടുത്തു പാസ്റ്റർമാരായ ഈപ്പൻ ചെറിയാൻ, കെ.വി.ജോയിക്കുട്ടി, കെ.റ്റി.വർഗീസ്, എം. ജോൺസൻ, സജി ജോർജ്ജ്, ഷിബു കെ മാത്യു, വൈ.ജോസ്, എൻ.സി ചാക്കോ, ബെൻസ് ഏബ്രാഹാം, ഏ.റ്റി ജോസഫ്, കെ.വി ജേക്കബ്, ജി.അലക്സ്, ബേബി കടമ്പനാട്, ബ്രദർ ഏബ്രഹാം ഫിലിപ്പോസ്, ജോസഫ് മറ്റത്തുകാല, ജേക്കബ് ഇട്ടി,തുടങ്ങി അനേക കർത്തൃദാസന്മാരും വിശ്വാസി പ്രതിനിധികളും അനുശോചനമറിയിച്ചു. ഭാര്യ; ശാന്തമ്മ മക്കൾ: കെസിയ, ജെമി.

### ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ഓഫീസിൽ നിന്നുള്ള അഭ്യർത്ഥന

**മുളക്കുഴ:** അപ്രതീക്ഷിതമായുണ്ടായ പാസ്റ്റർ പി.വി.ഷാജിയുടെ വേർപാട് തന്റെ കുടുംബത്തിന് വളരെ ഭാരമുണ്ടാക്കിയിരിക്കുയാണ്. അദ്ദേഹം പണിതുകൊണ്ടിരുന്ന വീടിന്റെ പണി പൂർത്തികരിക്കുക, സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്ന പിഞ്ചു കുഞ്ഞുങ്ങളുടെ ഭാവി ക്രമികരണങ്ങൾ എന്നി വിഷയങ്ങൾക്കു വേണ്ടി ചർച്ച് ഓഫ് ഗോഡ് ചാരിറ്റി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ധനശേഖരണം നടത്തുന്നു.22 വർഷത്തോളം കർത്തൃ വേലയിൽ അത്യധ്വാനം ചെയത ദൈവദാസന്റെ കുടുംബത്തിന്റെ ഉദ്ധാരണത്തിനായി സഹായിക്കുക. സംസ്കാരശുശ്രൂഷയിൽ കരളലിയിക്കുന്ന സാക്ഷ്യങ്ങളാണ് അദ്ദേഹത്തിന്റെ രണ്ടു പെൺകുഞ്ഞുങ്ങളും നുറുകണക്കിനു ജനം കൂടിയ സദസിൽ പറഞ്ഞത്. അദ്ദേഹത്തിന്റെ പിതാവും മാതാവും സഹോദരങ്ങൾ ആരും തന്നെ സാമ്പത്തിക ഭദ്രത ഉള്ളവരല്ല. ഭാര്യയുടെ ഭവനവും അങ്ങനെ തന്നെയാണ്. ഈ പ്രത്യേക സാഹചര്യത്തിൽ നന്നായി പഠിക്കുവാൻ സാമർത്ഥ്യമുള്ള അദ്ദേഹത്തിന്റെ രണ്ടു പെൺമക്കളുടെ വിദ്യാഭ്യാസചെലവ്, കുടുംബത്തിന്റെ സന്ധാരണം ഇവ ലക്ഷ്യമാക്കിയാണ് ദൈവസഭാകേരളാ സ്റ്റേറ്റ് കൗൺസിൽ ഒരു ധനശേഖരണത്തിന് അനുമതി നല്കിയത്. സ്റ്റേറ്റ് ഓവർസിയർ ഈ വിഷയം കൗൺസിലിൽ അവതരിപ്പിക്കുകയും സ്റ്റേറ്റ് കൗൺസിൽ ആയത് അംഗീകരിക്കുകയും ചെയ്തു. സംഭാവനകൾ അയക്കുന്നവർ ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ, മുളക്കുഴ എന്ന പേരിൽ ഡ്രാഫ്റ്റ് / ചെക്ക് എന്നിവ എടുത്ത് അയക്കുക. കവറിംങ് ലെറ്ററിൽ "പാസ്റ്റർ പിവി. ഷാജിയുടെ കുടുംബത്തിന് വേണ്ടി" എന്ന് പ്രത്യേകം കാണിക്കുക. സംഭാവന നല്കുന്നവരുടെ പേരുകളും തുകയും സുവിശേഷനാദത്തിൽ പ്രസിദ്ധീകരിക്കുന്നതാണ് 3 മാസകാലാവധിയാണ് ഈ ധനശേഖരണത്തിന് ഉള്ളത്.

സംഭാവനകൾ : **State Oversear, Church of God In India, Mount Zion, Mulakuzha P.O., Chengannur - 689 505, Kerala, India.**



**തുരുത്തിക്കാട്:** പരിയാരം കുന്നും പുറത്ത് വീട്ടിൽ പരേതനായ കെ.സി. ഈപ്പന്റെ ഭാര്യ അമ്മുക്കുട്ടി(62) നിര്യാതയായി. ശവസംസ്ക്കാരം പാസ്റ്റർ എം കുഞ്ഞപ്പിയുടെ നേതൃത്വത്തിൽ ദൈവ സഭാ സെമിത്തേരിയിൽ നടന്നു. പാസ്റ്റർമാരായ എം. ഓ ഏലിയാസ്, ഷിബു കെ മാത്യു, സി എസ്സ് ഈശോ, കാനം അച്ചൻ, പി.സി എബ്രഹാം എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർ കെ. രാജൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മക്കൾ; അലക്സ്, സാം (അബുദാബി) മരുമക്കൾ ആലിസ്, ബ്ലസ്സി



**കുമ്പഴ;** ഒഴുമണ്ണിൽ ഓ.സി ഗീവർഗ്ഗീസിന്റെ ഭാര്യ സാറാമ്മ ഗീവർഗ്ഗീസ്സ് (78) നിര്യാതയായി ശവസംസ്ക്കാരം പാസ്റ്റർ എം കുഞ്ഞപ്പിയുടെ നേതൃത്വത്തിൽ ഇൻഡ്യാ ദൈവസഭാ പത്തനംതിട്ട ടൗൺ സഭാ സെമിത്തേരിയിൽ നടന്നു.പാസ്റ്റർ കെ. എം ചെറിയൻ ശ്രശ്രുഷകൾക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ പി.ജെ ജെയിംസ്, ജി.അലക്സ് പി.സി ചെറിയാൻ, ഷിബു കെ മാത്യു, കാനം അച്ചൻ, തുടങ്ങിയ അനേക ദൈവദാസന്മാർ ദൈവവചനം ശുശ്രുഷിച്ചു. മക്കൾ; പരേതനായ പാസ്റ്റർ ജോൺസൻ, വിൽസൻ (ഇൻഡോർ), മേഴ്സി, സാംജി (ഫ്ളോറിഡ) മരുമക്കൾ; ആനി, സാറാമ്മ, ജോൺ സാമുവേൽ, ഷാലി.



**കൃഷ്ണപുരം:** കാപ്പിൽ മംഗലശ്ശേരിൽ മത്തായി ജോൺ (തങ്കച്ചൻ–61) നിര്യാതനായി ചർച്ച് ഓഫ് ഗോഡ് കാപ്പിൽ സഭാംഗവും പ്രാരംഭ കാല പ്രവർത്തകനും സഭാ സെക്രട്ടറിയുമായിരുന്നു. ചർച്ച് ഓഫ് ഗോഡ് കായംകുളം ഡിസ്ട്രിക്ട് ട്രഷറർ ആയും പ്രവർത്തിച്ചിട്ടുണ്ട്.ശവസംസ്ക്കാര ശുശ്രൂഷ പാസ്റ്റർ എം കുഞ്ഞപ്പിയുടെ നേതൃത്വത്തിൽ ദൈവ സഭാ സെമിത്തേരിയിൽ നടന്നു.പാസ്റ്റർ കെ.വി ജേക്കബ് ശുശ്രുഷകൾക്ക് നേതൃത്വം നൽകി.പാസ്റ്റർമാരായ സജി ജോർജ്ജ്, ഏ.റ്റി ജോസഫ് തുടങ്ങിയ അനേക ദൈവദാസന്മാർ ദൈവവചനം ശ്രശ്രുഷിച്ചു. ഭാര്യ സുസമ്മ ജോൺ മക്കൾ: സോനുമോൻ, സ്മിത, സീനാ, മരുമക്കൾ: പാസ്റ്റർ അനു, ദീപാ.



**ഏനാത്ത്:** ആനന്ദപ്പള്ളി വട്ടവിളയിൽ പരേതനായ തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് (86) നിര്യാതയായി ശവസംസ്ക്കാരശുശ്രൂഷ സഭാ സെമിത്തേരിയിൽ പാസ്റ്റർ എം കുഞ്ഞപ്പിയുടെ നേതൃത്വത്തിൽ നടന്നു. ഡിസ്ട്രിക്ട് പാസ്റ്റർ എം ജോൺസൺ പാസ്റ്റർ എം.എ തോമസുക്കുട്ടി, പാസ്റ്റർമാരായ സി.എം.ഏബ്രഹാം, ജോർജ്ജ് തോമസ്, വൈ ജോർജ്ജ്ക്കുട്ടി, റെജി മാത്യു എ.റ്റി ജോസഫ്, ഷിബു കെ മാത്യു, ജോസ് ബേബി എന്നിവർ ദൈവവചനം ശ്രശ്രുഷിച്ചു. മക്കൾ: അന്നമ്മ, ശാന്തമ്മ, സാറാമ്മ ( ചീഫ് അഡൈ്വസർ എൽ.ഐ.സി കൊട്ടാരക്കര) മരുമക്കൾ; പുന്നൂസ്, പാസ്റ്റർ സി.കെ തോമസ് (ചർച്ച് ഓഫ് ഗോഡ് നെല്ലിക്കുന്നം), സി.ജി.സാം കുട്ടി (സ്റ്റേറ്റ് ബോർഡ് ട്രഷറർ)



**അയിരൂർ;** ഡബ്ലു. എം. ഇ സീനിയർ ശുശ്രൂഷകനും ജനറൽ കൗൺസിൽ അംഗവും ബൈബിൾ കോളേജ് അദ്ധ്യാപകനും കൺവൻഷൻ പ്രസംഗകനുമായ അയിരൂർ കാരമലയിൽ പാസ്റ്റർ തമ്പി മാത്യു(59) നിത്യതയിൽ.ഡബ്ലു. എം. ഇ ഡിസ്ട്രിക്ട് പാസ്റ്റർ,ഇവാൻഞ്ചലിസം ഡയറക്ടർ, ഇവാൻഞ്ചലിസം മാസിക എഡിറ്റർ എന്നി നിലകളിൽ പ്രവർത്തിച്ചിരുന്നു. റാന്നി, പുനലൂർ, കോട്ടയം,വാഴൂർ, ഇടുക്കി ഡിസ്ട്രിക്ട് പാസ്റ്ററായിരുന്നു. 35 വർഷമായി കേരളത്തിന്റെ വിവിധ ജില്ലകളിൽ സേവനമനുഷ്ടിച്ചിട്ടുണ്ട്. ഭാര്യ അന്നമ്മ പമ്പാവാലി കരിയംപ്ലാവിൽ കുടുംബാംഗമാണ്.മക്കൾ ആലീസ്, അനിൽ മാത്യു (ഡൽഹി) അജിൻ മാത്യു. മരുമക്കൾ. സജു,സിജി,സംസ്കാരം കരിയംപ്ലാവ് ഡബ്ലു. എം. ഇ സെൻട്രൽ സെമിത്തേരിയിൽ നടന്നു.



**എഴുമറ്റൂർ:** ചർച്ച് ഓഫ് ഗോഡ് എഴുമറ്റൂർ ദൈവസഭാംഗവും പഴമ്പള്ളിൽ വർക്കി വർഗീസ് (കൊച്ച് 86) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരശുശ്രൂഷ സഭാസെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നടത്തി. ഡിസ്ട്രിക്ട് പാസ്റ്റർ പി.സി തോമസ്, പാസ്റ്റർ ജെയിംസ് മാത്യു എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ ഷിബു.കെ മാത്യു, കെ.വി. വർഗീസ്, വി.വി വർഗീസ് തുടങ്ങി അനേക കർത്തൃദാസന്മാർ ദൈവവചനം ശുശ്രൂഷിച്ചു. ഭാര്യ ഏലിയാമ്മ, മക്കൾ ജോയി, ബേബിക്കുട്ടി, ശാന്തമ്മ, ലീലാമ്മ. മരുമക്കൾ മോളി, മേരിക്കുട്ടി, കുഞ്ഞുമോൻ, സോമൻ.



**അണ്ടൂർ:** ഐപിസി കർമ്മേൽ സഭാംഗവുമായ പുളിന്താനത്ത് കുഞ്ഞൂഞ്ഞിന്റെ ഭാര്യ തങ്കമ്മ (82) നിത്യതയിൽ പ്രവേശിച്ചു. ശവസംസ്ക്കാരശുശ്രൂഷ സഭാസെമിത്തേരിയിൽ നടത്തി. മക്കൾ പി.കെ ജോർജ്ജുകുട്ടി (സ്റ്റേറ്റ് ബോർഡ് മെമ്പർ ചർച്ച് ഓഫ് ഗോഡ്), പി.കെ അലക്സാണ്ടർ, പി.കെ ചെറിയാച്ചൻ, സൂസമ്മ ജോർജ്, ലിസി ജോൺ. മരുമക്കൾ പ്രസന്ന, ഡെയ്സി, അനു, ജോർജ്ജ്.കെ.ഫിലിപ്പ്, ജോൺ അലക്സാണ്ടർ.

## ഐക്യസുവിശേഷ യോഗങ്ങൾ

**തൃശ്ശൂർ:** പൂമല ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഐക്യ സുവിശേഷ യോഗങ്ങൾ ഏപ്രിൽ 15 മുതൽ 17 വരെ നടക്കും. ബ്രദർ ആർ കൃഷ്ണൻകുട്ടി തിരുവട്ടാർ പ്രസംഗിക്കും.പൂമല റെക്സ്വോയിസ് ഗാനങ്ങൾ ആലപിക്കും ബ്രദർ സൈമൺ ജോഷ്വ ഈ യോഗങ്ങൾക്ക് നേതൃത്വം നൽകും

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446747100
E-mail : ysandhesham@saintly.com

2011 April

# YUGANTHYA SANDHESHAM

REGISTERED
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2010-12
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP-95 / 2010-12

## സഭാ ഹാൾ ഉദ്ഘാടനം



**കോന്നി:** ചർച്ച് ഓഫ് ഗോഡ് എലിമുള്ളുംപ്ലാക്കൽ സഭാ ഹാളിന്റെ ഉത്ഘാടനം സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നിർവ്വഹിക്കുന്നു. സഭാ ശുശ്രൂഷകൻ ജോൺസൺ ഫിലിപ്പ്, ഡിസ്ട്രിക്ട് പാസ്റ്റർ ഇ.എസ് വർഗീസ്, ബ്രദർ കെ.ഏബ്രഹാം, കെ.ജോൺ എന്നിവർ സമീപം.

## ഡിസ്ട്രിക്ട് പാസ്റ്റേഴ്സ് കോൺഫ്രൻസ്



**മുഴക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഡിസ്ട്രിക്റ്റ് പാസ്റ്റേഴ്സ് കോൺഫ്രൻസ് മുളക്കുഴ സീയോൻ കുന്നിൽ വച്ച് നടന്നു. 80 ഓളം ഡിസ്ട്രിക്റ്റുകളിൽ നിന്നുള്ള ശുശ്രൂഷകന്മാർ സംബന്ധിച്ചു. റിട്ടയർ ചെയ്യുന്ന ശുശ്രൂഷകന്മാർക്ക് താമസിക്കുവാൻ വസ്തുവും വീടും ഇല്ലെങ്കിൽ സഭ അത് വച്ച് കൊടുക്കുന്ന പദ്ധതി ഉടൻ ആരംഭിക്കും എന്ന് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി പ്രഖ്യാപിച്ചു.

## കോട്ടയം ഡിസ്ട്രിക്ട് കൺവൻഷൻ



ഡിസ്ട്രിക്ട് പാസ്റ്റർ വി. പി. തോമസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു

**കോട്ടയം:** ഇന്ത്യാ ദൈവസഭാ കോട്ടയം ടൗൺ ഡിസ്ട്രിക്ട് കൺവൻഷൻ തിരുനക്കര മൈതാനത്തു നടന്നു.ഡിസ്ട്രിക്ട് പാസ്റ്റർ വി.പി തോമസ് ഉദ്ഘാടനം ചെയ്തു.പാസ്റ്റർമാരായ എം.കുഞ്ഞപ്പി, പി. സി. ചെറിയാൻ, ഇ.എം. ജോർജ്ജ്, കെ.ജെ തോമസ്, സിസ്റ്റർ അഞ്ചലി പോൾ എന്നിവർ പ്രസംഗിച്ചു. തഞ്ചാവൂർ വില്യംസ്, ബറാഖാ മെലഡീസ് എന്നിവർ ഗാനശുശ്രൂഷ നിർവ്വഹിച്ചു.

## റിവൈവൽ 2011

**ഓർലാൻഡൊ:** ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയൻ സഹോദരി സമാജത്തിന്റെ നേതൃത്വത്തിൽ റിവൈവൽ 2011 ആത്മിക സമ്മേളനം ഏപ്രിൽ 15,16 തീയതികളിൽ ഐ.പി.സി ഓർലാൻഡോ സഭ ഓഡിറ്റോറിയത്തിൽ നടക്കും. യോഗങ്ങളിൽ അറിയപ്പെടുന്ന സുവിശേഷ പ്രസംഗകയും മദേഴ്സ് പ്രയർ എന്ന സംഘടനയുടെ സ്ഥാപകയുമായ സിസ്റ്റർ അന്നമ്മ നൈനാൻ ദൈവവചനം ശുശ്രുഷിക്കും. കേരളത്തിൽ ദീർഘ വർഷങ്ങൾ സർക്കാർ ജോലിയിൽ ആയിരുന്ന അന്നമ്മ നൈനാൻ ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ലേഡിസ് ഡിപ്പാർട്ടമെന്റിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുകയും അമേരിക്ക, ഗൾഫ് രാജ്യങ്ങളിൽ സന്ദർശിക്കുകയും ക്രിസ്തിയ സമ്മേളനങ്ങളിൽ പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. കുടാതെ റവ.ജേക്കബ്ബ് മാത്യു, റവ. മോറിസ് സാംസൺ എന്നിവർ വിവിധ മീറ്റിംഗുകളിൽ സംസാരിക്കും.



**സിസ്റ്റർ അന്നമ്മ നൈനാൻ**

സോദരി സമാജത്തിന്റെ ഭാരവാഹികളായി കൊച്ചുമോൾ ജെയിംസ് (പ്രസിഡന്റ്) മേരി തോമസ് (വൈസ് പ്രസിഡന്റ്) ഡോ: മറിയക്കുട്ടി ഏലിയാച്ചൻ (സെക്രട്ടറി) അമ്മിണി തോമസ് (ജോയിന്റ് സെക്രട്ടറി) ഷെറിൽ വർഗിസ് (ട്രഷർ) എന്നിവർ പ്രവർത്തിക്കുന്നു.

## വരിസംഖ്യ അടയ്ക്കാത്തവർ ക്ഷമിക്കുക

**ഇൻഡ്യയിലും വിദേശ രാജ്യങ്ങളിലും വരിസംഖ്യ അടയ്ക്കാത്ത ആർക്കും അടുത്ത ലക്കം മുതൽ യുഗാന്ത്യ സന്ദേശം അയക്കുന്നതല്ല. വരിസംഖ്യ അടയ്ക്കാത്തവർ ക്ഷമിക്കുക.**
**ഇൻഡ്യയിൽ 100 രൂപ, വിദേശരാജ്യങ്ങളിൽ 1200 രൂപ**

## പെന്തക്കോസ്ത് വിദ്യാർത്ഥിക്ക് ഒന്നാം സ്ഥാനം



**തിരുവല്ല;**സ്പെഷ്യൽ സ്കൂൾ സംസ്ഥാന പ്രവർത്തി പരിചയമേള ക്ലേ മോഡലിങ്ങിൽ ഒന്നാം സ്ഥാനവും ഏ ഗ്രേഡും ബധിരമൂക വിദ്യാർത്ഥിയായ ഷെബിൻ റ്റി. കരസ്ഥമാക്കി. തിരുവല്ല, തുകലശ്ശേരി ബധിര മൂക സി.എസ്.ഐ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസ്സ് വിദ്യാർഥിയായ ഷെബിൻ, കറുകച്ചാൽ ഊന്നുകല്ലിൽ ഇന്ത്യാ ഫുൾ ഗോസ്പൽ അസംബ്ലി ചർച്ച് ശുശ്രൂഷകനായ പാസ്റ്റർ റ്റി.പി തങ്കച്ചന്റെ മകനാണ്.

## പ്രഫ.ടി.സി.കോശിക്ക് ഡോക്ടറേറ്റ് ലഭിച്ചു



**ബാംഗ്ലൂർ:** എച്ച്.എം.ഐ വൈസ് ചെയർമാൻ പ്രഫ. ടി.സി.കോശിക്ക് ബാംഗ്ലൂർ ACTSൽ നിന്നും വേദശാസ്ത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ചു" A Study on the Importance of pre-marital councilling to the Memberd of the Indian Pentecostal Church Of God" വിഷയത്തിൽ 3 വർഷമായി ഗവേഷണം നടത്തി വരികയായിരുന്നു. ഐ.പി.സി. പാമ്പാടി സെന്റർ മിനിസ്റ്റർ, കോട്ടയം സോണൽ പ്രസിഡന്റ് ഐ.പി.സി പ്രെസ്ബിറ്ററി& കൗൺസിൽ അംഗം, ഹെബ്രോൻ ബൈബിൾ കോളേജ് (പി.ജി) ഡീൻ എന്നി നിലകളിൽ പ്രവർത്തിച്ചു വരുന്നു.

## ബെഥെസ്ദാ ബൈബിൾ കോളേജ് ഗ്രാഡുവേഷൻ




ബെഥേസ്ദാ ബൈബിൾ കോളേജിലെ ബിരുദദാനം പ്രസിഡന്റ് റവ.സണ്ണി താഴാംപള്ളം, ഡീൻ ഡോ. ജോളി താഴാംപള്ളം എന്നിവർ ചേർന്ന് നടത്തുന്നു.

**മദ്രാസ്:** ബെഥേസ്ദാ ഇന്റർനാഷണൽ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ തിരുനിന്രപൂരിൽ നടത്തുന്ന ബൈബിൾ കോളെജിന്റെ 10-ാമത് ഗ്രാഡുവേഷൻ പ്രിൻസിപ്പാൾ റവ. തോമസ് ചാക്കോയുടെ അദ്ധ്യക്ഷതയിൽ നടന്നു. സ്ഥാപക പ്രസിഡന്റ് റവ. സണ്ണി താഴാംപള്ളം ബിരുദദാന ശുശ്രൂഷകൾ നിർവ്വഹിച്ചു. D.Th, B.Th എന്നീ കോഴ്സുകളിലായി 30 വിദ്യാർത്ഥികൾ ഗ്രാഡുവേറ്റ് ചെയ്തു. ഡീൻ ഡോ. ജോളി ജോസഫ് വിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു.


ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ്

## മലബാർ സോണൽ കൺവൻഷൻ

### പാലക്കാട് ടൗൺ ഹോളിൽ

2011 ഏപ്രിൽ 13 – 15 വരെ (രാവിലെ 9.30 – 12.30 വരെ ഉച്ചയ്ക്ക് 2 – 4 വരെ പൊതുസമ്മേളനം, വൈകിട്ട് 5.00– 8.30 വരെ രാത്രിയോഗം

ഉദ്ഘാടനം : പാസ്റ്റർ മാത്യു കെ ഫിലിപ്പ് (സോണൽ ഡയറക്ടർ)

പ്രസംഗകർ


പാസ്റ്റർ എം കുഞ്ഞപ്പി


പാസ്റ്റർ മാത്യു കെ ഫിലിപ്പ്


പാസ്റ്റർ പി.സി . ചെറിയാൻ


പാസ്റ്റർ ഷിബു കെ. മാത്യു


പാസ്റ്റർ സ്പർജൻ വിക്ടർ


പാസ്റ്റർ ജേബോയ് റ്റി ഐസക്ക്


സിസ്റ്റർ ഏലിയാമ്മ വർഗീസ്

ഗാനശുശ്രൂഷ
യൂണിവേഴ്സൽ വോയ്സ്
&
തഞ്ചാവൂർ വില്യംസ്

കൂടുതൽ വിവരങ്ങൾക്ക്
9447254506


Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebnezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.